# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

നവംബർ 2020 | വാല്യം 47 ലക്കം 7 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 5.00 രൂപ


## ട്രേഡ് യൂണിയൻ സംയുക്ത സമിതി ആഹ്വാനം ചെയ്തിരിക്കുന്ന അഖിലേന്ത്യാ പൊതുപണിമുടക്ക്

# നവംബർ 26ന് രാജ്യം നിശ്ചലമാകുന്നു

**രാജ്യം വീണ്ടുമൊരു പൊതുപണിമുടക്കിലേക്ക് പ്രവേശിക്കുകയാണ്. കേന്ദ്ര ട്രേഡ് യൂണിയൻ സംയുക്ത സമിതിയുടെ ആഹ്വാന പ്രകാരം ഇതിനോടകം നടന്ന 19 പണിമുടക്കുകളിൽനിന്നും ഈ പണിമുടക്കിനെ വ്യത്യസ്തമാക്കുന്നത് പ്രധാനമായും പണിമുടക്കിനിടയായ സാഹചര്യമാണ്. കോവിഡ് 19 വ്യാപന ഭീഷണിയും നീണ്ട ലോക്ക് ഡൗണും നിരോധനാജ്ഞകളുമെല്ലാംകൊണ്ട് രാജ്യത്തെ 45 കോടിയോളം വരുന്ന അസംഘടിത തൊഴിലാളികൾക്ക് പണിയോ വരുമാനമോ ഇല്ലാതായിട്ട് 8 മാസങ്ങൾ പിന്നിട്ടിരിക്കുന്നു.**




**14** കോടി വരുന്ന കുടിയേറ്റ തൊഴിലാളികൾ ലോക്ഡൗൺ കാലത്ത് നഗരങ്ങളിൽ നിന്നുള്ള തിരിച്ചുപോക്കിൽ നേരിട്ട യാതനകളും ഇപ്പോൾ അവരുടെ ഗ്രാമങ്ങളിൽ നേരിട്ടുകൊണ്ടിരിക്കുന്ന ദാരിദ്ര്യവും ഭരണാധികാരികളെ അലട്ടുന്നേയില്ല. കരാർ–കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കരുതെന്നും, കൂലിനിഷേധമോ വെട്ടിക്കുറവോ വരുത്തരുതെന്നും പറഞ്ഞുകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് മുതലാളിമാർ സുപ്രീം കോടതിയിൽ കേസ്സുമായി വന്നപ്പോൾ, സർക്കാർ മുതലാളിമാരോടൊപ്പം നിൽക്കുന്ന വഞ്ചന നമ്മൾ കണ്ടതാണ്. പ്രഖ്യാപിക്കപ്പെട്ട സഹായങ്ങളുടെയും പാക്കേജുകളുടെയും കാര്യത്തിലും ഇതേ കൗശലം തന്നെ കാണാൻ കഴിയും.

രാജ്യത്തെ 20–30 പ്രായപരിധിയിലുള്ള യുവാക്കൾക്കിടയിൽ 2.7 കോടി പേർക്ക് ലോക്ക്ഡൗൺ മൂലം തൊഴിൽ നഷ്ടപ്പെട്ടുവെന്ന് സെന്റർ ഫോർ ഇന്ത്യൻ എക്കണോമിയുടെ കണക്കുകൾ പറയുന്നു. 30 വയസ്സുള്ള സ്ത്രീകൾക്കിടയിൽ ഏപ്രിൽ മാസത്തിൽ മാത്രം 3.3 കോടി തൊഴിൽ നഷ്ടമുണ്ടായി. ജി.ഡി.പി യുടെ 60% ഓളം ഒരു കാലത്ത് സംഭാവന ചെയ്തിരുന്ന കാർഷിക മേഖലയുടെ ഇപ്പോഴത്തെ വിഹിതം 15 ശതമാനമാണ്.

രാജ്യത്തെ മൊത്തം തൊഴിൽശക്തിയുടെ 93% വരുന്ന അസംഘടിത തൊഴിൽമേഖല ഇപ്രകാരം അരക്ഷിതാവസ്ഥയെ നേരിടുമ്പോൾ, സംഘടിത മേഖലയും ഒട്ടും സുരക്ഷിതമായല്ല മുന്നോട്ട് പോകുന്നത്. രാജ്യത്തെ കോർ സെക്ടറുകളായ കൽക്കരി, ഓയിൽ ആന്റ് ഗ്യാസ്, റിഫൈനറി, ഫെർട്ടിലൈസേഴ്സ്, സ്റ്റീൽ, സിമന്റ്, ഇലക്ട്രിസിറ്റി എന്നിവയിലെ തൊഴിൽ സാഹചര്യവും കടുത്ത ഭീഷണി നിറഞ്ഞതാണ്. സർക്കാർ നേരിട്ട് നടത്തുന്ന റെയിൽവെ, വ്യോമയാനം, തുറമുഖം, ബാങ്ക്, എൽ.ഐ.സി, ആയുധ നിർമ്മാണം തുടങ്ങിയ മേഖലകളിലും രൂക്ഷമായ തൊഴിൽ പ്രശ്നങ്ങൾ നേരിടുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെയും സർക്കാർ വകുപ്പുകളുടെയും ഓഹരി വില്പന എന്നപേരിൽ തുടങ്ങിയ പദ്ധതി, ഇവയെ പൂർണ്ണമായും വിദേശ–സ്വദേശ കോർപ്പറേറ്റുകളുടെ ഉടമസ്ഥതയിലേക്ക് കൈ മാറുന്ന സ്ഥിതിയിൽ എത്തിച്ചിരിക്കുന്നു. രാജ്യത്തിന്റെ പൊതുസ്വത്ത് അന്യാധീനപ്പെടുന്നുവെന്ന് മാത്രമല്ല, ഈ മേഖലയിലെ തൊഴിലാളികളുടെയും ജീവനക്കാരുടെയും അവകാശങ്ങൾ കവർന്നെടുക്കുകയും ജീവിതപ്രതിസന്ധി സൃഷ്ടിക്കുകയുംകൂടി ചെയ്തിരിക്കുന്നു. എവ്വിധവും പരമാവധി ലാഭം വർദ്ധിപ്പിക്കുകയെന്ന ആർത്തിയിൽ കോർപ്പറേറ്റുകൾ തൊഴിൽ ശക്തിയുടെ എണ്ണം അടിക്കടി കുറച്ചുകൊണ്ടുവരുന്നു. ഇതിന്റെ ഭാഗമായി നിലവിലുള്ള തൊഴിലാളികളെപ്പോലും പല തരത്തിൽ പുറംതള്ളുകയാണ്. സർക്കാർ ജീവനക്കാരുടെമേൽ വിരമിക്കൽ പ്രായത്തിനു മുമ്പുതന്നെ നിർബ്ബന്ധിത വിരമിക്കൽ അടിച്ചേൽപ്പിക്കുന്നതിനെയും ഇതോടൊപ്പം കാണണം.

രാജ്യത്തിന്റെ ജിഡിപി നിരക്ക് 23.9% ആയി ചുരുങ്ങിയിരിക്കുന്നുവെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. തൊഴിൽ നഷ്ടം, തൊഴിലില്ലായ്മ, വിലക്കയറ്റം ഇവയെല്ലാം മൂർധന്യാവസ്ഥയിലാണ്. ഇവയൊന്നും കോവിഡ് 19 മായി ബന്ധപ്പെട്ട് ഉണ്ടായതല്ല എന്ന് ഇപ്പോൾ ഏവർക്കുമറിയാം.

*(ശേഷം 2–ാം പേജിൽ)*

## കേരള പൊലീസ് ആക്ട് ഭേദഗതി

# ജനാധിപത്യ ധ്വംസനത്തിന്റെ പുതിയ രൂപം

“നമ്മുടെ രാജ്യത്ത് പത്രസ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് പ്രത്യേകനിയമമില്ലെന്ന് നമുക്കറിയാം. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1) ന്റെ വ്യാഖ്യാനമാണ് അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നത്. മാധ്യമങ്ങൾ ഈ സ്വാതന്ത്ര്യമാണ് അനുഭവിക്കുന്നത്. എന്തുകൊണ്ടാണ് ഈ സ്വാതന്ത്ര്യം നവമാധ്യമങ്ങൾക്ക് നിഷേധിക്കപ്പെടുന്നത്?” 2012–ൽ അഭിപ്രായസ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്നതിനായി പ്രമേയം അവതരിപ്പിച്ചുകൊണ്ട്, അന്ന് രാജ്യസഭ എംപിയും ഇപ്പോൾ ദേശാഭിമാനി എഡിറ്ററും സിപിഐ(എം)ന്റെ സംസ്ഥാനനേതാവുമായ പി. രാജീവ്, പാർലമെന്റിൽ നടത്തിയ പ്രസംഗത്തിൽ നിന്നെടുത്ത വാക്കുകളാണിത്. സമൂഹമാധ്യമങ്ങളിലൂടെ അഭിപ്രായം പ്രകടിപ്പിച്ചതിന്റെ പേരിലും, അതിനെ ലൈക്കോ ഷെയറോ ചെയ്തതിന്റെ പേരിലും, രാജ്യത്തിന്റെ പല ഭാഗത്തും നിരവധി പേരെ അറസ്റ്റു ചെയ്തതിന്റെ പശ്ചാത്തലത്തിലായിരുന്നു അദ്ദേഹം പാർലമെന്റിൽ പ്രമേയം അവതരിപ്പിച്ചത്. ഇതേ ആർട്ടിക്കിൾ 19(1) ഉറപ്പു നൽകുന്ന അഭിപ്രായസ്വാതന്ത്ര്യം എന്ന മൗലികാവകാശത്തെയും, ജനാധിപത്യത്തിൽ എതിർസ്വരം ഉന്നയിക്കുവാനുള്ള അവകാശത്തിന്റെ പവിത്രതയെയും ഉയർത്തിപ്പിടിച്ചു കൊണ്ടാണ് 2015ൽ ശ്രേയ സിംഗാൾ കേസിൽ ജഡ്ജിമാരായ ചെലമേശ്വറും റോഹിങ്ടൺ നരിമാനും അടങ്ങിയ സുപ്രീം കോടതി ബഞ്ച്, ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വിവാദമായ 66(എ) വകുപ്പ് റദ്ദാക്കിയത്. അഭിപ്രായസ്വാതന്ത്ര്യത്തിനും മാധ്യമസ്വാതന്ത്ര്യത്തിനും എതിരെ പ്രയോഗിക്കപ്പെടുന്ന രാജ്യദ്രോഹം, ക്രിമിനൽ മാനനഷ്ടം തുടങ്ങിയ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പുകൾ തന്നെ റദ്ദു ചെയ്യുമെന്ന്, 2019ലെ പൊതുതെരഞ്ഞെടുപ്പിൽ സിപിഐ(എം) പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരുന്നു.

എന്നാൽ ഇതേ സിപിഐ(എം) നേതൃത്വം നൽകുന്ന കേരളത്തിലെ എൽഡിഎഫ് സർക്കാർ, ഇപ്പോൾ കേരളപൊലീസ് ആക്ടിൽ 118(എ) എന്ന പുതിയ വകുപ്പു കൂട്ടിച്ചേർക്കുവാനുള്ള ഭേദഗതി ഓർഡിനൻസ് രൂപത്തിൽ കൊണ്ടുവരികയാണ്. സിപിഐ(എം)ന്റെ മുകളിൽ സൂചിപ്പിച്ച പ്രഖ്യാപിതനയത്തിനു വിരുദ്ധമായി, സുപ്രീം കോടതി നേരത്തേ റദ്ദാക്കിയ കേരള പൊലീസ് ആക്ട് 118(ഡി) എന്ന കരിനിയമത്തെ, കൂടുതൽ ഭീഷണമായ പുതിയ രൂപത്തിൽ പുനരവതരിപ്പിക്കുകയാണ് ഈ ഓർഡിനൻസിലൂടെ. സമൂഹമാധ്യമങ്ങളിലൂടെ സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ വർധിക്കുന്നത് തടയാനാണ് ധൃതി പിടിച്ചുള്ള ഈ നിയമനിർമ്മാണം എന്ന് സർക്കാർ പറയുന്നു. നേരത്തേയുണ്ടായിരുന്ന വകുപ്പുകൾ സുപ്രീം കോടതി റദ്ദാക്കിയതിനാൽ ഇത്തരം കേസുകളിൽ മതിയായ ഇടപെടൽ നടത്താൻ പൊലീസിനാകുന്നില്ല എന്ന് സർക്കാർ വാദിക്കുന്നു. ഇതിനായി കേന്ദ്ര സർക്കാർ നിയമനിർമ്മാണം നടത്താൻ തയ്യാറാകാത്തതിനാൽ ഇങ്ങനെയൊരു നിയമം നിർമ്മിക്കാൻ സംസ്ഥാനം നിർബന്ധിതമായി എന്നും അവർ വിശദീകരിക്കുന്നു. നമോ ടിവി എന്ന ഓൺലൈൻ ചാനൽ നടത്തിയ വിദ്വേഷപ്രചരണത്തിന്റെ പേരിലുള്ള കേസിൽ, (ശ്രീജ പ്രസാദ് സ്റ്റേറ്റ് ഓഫ് കേരള) കുറ്റാരോപിതനു ജാമ്യം നൽകി 2020 മേയിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, സമൂഹമാധ്യമ

*(ശേഷം 6–ാം പേജിൽ)*


**പേജ് 5** യുപിയിലെ വൈദ്യുതി തൊഴിലാളികളുടെ സമരവിജയം

**പേജ് 8** ഐതിഹാസികമായ നവംബർ വിപ്ലവ വാർഷികം

**പേജ് 10** റെയിൽവെ സ്വകാര്യവൽകരണത്തെ ചെറുക്കുക

**പേജ് 12** അഭിപ്രായ സ്വാതന്ത്ര്യവും കോടതി വിധികളും

# ലേബർ കോഡുകൾ തൊഴിലാളികളുടെ അവകാശങ്ങൾ സമ്പൂർണ്ണമായും കവർന്നെടുക്കുന്നു

(1-ാം പേജിൽ നിന്ന്)

രാജ്യത്തിന്റെസാമ്പത്തികസ്ഥിതി കോവിഡിനു മുമ്പുതന്നെ ഈ ദിശയിലാണ് നീങ്ങിയിരുന്നത്.

ഇത്തരം തീഷ്ണമായ ഒരു സാഹചര്യത്തിലാണ് ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തെ മാരകമായി ബാധിക്കുന്ന 3 ലേബർ കോഡുകൾ 2020 സെപ്റ്റംബർ 22, 23 തീയതികളിലായി പാർലമെന്റിന്റെ ഇരുസഭകളിലും അവതരിപ്പിച്ചെന്ന് വരുത്തിതീർത്ത് മോദി സർക്കാർ പാസ്സാക്കിയെടുത്തത്. അതിനു തൊട്ടുമുമ്പാണ് ഇന്ത്യൻ ജനതയുടെ 70% വരുന്ന, ഇതിനകംതന്നെ ദുസ്ഥിതിയിലാണ്ട കർഷകരുടെ ജീവിതം വീണ്ടും തകർത്ത് തരിപ്പണമാക്കുന്ന 3 കാർഷിക നിയമങ്ങൾ ജനാധിപത്യമര്യാദകൾ കാറ്റിൽ പറത്തിക്കൊണ്ട് പാർലമെന്റിൽ മോദി സർക്കാർ പാസ്സാക്കിയത്. രാജ്യത്തിന്റെ നിലനിൽപ്പിന് അടിസ്ഥാനമായ തൊഴിലാളികളുടെയും കർഷകരുടെയും ജീവിതത്തിന്റെ അസ്ഥിവാരംതന്നെ തോണ്ടുന്ന ഈ തൊഴിൽ കോഡുകളും കാർഷിക നിയമങ്ങളും കോവിഡിന്റെ പേരിൽ പ്രഖ്യാപിക്കപ്പെട്ട നിരോധനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സർക്കാർ ഒറ്റയടിക്ക് പാസ്സാക്കിയെടുത്തത്. ഒരു സർക്കാറിന്റെ ഏറ്റവും നികൃഷ്ടമായ മുഖമാണ് ഇതിലൂടെ തെളിയുന്നത്. ജനങ്ങൾ അഭൂതപൂർവ്വമാംവിധം ഒരു മഹാമാരിയെ നേരിടാൻ കഷ്ടപ്പെടുമ്പോൾ, മരണത്തിനും ദാരിദ്ര്യത്തിനുമിടയിൽ നിരാലംബരായി ഇരിക്കുമ്പോൾ, അവരുടെമേൽ ഇത്തരമൊരു പ്രഹരം നടത്തുന്ന സർക്കാരിനെ എന്തു വാക്കുകൾകൊണ്ട് വിശേഷിപ്പിക്കാനാകും?

എന്നിട്ടും ജനങ്ങൾ തെരുവിലിറങ്ങി. കർഷകർ പതിനായിരങ്ങളായി പഞ്ചാബിലും, ഹരിയാനയിലും ഡൽഹിയിലും ഒക്കെ തെരുവിലിറങ്ങി കാർഷിക നിയമത്തിനെതിരെ പ്രതിഷേധിക്കാൻ തയ്യാറായി. 150 ഓളം കർഷക സംഘടനകൾ ചേർന്ന് രൂപീകരിച്ച ആൾ ഇന്ത്യ കിസാൻ സംഘർഷ് കോ ഓർഡിനേഷൻ കമ്മിറ്റി ആഹ്വാനം ചെയ്ത ഭാരത് ഗ്രാമീൺ ബന്ദിന്റെ വിജയം കർഷകരുടെ രോഷത്തിന്റെ പ്രതിഫലനമാണ്. ഭക്ഷ്യ സുരക്ഷയും പൊതുവിതരണ സമ്പ്രദായവും തകർക്കുന്ന ഈ നിയമങ്ങൾ കോർപ്പറേറ്റ് ഭീമൻമാർക്ക് ഇന്ത്യയുടെ കാർഷിക ഉല്പാദന-വിപണന രംഗം പാടെ കൈയടക്കാൻ മാത്രമുള്ളതാണ്. കർഷകരെ കോർപ്പറേറ്റുകളുടെ ദയാദാക്ഷിണ്യത്തിന് കേഴുന്നവരാക്കി മാറ്റാനുള്ളതാണ്. കർഷകർക്ക് നിലവിലുണ്ടായിരുന്ന വിപണന സൗകര്യങ്ങളും മിനിമം താങ്ങുവിലയും ഇല്ലാതാക്കി കോർപ്പറേറ്റുകളുടെ കരാർ കൃഷി പോലുള്ള ഉല്പാദന-വിപണന വലയിൽ അവരെ കുരുക്കുകയാണ്. അതുകൊണ്ടാണ് കർഷകർ കോവിഡ് വ്യാപന ഭീതിയിലും തെരുവിലിറങ്ങി പോരാടിയത്. നവംബർ 26 ന്റെ പൊതു പണിമുടക്കിൽ കർഷകർ ഒന്നടങ്കം തൊഴിലാളികൾക്കൊപ്പം പങ്കുകൊള്ളുകയാണ്. നവംബർ 26, 27 തീയതികളിൽ കർഷകരുടെ തനതായ പ്രക്ഷോഭണവും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

## തൊഴിലാളികളുടെ താൽപര്യങ്ങൾ ഹനിക്കുന്ന ലേബർ കോഡുകൾ

പാർലമെന്റിൽ പ്രതി പക്ഷത്തിന്റെ അഭാവത്തിൽ പാസ്സാക്കിയെടുത്ത 3 ലേബർ കോഡുകൾ, നേരത്തെ പാസ്സാക്കിയ കോഡ് ഓൺ വേജസ് 2019 ന്റെ തുടർച്ചയാണ്. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020, ദ ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ് 2020, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2020 എന്നീ മൂന്ന് കോഡുകളാണ് ഇപ്പോൾ പാസ്സാക്കിയത്. ഈ നാല് തൊഴിൽ കോഡുകൾ ബ്രിട്ടീഷ് അധീന കാലം മുതൽ രാജ്യത്തെ തൊഴിലാളിവർഗ്ഗം നടത്തിയ വീറുറ്റ പോരാട്ടങ്ങളിലൂടെ സ്ഥാപിച്ചെടുത്ത തൊഴിലവകാശങ്ങൾ ഉൾപ്പെടുന്ന 44 കേന്ദ്ര തൊഴിൽ നിയമങ്ങൾ ഒറ്റയടിക്ക് റദ്ദ് ചെയ്ത് കൊണ്ടുവന്നവയാണ്. ഈ കേന്ദ്ര നിയമങ്ങളെ ക്രോഡീകരിക്കുകയും ലളിതവൽക്കരിക്കുകയുമാണ് ചെയ്തതെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഈ കോഡുകൾ, തൊഴിലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങളെ ഹനിക്കുന്ന നിരവധി പുതിയ വ്യവസ്ഥകളുള്ളതും, 44 നിയമങ്ങളിലെ തൊഴിലാളി താൽപ്പര്യം സംരക്ഷിക്കുന്ന അനേകം വ്യവസ്ഥകൾ ഒഴിവാക്കപ്പെട്ടതുമാണ്. 411 ക്ലോസ്സുകളും 13 ഷെഡ്യൂളുകളും അടങ്ങുന്ന 3 കോഡുകൾ 2019 ൽ പാസ്സാക്കിയ വേതന കോഡിൽ ചെയ്തതുപോലെ പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിടാൻപോലും സർക്കാർ തയ്യാറായില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ്സ് എന്ന ഐ.എം.എഫിന്റെയും ലോക ബാങ്കിന്റെയും ഇഷ്ടവാഴ്ത്താരിയെ അടിസ്ഥാനമാക്കിയാണത്രെ ഈ കോഡുവൽക്കരണം. തൊഴിലാളികളെ ഇഷ്ടമുള്ളപ്പോൾ തൊഴിലിന് വെക്കാനും ഇഷ്ടമുള്ളപ്പോൾ പറഞ്ഞുവിടാനും (ഹയർ ആന്റ് ഫയർ) സർവ്വാധികാരവും നിയമപരമായിത്തന്നെ തൊഴിലുടമകൾക്ക് നൽകുന്നതാണ് ഈ കോഡുകൾ.

പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936, മിനിമം വേജസ് ആക്ട് 1948, പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965, ഈക്വൽ റമുണറേഷൻ 1976 എന്നീ കേന്ദ്ര നിയമങ്ങൾ അസാധുവാക്കിക്കൊണ്ടാണ് കോഡ് ഓൺ വേജസ് 2019 നിലവിൽ വന്നത്. 15-ാം ലേബർ കോൺഗ്രസ്സ് 1957 ൽ അംഗീകരിച്ച മിനിമം വേതനം സംബന്ധിച്ച ശാസ്ത്രീയ മാനദണ്ഡങ്ങൾ പോലും പുതിയ വേജ് കോഡ് തള്ളിക്കളഞ്ഞിരിക്കുകയാണ്. തൊഴിൽ സേനയുടെ 93%വും അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ഇന്ത്യയിൽ മിനിമം വേതനം ഉയർത്തണമെന്ന ആവശ്യത്തെപ്പോലും ഈ കോഡ് അംഗീകരിച്ചിട്ടില്ല. ഫ്ളോർ തല മിനിമം വേതനം കേന്ദ്ര സർക്കാർ തീരുമാനിക്കുമെന്നാണ് കോഡിൽ പറയുന്നത്. സംസ്ഥാനങ്ങൾക്ക് ഇതിൽ കുറവ് വരുത്താൻ പാടില്ലെന്നും പറയുന്നുണ്ട്. എന്നാൽ, 2019 ൽ പ്രതിദിന മിനിമം വേതനം 178 രൂപയായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചത് നമ്മൾ കണ്ടതാണ്. തൊഴിൽ മന്ത്രാലയം ഇതേപ്പറ്റി നിശ്ചയിച്ച പുനഃപരിശോധനാ കമ്മിറ്റി 375 രൂപ മിനിമം വേതനം നിർദ്ദേശിച്ചപ്പോൾ അതംഗീകരിക്കാൻ സർക്കാർ തയ്യാറാകാത്തതും നമ്മൾ കണ്ടു.

**നവംബർ 26**
**അഖിലേന്ത്യാ പൊതുപണിമുടക്ക്**
**വിജയിപ്പിക്കുക**

തൊഴിൽ സമയം 8 മണിക്കൂറിൽനിന്നും 12 മണിക്കൂർ വരെ നീട്ടാൻ സർക്കാറിനും തൊഴിലുടമയ്ക്കും അധികാരം നൽകുന്ന വ്യവസ്ഥയും ഈ കോഡിൽ ഉണ്ടെന്നത്, കോഡുവൽക്കരണത്തിന്റെ ഉദ്ദേശ്യം പകൽ പോലെ വ്യക്തമാക്കുന്നുണ്ട്.

വ്യവസായ ബന്ധ കോഡ് 2020 ഫലത്തിൽ, 1926 ലെ ട്രേഡ് യൂണിയൻസ് ആക്ട് 1946 ലെ ഇൻഡസ്ട്രിയൽ എംപ്ലോയ്മെന്റ് സ്റ്റാന്റിംഗ് ഓർഡർ ആക്ട്, 1947 ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് എന്നിവ തൊഴിലാളികൾക്ക് നൽകിയിരുന്ന തൊഴിലവകാശങ്ങളും സംരക്ഷണങ്ങളും അട്ടിമറിക്കുന്ന ഒന്നാണ്. ട്രേഡ് യൂണിയൻ പ്രവർത്തനം തന്നെ അസാദ്ധ്യമാക്കുന്നതും, സമരം ചെയ്യാനുള്ള അവകാശം നിഷേധിക്കുന്നതുമാണ് ഈ കോഡ്. 60 ദിവസം മുമ്പ് നോട്ടീസ് നൽകിക്കൊണ്ട് മാത്രമേ നിയമപരമായ പണിമുടക്ക് സാദ്ധ്യമാകൂ. അനുരഞ്ജന നടപടിൽ ഇരിക്കവെയോ, അനുരഞ്ജനം കഴിഞ്ഞ് 7 ദിവസം വരെയോ പണിമുടക്കാൻ പാടില്ല. ട്രൈബ്യൂണലുകൾ വഴിയാണെങ്കിൽ 60 ദിവസം കഴിയും വരെയും പണിമുടക്കാൻ പാടില്ലെന്നും കോഡിൽ പറയുന്നുണ്ട്. ചുരുക്കത്തിൽ, ഒരു അനുരഞ്ജന ചർച്ച തുടങ്ങി വച്ചാൽ എത്ര കാലത്തേക്ക് വേണമെങ്കിലും സമരങ്ങൾ ഒഴിവാക്കാൻ മാനേജ്മെന്റിന് കഴിയും.

സ്ഥിര സ്വഭാവമുള്ള തൊഴിലിൽപോലും നിശ്ചിത കാല ജോലിക്കാരെ (ഫിക്സ്ഡ് ടേം എംപ്ലോയീസ്) ഏർപ്പെടുത്താൻ തൊഴിലുടമയ്ക്ക് നിയമപരമായിത്തന്നെയുള്ള അധികാരം ഈ നിയമത്തിലൂടെ ലഭിക്കുകയാണ്. ഇതിലൂടെ വിവിധ തൊഴിൽ അവകാശങ്ങളും ആനുകൂല്യങ്ങളും ലഭിക്കുന്ന സ്ഥിരം തൊഴിൽ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുവാനും ഹയർ ആന്റ് ഫയർ സമ്പ്രദായം വ്യാപകമാക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്.

**രാജ്യത്തെ മൊത്തം തൊഴിൽശക്തിയുടെ 93% വരുന്ന അസംഘടിത തൊഴിൽമേഖലപോലെ തന്നെ സംഘടിത മേഖലയും ഒട്ടും സുരക്ഷിതമായല്ല മുന്നോട്ട് പോകുന്നത്. കോർ സെക്ടറുകളായ കൽക്കരി, ഓയിൽ ആന്റ് ഗ്യാസ്, റിഫൈനറി, ഫെർട്ടിലൈസേഴ്സ്, സ്റ്റീൽ, സിമന്റ്, ഇലക്ട്രിസിറ്റി എന്നിവയിലെ തൊഴിൽ സാഹചര്യവും കടുത്ത ഭീഷണി നിറഞ്ഞതാണ്.**

ട്രേഡ് യൂണിയൻ രൂപീകരിക്കുന്നതിനും പ്രവർത്തനം നടത്തുന്നതിനും നിരവധി വിലക്കുകൾ ഈ കോഡ് ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു സ്ഥാപനത്തിലെ 51% തൊഴിലാളികളുടെ പിന്തുണ ഉറപ്പു വരുത്തുന്ന ട്രേഡ് യൂണിയനു മാത്രമേ തൊഴിലാളികളുടെ ഏജൻസിയായി പ്രവർത്തിക്കാൻ അവകാശമുള്ളൂ. കൂട്ട കാഷ്വൽ അവധി എടുക്കുന്നതിൽ നിന്നും തൊഴിലാളികളെ വിലക്കുന്ന വ്യവസ്ഥയിലൂടെ സമരങ്ങളെ ഇല്ലാതാക്കാനും ശ്രമിക്കുന്നു. പണിമുടക്കിനേയോ സമരത്തേയോ സഹായിക്കുന്നവർക്കുമേൽ പിഴ ചുമത്താനും, നിയമ വിരുദ്ധമെന്ന് സർക്കാർ പ്രഖ്യാപിക്കുന്ന പണിമുടക്കുകൾക്ക് സാമ്പത്തിക സഹായം നൽകുന്നവർക്കു പോലും ജയിൽ ശിക്ഷ നൽകാനും പിഴ ചുമത്താനും ഈ കോഡിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു.

പൊതുതാൽപര്യത്തിന്റെ പേരു പറഞ്ഞ് ഒരു വ്യവസായസ്ഥാപനത്തെ നിയമ പരിധിയിൽ നിന്നും ഒഴിവാക്കാൻ സർക്കാരിന് അധികാരം നൽകുക, ആശുപത്രികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, മത സംഘടനകളും മറ്റും നടത്തുന്ന സ്ഥാപനങ്ങൾ എന്നിവയെ വ്യവസായ സ്ഥാപനങ്ങളുടെ പരിധിയിൽനിന്നും ഒഴിവാക്കുക, ലേബർ ഇൻസ്പെക്ടർമാരുടെ തസ്തിക ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർ എന്നാക്കി മാറ്റുക, ഒരു വർഷമായിരുന്ന അപ്രന്റീസ്ഷിപ്പ് കാലാവധി തൊഴിലുടമയ്ക്ക് എത്ര കാലത്തേക്കു വേണമെങ്കിലും നീട്ടാവുന്നതാക്കി മാറ്റുക, വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് നിലവിലുണ്ടായിരുന്ന വേജ് ബോർഡ് അടക്കമുള്ള അവകാശങ്ങളും നിയമങ്ങളും എടുത്തുകളഞ്ഞുകൊണ്ട് അവരെ വർക്കർ കാറ്റഗറിയിലാക്കുക, തൊഴിലിടങ്ങളിലെ അപകടങ്ങൾക്ക് തൊഴിലാളിക്ക് നഷ്ടപരിഹാരം നല്കുന്നതിൽനിന്നും തൊഴിലുടമയെ ഒഴിവാക്കുക തുടങ്ങിയ ദൂരവ്യാപകമായ രീതിയിൽ തൊഴിലാളി വർഗ്ഗ താല്പര്യം ഹനിക്കുന്ന വ്യവസ്ഥകൾ ഈ കോഡിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ഒക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്, ഫാക്ടറീസ് ആക്ട് 1948, മൈൻസ് ആക്ട് 1951, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് 1996, പ്ലാന്റേഷൻസ് ലേബർ ആക്ട് 1951, കോൺട്രാക്ട് ലേബർ (റഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട് 1970, മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 തുടങ്ങിയ 14 കേന്ദ്ര നിയമങ്ങൾക്ക് പകരം കൊണ്ടുവന്നതാണ്. സ്ത്രീകളെക്കൊണ്ട് ഏത് തൊഴിൽ സ്ഥാപനങ്ങളിലും എല്ലാത്തരം ജോലിയിലും വൈകുന്നേരം 7 മണിമുതൽ രാവിലെ 6 മണി വരെ ജോലി ചെയ്യിപ്പിക്കുന്നതിന് നിയമപരമായി തൊഴിലുടമയ്ക്ക് ഈ കോഡിൽ അവകാശം നൽകുന്നുണ്ട്.

സാമൂഹ്യ സുരക്ഷാ കോഡ് (സോഷ്യൽ സെക്യൂരിറ്റി കോഡ് 2020), ഇ.പി.എഫ് ആന്റ് എം.പി ആക്ട് 1952, ഇ.എസ്.ഐ.സി ആക്ട് 1948, മെറ്റേണിറ്റി ബനിഫിറ്റ് ആക്റ്റ് 1961, പേമെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972, എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് 1923 തുടങ്ങിയ 9 കേന്ദ്ര തൊഴിൽ നിയമങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഉള്ളതത്രെ. തൊഴിലാളി ക്ഷേമ പദ്ധതികളിലേക്ക് പുതിയ ചില തൊഴിൽ വിഭാഗങ്ങളെ കൂടി ഇതിൽ ചേർത്തിട്ടുണ്ട്. ഗിഗ് വർക്കേഴ്സ്, പ്ലാറ്റ് ഫോം വരി

(ശേഷം 3-ാം പേജിൽ)

# ബിജെപിയുടെ നയങ്ങളത്രയും കുത്തകതാൽപര്യം മുൻനിർത്തിയുള്ളതാണ്

(2-ാം പേജിൽ നിന്ന്)

ക്കേഴ്സ് എന്ന പേരിലെല്ലാം അറിയപ്പെടുന്ന തൊഴിലാളികൾക്കുവേണ്ടി സോഷ്യൽ സെക്യൂരിറ്റി ഫണ്ട് സ്വരൂപിക്കണമെന്ന് ഇതിൽ പറയുന്നുണ്ട്. ഓൺലൈൻ പ്ലാറ്റ് ഫോമുകൾ ഉപയോഗിച്ച് സാധനങ്ങളും സർവ്വീസ്സുകളും പ്രദാനം ചെയ്യുന്ന ജോലിയിലേർപ്പെട്ട ഇത്തരം തൊഴിലാളികളുടെ എണ്ണം ആഗോളതലത്തിൽതന്നെ നാൾക്കുനാൾ പെരുകുകയാണ്. ഇന്ത്യയിൽ ഇത്തരം തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 1.5 കോടി വരുമെന്നാണ് അസ്സോച്ചം റിപ്പോർട്ടിൽ പറയുന്നത്.

രാജ്യത്തെ തൊഴിലാളിവർഗ്ഗം തലമുറകളായി ഇഞ്ചോടിഞ്ച് പൊരുതി സ്ഥാപിച്ച തൊഴിലവകാശങ്ങളും നിയമ പരിരക്ഷയും ബി.ജെ.പി യുടെ മോദി സർക്കാർ തികച്ചും നിസ്സാരമായി, പാർലമെന്റിൽ ഗൗരവമായ ഒരു ചർച്ചയ്ക്ക് പോലും ഇട നൽകാതെ അട്ടിമറിച്ചുകൊണ്ട് ലേബർ കോഡുകളാക്കി മാറ്റിയത് കോർപ്പറേറ്റുകളുടെ വർഗ്ഗ താൽപ്പര്യം മാത്രം പരിഗണിച്ചുള്ളതാണെന്ന് പ്രത്യക്ഷത്തിൽതന്നെ കാണാവുന്നതാണ്.

### പൊതുമേഖലയുടെ സ്വകാര്യവത്കരണം

ഈ പണിമുടക്കിനാധാരമായ മറ്റൊരു കാര്യം, പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഗവർണ്മെന്റ് ഡിപ്പാർട്ട്മെന്റുകളുടെയും സ്വകാര്യവൽക്കരണമാണ്. ജനങ്ങളുടെ പൊതു സ്വത്തായ, തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ട് കെട്ടിപ്പടുത്ത, ഇന്ത്യൻ റെയിൽവെ, ബി.പി.സി.എൽ, വൈദ്യുതി മേഖല, കൽക്കരി ഖനനം, എയർ ലൈൻസ്, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ആയുധ നിർമ്മാണ രംഗം, ബഹിരാകാശ ഗവേഷണ മേഖല, ബാങ്ക്, ഇൻഷൂറൻസ് തുടങ്ങിയവയെല്ലാം സ്വകാര്യകുത്തകകളുടെ കൈകളിൽ എത്തിക്കുന്ന നടപടി മോദി സർക്കാർ അതിവേഗമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ അടിസ്ഥാന മേഖലകളിൽ ജോലിചെയ്യുന്നവരുടെ അവകാശങ്ങളും താൽപ്പര്യങ്ങളും ഹനിക്കപ്പെടുമെന്ന് മാത്രമല്ല, രാജ്യത്തെ അഭ്യസ്തവിദ്യരായ കോടിക്കണക്കിന് യുവാക്കളുടെ തൊഴിൽ സ്വപ്നത്തെ തകർക്കുകയും ചെയ്യുകയാണ്. ഒരു രാഷ്ട്രമെന്ന നിലയിൽ സ്വരുക്കൂട്ടിയ ഭൗതിക സ്വത്തുക്കളത്രയും ഏതാനും കുത്തകകൾക്ക് തീറെഴുതി കൊടുക്കാൻ പാർലമെന്റിലെ ഭൂരിപക്ഷംകൊണ്ട് മാത്രം ഒരു സർക്കാരിന് അധികാരമുണ്ടോ? പ്രധാനമന്ത്രിയുടെ ആത്മ നിർഭർ ഭാരത് പദ്ധതിയുടെ പൊള്ളത്തരം മനസ്സിലാക്കാൻ ഇതൊന്നുതന്നെ ധാരാളം മതിയാകും.

വൈദ്യുതി (ഭേദഗതി) ബിൽ 2020 പാർലമെന്റിൽ പോലും വെക്കാതെയാണ് സർക്കാർ നടപ്പിലാക്കുന്നത്. പല സംസ്ഥാനങ്ങളും ഈ ബില്ലിനെ ശക്തമായി എതിർത്തിട്ടും വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കാനുള്ള വെപ്രാളത്തിലാണ് സർക്കാർ. നിലവിലുള്ള വൈദ്യുതി ജീവനക്കാരുടെ ഭാവി പുത്തൻ ഫ്രാഞ്ചൈസികൾക്ക് പന്താടാൻ സർക്കാർ വിട്ടുകൊടുത്തിരിക്കുകയാണ്. യു.പിയിൽ ഇതിനെതിരെ അവിടത്തെ തൊഴിലാളികളും എഞ്ചിനിയർമാരും നടത്തിയ വീറുറ്റ സമരത്തെത്തുടർന്ന് മുഖ്യമന്ത്രി യോഗി ആദിത്യ നാഥിന് താൽക്കാലികമായെങ്കിലും പിന്മാറേണ്ടി വന്നു. ഇത് രാജ്യമാകെയുള്ള സമരങ്ങൾക്ക് ഊർജ്ജം പകർന്നിട്ടുണ്ട്.

ഈ പണിമുടക്കിനോടനുബന്ധിച്ച് സംയുക്ത ട്രേഡ് യൂണിയൻ സമിതി മുന്നോട്ട് വച്ച 7 ഇന ഡിമാന്റ് പത്രികയിൽ ഒന്നാമതായുള്ളത്, ആദായ നികുതിദായകരല്ലാത്ത എല്ലാ കുടുംബത്തിനും പ്രതിമാസം 7500 രൂപ അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നാണ്. പ്രതിമാസം 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി നൽകുക, ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വേതനം വർദ്ധിപ്പിച്ച് വർഷത്തിൽ 200 ദിനമാക്കുകയും നഗരങ്ങളിൽ കൂടി നടപ്പാക്കുകയും ചെയ്യുക, പൊതുമേഖലകളുടെയും ഗവർണ്മെണ്ട് ഡിപ്പാർട്ട്മെന്റുകളുടെയും സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, കർഷക ദ്രോഹ നിയമങ്ങളും തൊഴിലാളി വിരുദ്ധ കോഡുകളും പിൻവലിക്കുക, കേന്ദ്ര സർവ്വീസ്സ് -പൊതുമേഖലാ ജീവനക്കാർക്കുമേൽ നടത്തുന്ന നിർബ്ബന്ധിത പിരിച്ചുവിടൽ അവസാനിപ്പിക്കുക, എല്ലാവർക്കും പെൻഷൻ നല്കുകയും പുതിയ പെൻഷൻ പദ്ധതിക്കു പകരം മുൻ പദ്ധതി പുനഃസ്ഥാപിക്കുകയും ചെയ്യുക തുടങ്ങിയവയാണ് മറ്റു ഡിമാന്റുകൾ. ലോകത്തെ പ്രമുഖ സാമ്പത്തിക വിദഗ്ധരും സാമൂഹ്യശാസ്ത്രജ്ഞരും എല്ലാം ആവശ്യപ്പെടുന്നതാണ് ജനങ്ങളുടെ കൈകളിൽ പണമെത്തിക്കണമെന്നത്. തകർന്ന സമ്പദ്‌വ്യവസ്ഥയെ തെല്ലെങ്കിലും ചലിപ്പിക്കാൻ അതിനാകുമെന്നവർ ചൂണ്ടിക്കാട്ടി. എന്നാൽ, മോദി സർക്കാർ ഇതൊന്നും കേട്ട ഭാവമില്ല.

**തൊഴിലാളിവർഗ്ഗം തലമുറകളായി പൊരുതി സ്ഥാപിച്ച തൊഴിലവകാശങ്ങളും നിയമ പരിരക്ഷയും മോദി സർക്കാർ പാർലമെന്റിൽ ചർച്ചയ്ക്ക് പോലും ഇടനൽകാതെ, തികച്ചും ഏകപക്ഷീയമായി അട്ടിമറിച്ചതും ലേബർ കോഡുകളാക്കി മാറ്റിയതും കോർപ്പറേറ്റുകളുടെ താൽപ്പര്യം മാത്രം പരിഗണിച്ചാണ്. ബിജെപിയുടെ നയങ്ങളത്രയും കുത്തക താൽപര്യം മുൻനിർത്തിയുള്ളതാണ്.**




മുതലാളിത്ത ലോകം അപരിഹാര്യമായ പ്രതിസന്ധിയിലാണ്. ലോക മുതലാളിത്തത്തിന്റെ ഭാഗമായ ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയും കടുത്ത പ്രതിസന്ധിയിലകപ്പെട്ട് വഴിമുട്ടി നിൽക്കുകയാണ്. ഇതിനെ മറികടക്കാനുള്ള വ്യഥാപരിശ്രമത്തിൽ ഇന്ത്യൻ മുതലാളി വർഗ്ഗം എല്ലാ ഹീന തന്ത്രങ്ങളുമെടുത്ത് പയറ്റുകയാണ്. ആഗോള സാമ്രാജ്യത്വത്തിന്റെ തന്ത്രങ്ങൾക്ക് ചുവടൊപ്പിച്ചുകൊണ്ടു തന്നെയാണിത് ചെയ്യുന്നത്. ബി.ജെ.പി നയിക്കുന്ന മോദി സർക്കാരിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നയങ്ങളത്രയും ഈ കുത്തക താൽപ്പര്യം മുൻനിർത്തിയുള്ളതാണ്. എല്ലാ മുൻ സർക്കാരുകളും ഇതേ മുതലാളിവർഗ്ഗ താൽപര്യം സംരക്ഷിച്ചുകൊണ്ടുള്ള ഭരണം തന്നെയാണ് നടത്തിയിട്ടുള്ളത്. സർക്കാരുകൾ മാറിക്കൊണ്ടിരിക്കും. അത്, കോൺഗ്രസ്സിന്റെയോ, ബി.ജെ.പി യുടെയോ, മൂന്നാമതൊന്നിന്റെയോ നേതൃത്വത്തിലുള്ളതാകാം. എന്നാൽ അപ്പോഴും, രാജ്യത്തിന്റെ യഥാർത്ഥ ഭരണചക്രം തിരിക്കുന്ന മുതലാളിവർഗ്ഗ ഭരണകൂടം മാറുന്നില്ല. അതിനെ മാറ്റുമ്പോൾ മാത്രമേ തൊഴിലാളികളും കർഷകരും അനുഭവിക്കുന്ന ചൂഷണത്തിന് അറുതിയുണ്ടാകൂ. രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും തൊഴിലും ആരോഗ്യപരിരക്ഷയും ഭക്ഷണവും പാർപ്പിടവും തടസ്സമില്ലാതെ നൽകാൻ മതിയായ വിഭവശേഷിയുള്ള ഒരു രാജ്യമാണ് നമ്മുടേത്. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള മുതലാളിത്ത ഉല്പാദന വ്യവസ്ഥ ഒന്നു മാത്രമാണ് ഇതിന് തടസ്സം. സ്വതന്ത്ര ഇന്ത്യയിൽ ജനങ്ങളുടെ ഇക്കാലമത്രയുമുള്ള അനുഭവം ഇത് ശരിവെക്കുന്നതാണ്.

ജനങ്ങൾ അവരുടെ ഭാഗധേയം നിർണ്ണയിക്കുന്ന മുന്നേറ്റത്തിന് തയ്യാറാകുക തന്നെ ചെയ്യും. അതിനെ മുൻകൂട്ടി തടയുക എന്ന ലക്ഷ്യത്തോടെയാണ് ഇന്നത്തെ സർക്കാർ പ്രവർത്തിക്കുന്നത്. എന്നാൽ, എക്കാലത്തേക്കും അതിനെ തടഞ്ഞുനിർത്താൻ അവർക്കാവില്ല. വസ്തുനിഷ്ഠ ആവശ്യകതയുടെ അനിവാര്യതയെന്നോണം അത്തരം മുന്നേറ്റങ്ങൾ ഉണ്ടായേ തീരൂ.

രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും ബഹുജനങ്ങളും അസംതൃപ്തരും രോഷാകുലരുമാണ്. അവരുടെ ജീവിതം നാൾക്കുനാൾ അരക്ഷിതവും അസ്സഹനീയവുമാക്കി മാറ്റുകയാണ് ഭരണാധികാരികൾ. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ബീഭത്സമായ ആക്രമണങ്ങളും, ജാതിയുടെയും മതത്തിന്റെയും പേരിൽ പാവങ്ങൾ മർദ്ദിക്കപ്പെടുന്നതും, സത്യം വിളിച്ചു പറയുന്നതിന്റെ പേരിൽ എഴുത്തുകാരും ബുദ്ധിജീവികളും വേട്ടയാടപ്പെടുന്നതും രാജ്യത്തിന്റെ പല ഭാഗങ്ങളിലും നിത്യസംഭവങ്ങളായി മാറുന്നത് ഭീതിയോടെ മാത്രമേ വീക്ഷിക്കാൻ കഴിയൂ. ജനങ്ങളുടെ നിരാശ്രയത്വം, നിരാശയിലേക്കും നിഷ്ക്രിയത്വത്തിലേക്കും പോയാൽ അത്, ഭരണാധികാരികൾക്കാണ് നേട്ടം. മറിച്ച് ഒരു യഥാർത്ഥ മനുഷ്യനായിതന്നെ ജീവിക്കണമെന്ന നിശ്ചയദാർഢ്യമാണാവശ്യം. മനുഷ്യനായി ജീവിക്കാൻ അനീതിക്കെതിരെ പൊരുതിയേ തീരൂ എന്ന യാഥാർത്ഥ്യം ജനങ്ങൾ കൂടുതൽ കൂടുതൽ തിരിച്ചറിയുന്നുണ്ട്.

കഴിഞ്ഞ പൊതുപണിമുടക്കിൽ 20 കോടി തൊഴിലാളികൾ പണിമുടക്കിയെന്നാണ് കണക്ക്. ഈ നവംബർ 26ന് നടക്കുന്ന പൊതു പണിമുടക്ക് ഇന്ത്യൻ ജനതയുടെ അടക്കിനിർത്തിയ നാനാവിധ പ്രതിഷേധം അണപൊട്ടിയൊഴുകുന്ന ഐതിഹാസികമായ പണിമുടക്കാകുമെന്ന് ഉറപ്പാണ്. ഈ പണിമുടക്കിൽ, തൊഴിലാളികളും കർഷകരും തോളോട് തോൾ ചേർന്ന് അണിനിരക്കുകയാണ്. വ്യവസായ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, വൈദ്യുതി ജീവനക്കാർ, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, സ്കീം വർക്കേഴ്സ്, ഗാർഹിക തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ തുടങ്ങി എല്ലാ സംഘടിത-അസംഘടിത മേഖലാ തൊഴിലാളികളും വിവിധ സ്ഥാപനങ്ങളിലെയും ഡിപ്പാർട്ടുമെന്റുകളിലെയും ജീവനക്കാരും തൊഴിലാളികളും നവംബർ 26ന് പൊതുപണിമുടക്കിൽ പങ്കെടുക്കും. ഒരു അനിശ്ചിതകാല ദീർഘ സമരത്തിലേക്കുള്ള ചുവടു വയ്പ്പാണ് ഈ പണിമുടക്ക്. ഒരു ചെറുവിഭാഗം വരുന്ന കുത്തക ൾക്കുവേണ്ടി രാജ്യത്തെ ജനങ്ങളുടെ ജീവിതം പാടെ ശിഥിലമാക്കുന്ന മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾ പിൻവലിക്കും വരെയുള്ള ചിട്ടയാർന്നതും ഉശിരാർന്നതുമായ പ്രക്ഷോഭത്തിന് തയ്യാറാകാൻ അദ്ധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ആഹ്വാനം ചെയ്യുന്നു. ■

## 2020 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ നടന്ന തൊഴിലാളികളുടെ ദേശീയ കൺവൻഷന്റെ പ്രഖ്യാപനം

**കോ**വിഡ്-19 പ്രോട്ടോക്കോൾ നിലനിൽക്കുന്നതുമൂലം കൂട്ടംചേരുന്നതിന് നിയന്ത്രണമുള്ള സാഹചര്യത്തിൽ കേന്ദ്ര ട്രേഡ് യൂണിയനുകളും ഫെഡറേഷനുകളും അസോസിയേഷനുകളും സംയുക്തമായി ഓൺലൈനിൽ തൊഴിലാളികളുടെ ദേശീയ കൺവൻഷൻ ചേർന്നു.

രാജ്യത്തെ തൊഴിലാളികളുടെയും കർഷകരുടെയും സാധാരണ ജനങ്ങളുടെയും അടിസ്ഥാന ജനാധിപത്യ അവകാശങ്ങൾക്കും ഭരണഘടനാവകാശങ്ങൾക്കുംനേരെ ബിജെപി നയിക്കുന്ന നരേന്ദ്രമോദി സർക്കാരും ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാരുകളും നടത്തുന്ന കടന്നാക്രമണങ്ങളിൽ ഈ കൺവൻഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഒന്നാം ബിജെപി സർക്കാരിന്റെ കാലത്ത് (2014-2019) ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച ചെയ്തിരുന്ന പതിവ് 2019ൽ രണ്ടാം മോദി സർക്കാർ വന്നതുമുതൽ കാറ്റിൽ പറത്തിയിരിക്കുകയാണ്. ഡിമാന്റ് കുറഞ്ഞതിനെത്തുടർന്ന് സമ്പദ്ഘടനയ്ക്ക് ഗണ്യമായി മാന്ദ്യം സംഭവിച്ചതായാണ് എല്ലാ വികസന സൂചികകളും കാണിക്കുന്നത്. എന്നിട്ടും സുഗമമായി ബിസിനസ്സ് നടത്താനുള്ള അവസരം ഒരുക്കുന്നതിന്റെ പേരിൽ അവരുടെ നയങ്ങൾ ശക്തമായി മുന്നോട്ടു കൊണ്ടുപോകുക

(ശേഷം 4-ാം പേജിൽ)

# മോദി സർക്കാരിന്റെ തൊഴിലാളിവിരുദ്ധ, കർഷകവിരുദ്ധ, ദേശവിരുദ്ധ നയങ്ങൾക്കെതിരെ തൊഴിലാളി മുന്നേറ്റം

(3–ാം പേജിൽ നിന്ന്)

യാണ്. അത് രാജ്യമൊട്ടുക്ക് വ്യാപകമായ ദാരിദ്ര്യത്തെ കൂടുതൽ തീവ്രമാക്കുകയും പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്യുന്നു. ഈ പ്രക്രിയയ്ക്ക് ഒപ്പമാണ് കോർപ്പറേറ്റ് നികുതികൾ കുറയ്ക്കുകയും തൊഴിലാളികൾക്ക് ദ്രോഹകരമായ മൂന്ന് കോഡുകൾ പ്രതിപക്ഷ പാർട്ടി അംഗങ്ങളുടെ അസാന്നിദ്ധ്യത്തിൽ ജനാധിപത്യവിരുദ്ധമായി പാർലമെന്റിൽ പാസ്സാക്കുകയും ചെയ്തത്. തൊഴിലാളികളെ അടിമ സമാനമായ സാഹചര്യത്തിലേയ്ക്ക് നയിക്കാനും യൂണിയൻ രൂപീകരണം ദുസ്സഹമാക്കാനും ലക്ഷ്യമിടുന്നതാണ് ഈ മൂന്ന് ലേബർ കോഡുകളും.ഈ കോഡുകൾ ആത്യന്തികമായി സമരം ചെയ്യാനുള്ള തൊഴിലാളികളുടെ,പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തെരുവുകച്ചവടക്കാരുടെയും, വീട്ടുജോലിക്കാരുടെയും, വീടുകൾ കേന്ദ്രമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും, മിഡ് ഡേ മീൽ തൊഴിലാളികളുടെയും ബീഡിതൊഴിലാളികളുടെയും നിർമ്മാണത്തൊഴിലാളികളുടെയും റിക്ഷാ തൊഴിലാളികളുടെയും മറ്റ് ദിവസക്കൂലിക്കാരുടെയും അവകാശം ഇല്ലാതാക്കും.

ഇതിന് സമാനമായി എല്ലാ പാർലമെന്ററി നടപടിക്രമങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ് മൂന്ന് കാർഷികബില്ലുകൾ പാസ്സാക്കുകയും അവശ്യവസ്തു നിയമം റദ്ദാക്കുകയും ചെയ്തത്. കാർഷികോൽപ്പന്നങ്ങൾക്ക് നിയമപരമായി കുറഞ്ഞ താങ്ങുവില ഉറപ്പുവരുത്തുന്നത് ഇല്ലാതാക്കാനും കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കാനും കരാർകൃഷിപ്രോത്സാഹിപ്പിക്കാനും ആഭ്യന്തരവും വൈദേശികവുമായ വൻകിട ഭക്ഷ്യസംസ്കരണ കമ്പനികളെയും ചില്ലറ വിൽപ്പന മേഖലയിലെ കുത്തകകൾക്ക് കാർഷിക മേഖല തീറെഴുതിക്കൊടുക്കാനും ലക്ഷ്യമിട്ടാണ് ഈ നടപടികൾ. ഇതിലും അപ്പുറംപോയ സർക്കാർ പാർലമെന്റിൽപ്പോലും വയ്ക്കാതെ വൈദ്യുതി(ഭേദഗതി) ബിൽ 2020 നടപ്പാക്കി വൈദ്യുതി വിതരണ സംവിധാനത്തെ ആകെ സ്വകാര്യവത്ക്കരിക്കുകയാണ്. പന്ത്രണ്ടു സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് നിലവിലുള്ള ജീവനക്കാരുടെ ഭാവി പുതിയ ഫ്രാഞ്ചൈസികൾക്ക് പന്താടാൻ അവസരം കൊടുക്കുന്നത്.

കിട്ടാക്കടം പിടിച്ചെടുക്കാൻ ഒരു ശ്രമവും നടത്താതെ, പൊതുമേഖലയിലെ ബാങ്കുകൾ ലയിപ്പിക്കാനാണ് സർക്കാർ നേരത്തെ ശ്രമിച്ചത്. സാധാരണ ജനങ്ങളുടെ അക്കൗണ്ടുകൾ അപകടപ്പെടുമെന്നുപോലും കണക്കിലെടുക്കാതെയാണ് ഈ നീക്കം. ജിഎസ്ടി സംബന്ധിച്ച തെറ്റായ ധന മാനേജ്മെന്റും നയങ്ങളും കേന്ദ്രസർക്കാരിന്റെയും സംസ്ഥാനങ്ങളുടെയും ധനസ്ഥിതി സാമ്പത്തിക സ്ഥിതി ദുർബ്ബലമാക്കുകയാണ്.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയെയും എൽഐസിയെയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെയും കേന്ദ്രസർക്കാർ എടിഎം എന്നപോലെ ഉപയോഗിക്കുന്നത് സാമ്പത്തികസ്ഥിതി കൂടുതൽ ദയനീയമാക്കുകയും അതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്ക്കരണത്തിനായി ലേലത്തിൽ വയ്ക്കുകയുമാണ്. റയിൽവേ റൂട്ടുകൾ, റയിൽവേ സ്റ്റേഷനുകൾ, റയിൽവേ നിർമ്മാണ യൂണിറ്റുകൾ, വിമാനത്താവളങ്ങൾ, പോർട്ടുകൾ, ഡോക്കുകൾ, ലാഭമുണ്ടാക്കുന്ന സർക്കാർ ഡിപ്പാർട്ടുമെന്റുകൾ, കൽക്കരി ഖനികൾ, ബിപിസിഎൽ പോലെയുള്ള ലാഭകരമായ പൊതുമേഖലാസ്ഥാപനങ്ങൾ, 41 ഓർഡനൻസ് ഫാക്ടറികൾ, ബിഎസ്എൻഎൽ(ഇതിലെ 86,000 ജീവനക്കാർക്ക് ദേശദ്രോഹികൾ എന്നാണ് വിശേഷണം), എയർ ഇന്ത്യ, റോഡ് ഗതാഗതമേഖലതുടങ്ങിയവയെല്ലാം നൂറു ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപത്തിനായി തുറന്നിട്ടിരിക്കുകയാണ്. കോവിഡ്-19 മഹാമാരിയുടെ ഭീതി രാജ്യത്ത് പടരുമ്പോഴാണ് ഇത്തരം അപകടകരമായ നടപടികൾ എല്ലാം നടപ്പാക്കുന്നത്.

ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ, അവരവരുടെപ്രദേശങ്ങളിൽ കോവിഡ് സർവ്വേ അടക്കമുള്ള കാര്യങ്ങൾ നടത്തുന്ന അംഗൻവാടി, ആശാ ജീവനക്കാർ തുടങ്ങി മുന്നണി പോരാളികൾ എന്നുവാഴ്ത്തപ്പെടുന്നവർ എല്ലാം സ്വജീവൻ പണയപ്പെടുത്തിയാണ് ജോലി ചെയ്യുന്നത്. എന്നാൽ അവരെ തികച്ചും മോശമായ രീതിയിലാണ് സർക്കാർ കൈകാര്യം ചെയ്യുന്നത്. അവർക്ക് വാഗ്ദാനം ചെയ്ത വേതനമോ ഇൻഷ്വറൻസ് ആനുകൂല്യങ്ങളോ നൽകാതെ അപമാനിക്കുകയാണ്.

കോവിഡ് പടരുന്ന ഈ സാഹചര്യത്തിലും ചങ്ങാത്ത മുതലാളിത്ത സംവിധാനത്തിലെ പ്രമുഖരെല്ലാം അവരുടെ വിപണി മൂല്യം ഓരോ ദിവസവും കോടികൾ ഉയർത്തിക്കൊണ്ട് മാധ്യമങ്ങളുടെ പ്രധാന വാർത്തകളിൽ ഇടം നേടുകയാണ്. ഒരു ആസൂത്രണവും ഇല്ലാതെ പ്രഖ്യാപിച്ച ലോക് ഡൗൺ കോടിക്കണക്കിന് കുടിയേറ്റ തൊഴിലാളികളുടെ ജീവിതത്തിൽ വിവരണാതീതമായ ദുരിതമാണ് വിതച്ചത്. നോട്ടുനിരോധനം സൃഷ്ടിച്ച ദുരന്തത്തെക്കാൾ ദയനീയമായിരുന്നു ഇത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഇക്കാലം ദുരിതമയമായി. തൊഴിലിടങ്ങളിലും പൊതുസ്ഥലങ്ങളിലും സ്വന്തം വീടുകളിൽപോലും അവർക്ക് എതിരെ പീഡനങ്ങൾ വർദ്ധിച്ചു. രാജ്യത്തിന്റെ സമ്പദ്ഘടന നിശ്ചലമാകുകയും തൊഴിലില്ലായ്മ പ്രത്യേകിച്ച് സ്ത്രീകളുടേത് ഗണ്യമായി വർദ്ധിക്കുകയും ജിഡിപി മുമ്പെങ്ങുമില്ലാത്തവിധം ചുരുങ്ങുകയും ചെയ്തു.

തൊഴിലാളികളെ പിരിച്ചുവിടരുത് എന്നും വേതനം വെട്ടിക്കുറയ്ക്കരുത് എന്നും ലോക്ഡൗണിന്റെ തുടക്കത്തിൽ സർക്കാർ തൊഴിലുടമകളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ തൊഴിലുടമകൾ ഈ നിർദ്ദേശങ്ങളെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തതോടെ വിദഗ്ദ്ധമായി ആ നിർദ്ദേശങ്ങൾ പിൻവലിച്ചു. തികച്ചും അസ്പഷ്ടമായ പിഎം കെയേഴ്സ് എന്ന ഫണ്ട് കേന്ദ്രസർക്കാർ തുടങ്ങുകയും കോർപ്പറേറ്റുകൾ അതിലേയ്ക്ക് സംഭാവന നൽകുകയും ചെയ്തു. കേന്ദ്രസർക്കാർ ജീവനക്കാരെ പിഴിഞ്ഞൂറ്റി ശമ്പളം പിടിച്ചു. ഡിഎ മരവിപ്പിച്ചു. ജീവനക്കാർക്ക് സർവ്വീസ് കാലാവധി പൂർത്തിയാകുംമുമ്പ് വിരമിക്കുന്നതിന് സർക്കാരിന് നിർബന്ധപൂർവ്വം നിർദ്ദേശിക്കാമെന്ന് കാണിക്കുന്ന പഴയ ഒരു ഉത്തരവ് മാന്തിയെടുത്തു. അതിനുശേഷം മഹാമാരി കൈകാര്യം ചെയ്യുന്നതിന്റെ പൂർണ ഉത്തരവാദിത്തം കേന്ദ്രസർക്കാർ സൗകര്യപൂർവ്വം സംസ്ഥാന സർക്കാരുകളുടെ തലയിലിട്ടു. തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ പണമെറിഞ്ഞ് അട്ടിമറിച്ചും രാഷ്ട്രീയ എതിരാളികളെ സിബിഐ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, എൻഐഎ, പോലീസ് എന്നിവപോലെയുള്ള അന്വേഷണ ഏജൻസികളെക്കൊണ്ട് വിരട്ടിയും മുതലെടുക്കുകയാണ് കേന്ദ്രസർക്കാർ. ഈ വിഭാഗീയ ഗൂഢതന്ത്രങ്ങൾ രാജ്യത്തിന്റെ മതനിരപേക്ഷതയെ മുറിവേൽപ്പിക്കുകയാണ്. വടക്കുകിഴക്കൻ ഡൽഹിയിൽ നടന്ന കലാപങ്ങൾ സിഐഎ പ്രതിഷേധക്കാരുടെ ഗൂഢാലോചനയാണ് എന്ന തരത്തിൽ കുറ്റം ആരോപിച്ച് കേസ് എടുക്കുമ്പോൾ വർഗ്ഗീയ പ്രസംഗം നടത്തിയ ബിജെപി നേതാക്കൾക്കെതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻപോലും തയ്യാറായില്ല. ഈ പദ്ധതികൾക്കായി പോലീസിനെ ഉപയോഗിക്കുന്ന സ്ഥിതിയുണ്ടായി.

> **ലേബർ കോഡുകൾ സമരം ചെയ്യാനുള്ള തൊഴിലാളികളുടെ അവകാശം ആത്യന്തികമായി ഇല്ലാതെയാക്കും, പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തെരുവുകച്ചവടക്കാരുടെയും, വീട്ടുജോലിക്കാരുടെയും, വീടുകൾ കേന്ദ്രമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും, മിഡ് ഡേ മീൽ തൊഴിലാളികളുടെയും ബീഡിതൊഴിലാളികളുടെയും നിർമ്മാണത്തൊഴിലാളികളുടെയും റിക്ഷാ തൊഴിലാളികളുടെയും മറ്റ് ദിവസക്കൂലിക്കാരുടെയും അവകാശം.**

**നവംബർ 26**
**അഖിലേന്ത്യാ പൊതുപണിമുടക്ക്**
**വിജയിപ്പിക്കുക**

സുപ്രീംകോടതിയെപ്പോലും അട്ടിമറിക്കുന്ന അപകടകരമായ സ്ഥിതി ഉണ്ടായി. ഈ സങ്കീർണ സാഹചര്യത്തിലാണ് പുതിയ വിദ്യാഭ്യാസ നയം പ്രഖ്യാപിക്കുന്നത്. വിദ്യാഭ്യാസം പൂർണമായും സ്വകാര്യവത്ക്കരിക്കുന്നതിനും അതുവഴി ദരിദ്രജനങ്ങളെ വിവേചനത്തിന് വിധേയമാക്കുകയും ചെയ്യാനാണ് ഈ പുതിയ വിദ്യാഭ്യാസനയം ലക്ഷ്യമിടുന്നത്. ചുരുക്കത്തിൽ ഒരു ശിക്ഷാഭയവുമില്ലാതെ ഭരണഘടനയെ അട്ടിമറിക്കുകയാണ്.

മോദി സർക്കാർ നടപ്പിലാക്കുന്ന തൊഴിലാളിവിരുദ്ധ, കർഷക വിരുദ്ധ, ദേശവിരുദ്ധ നയങ്ങളെ ട്രേഡ് യൂണിയനുകളുടെ ഈ സംയുക്ത ദേശീയ കൺവൻഷൻ ശക്തിയായി അപലപിക്കുന്നു.

പൊരുതി നേടിയ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും ജീവനോപാധിക്കും എതിരെ നടക്കുന്ന കടന്നാക്രമണങ്ങൾ പ്രതിരോധിക്കാൻ വിവിധ മേഖലകളിലെ തൊഴിലാളികളും അദ്ധ്വാനിക്കുന്ന മനുഷ്യരും സമരത്തിലാണ് എന്ന് ഈ കൺവൻഷൻ മനസ്സിലാക്കുന്നു. കൽക്കരിതൊഴിലാളികളുടെ മൂന്ന് ദിവസത്തെ പണിമുടക്ക്, ഓർഡൻസ് ഫാക്ടറി തൊഴിലാളികളുടെ പണിമുടക്ക്, റയിൽവേ നിർമ്മാണ യൂണിറ്റുകളുടെ പ്രതിഷേധങ്ങൾ, ബിപിസിഎൽ തൊഴിലാളികളുടെ രണ്ടു ദിവസത്തെ സമരവും പ്രതിഷേധവും എന്നിവയും റോഡ് ട്രാൻസ്പോർട് ജീവനക്കാർ, ഓയിൽ വർക്കേഴ്സ്, സ്റ്റീൽവർക്കേഴ്സ്, പോർട്ട് വർക്കേഴ്സ്, സിമന്റ് വർക്കേഴ്സ്, സ്കീംവർക്കേഴ്സ് തുടങ്ങി വിവിധ മേഖലകളിലെ തൊഴിലാളികളും യുപിയിലെ വൈദ്യുതി മേഖലയിലെ തൊഴിലാളികളും എൻജിനിയർമാരും ഈയിടെ നടത്തിയ സമരങ്ങളും പ്രതിഷേധങ്ങളുമെല്ലാം സ്വകാര്യവത്ക്കരണത്തിന് എതിരായും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ളവയാണ്. രാജ്യത്തിന്റെ സുരക്ഷ മുൻനിർത്തി 2020 ഒക്ടോബർ 12 മുതൽ അനിശ്ചിതകാല സമരം നടത്താനുള്ള ഓർഡനൻസ് ഫാക്ടറികളിലെ ജീവനക്കാരുടെ തീരുമാനത്തെ ഈ കൺവൻഷൻ പിന്തുണയ്ക്കുന്നു. ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 2020 ഒക്ടോബർ 12ന് എല്ലാ തൊഴിലിടങ്ങളിലും ശക്തമായ പ്രതിഷേധം നടത്താൻ ഈ കൺവൻഷൻ ആഹ്വാനം ചെയ്യുന്നു. സമരം രമ്യമായി പരിഹരിക്കും വരെ ഓരോ ആഴ്ചയും തൊഴിലിടങ്ങളിൽ സമരം നടത്തണം.

പാർലമെന്റിൽ ഏകപക്ഷീയമായി പാസ്സാക്കിയ കർഷക വിരുദ്ധ നിയമങ്ങൾക്കെതിരെ പോരാടുന്ന കർഷകർക്ക് കൺവൻഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വോട്ടിംഗ് പോലുമില്ലാതെയാണ് പാർലമെന്റിൽ ഈ ബില്ലുകൾ പാസ്സാക്കിയെടുത്തത്. സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം ദേശീയ തലത്തിലും രാജ്യത്തെവിടെയും നടക്കുന്ന കർഷക പ്രക്ഷോഭങ്ങളെ തുടർന്നും പിന്തുണയ്ക്കുമെന്നും കർഷകർക്കൊപ്പം ഉറച്ചു നിൽക്കുമെന്നും ഈ കൺവൻഷൻ പ്രഖ്യാപിക്കുന്നു.

ലോക്ഡൗൺ കാലത്തെ ബുദ്ധിമുട്ടുകൾക്കിടയിലും ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനം ചെയ്യുന്ന പ്രതിഷേധ പരിപാടികളിൽ വൻ പങ്കാളിത്തമാണ് ഉണ്ടായിട്ടുള്ളത്. സമരങ്ങൾ കൂടുതൽ തീവ്രമാക്കണം എന്ന അനിവാര്യതയ്ക്കാണ് ഈ കൺവൻഷൻ അടിവരയിടുന്നത്. ഒരു കുറ്റബോധവുമില്ലാതെയാണ് നരേന്ദ്രമോദി സർക്കാർ കോർപ്പറേറ്റുകളുടെ പാദസേവ ചെയ്യാനായി രാജ്യത്തെ തൊഴിലാളികളുടെയും കർഷകരുടെയും അദ്ധ്വാനിക്കുന്ന മനുഷ്യരുടെയും സാധാരണക്കാരുടെയും താൽപര്യം ബലികഴിക്കുന്നത്.

രാജ്യത്തെ തൊഴിലാളി സംഘടന പ്രസ്ഥാനമാകെയും വിഖ്യാതരായ സാമ്പത്തിക ശാസ്ത്രജ്ഞരുമെല്ലാം ആവശ്യപ്പെടുന്നത് ജനങ്ങളുടെ കൈയിൽ പണം എത്തിക്കണം എന്നാണ്. അത് തകർന്ന സമ്പദ്ഘടനയുടെ വീണ്ടെടുപ്പിന് അൽപ്പം ആശ്വാസം പകരുമെന്നതിലാണ് ഈ ആവശ്യം ഉന്നയിക്കുന്നത്. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ ബിജെപി നയിക്കുന്ന കേന്ദ്രസർക്കാർ തയ്യാറല്ല. നമ്മുടെ ഗോഡൗണുകളിൽ ധാന്യങ്ങൾ നിറഞ്ഞു കവിയുമ്പോഴും ആവശ്യമുള്ളവർക്ക് സൗജന്യ റേഷൻ ൽകാൻ ബിജെപ ിസർക്കാർ തയ്യാറല്ല. ഈ സാഹചര്യത്തിൽ രാജ്യത്തെ എല്ലാ തൊ

(ശേഷം 5–ാം പേജിൽ)

# യുപിയിലെ വൈദ്യുതിതൊഴിലാളികളും രാജ്യത്തെ പ്രതിരോധ വ്യവസായത്തൊഴിലാളികളും നേടിയ ഐതിഹാസികമായ സമരവിജയം

യുപിയിലെ യോഗി ആദിത്യനാഥ് ഭരണം കേന്ദ്ര വൈദ്യുതി നിയമത്തിന്റെ ചുവടുപിടിച്ച് വൈദ്യുതി വിതരണരംഗത്തെ പൊതുമേഖലാ സംരംഭമായ പൂർവ്വാഞ്ചൽ വിദ്യുത് വിതരൺ നിഗം ലിമിറ്റഡിനെ സ്വകാര്യവൽക്കരിക്കാൻ മാസങ്ങൾക്കു മുമ്പ് തീരുമാനമെടുത്തിരുന്നു. സർക്കാരിന്റെ തീരുമാനം വന്നതിന്റെ തൊട്ടടുത്ത ദിനം തന്നെ തൊഴിലാളികളുടെ സംഘടിതശക്തി കൊണ്ട് ഈ വിൽപ്പനയെ ചെറുത്തു പരാജയപ്പെടുത്തുമെന്ന് വിവിധ യൂണിയനുകൾ പ്രഖ്യാപിച്ചു. സ്വകാര്യവൽക്കരണത്തിനെതിരെ പൊരുതാനായി യുപി പവർ കോർപ്പറേഷൻ ലിമിറ്റഡിലെ മുഴുവൻ തൊഴിലാളി യൂണിയനുകളും ചേർന്ന് വിദ്യുത് കർമ്മചാരി സംയുക്ത് സംഘർഷ് സമിതി എന്ന പൊതു സമരവേദിക്കു രൂപം നൽകി. വൈദ്യുതി രംഗം ഒരു കാരണവശാലും സ്വകാര്യമൂലധന ശക്തികൾക്കു വിട്ടുകൊടുക്കില്ലെന്ന് അവർ ഒറ്റക്കെട്ടായി പ്രഖ്യാപിച്ചു.

മാസങ്ങളായി നടത്തി വന്ന സൂചനാ സമരങ്ങളുടെയും പ്രചാരണത്തിന്റെയും ഒടുവിൽ കഴിഞ്ഞ ഒക്ടോബർ 6 മുതൽ അനിശ്ചിതകാല പണിമുടക്ക് സമരം പ്രഖ്യാപിച്ചു. യോഗി ഭരണത്തിന്റെ മുഖമുദ്രയായ ഏകാധിപത്യത്തിന്റെ തനതു മുറയിൽ വൈദ്യുതിത്തൊഴിലാളികളുടെ സമരത്തെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് പ്രയാഗ്‌രാജിലും വാരണാസിയിലും തൊഴിലാളി നേതാക്കൾക്കെതിരെ കേസെടുത്തു. ഇതോടൊപ്പം ഗോരഖ്പൂർ, വാരണാസി, പ്രയാഗ്‌രാജ്, ബസ്തി, മിർസാപൂർ, അസംഗർ എന്നീ വൈദ്യുതിസോണുകളിൽ വിൽപ്പനയ്ക്കു മുന്നോടിയായുള്ള, പൂർവ്വാഞ്ചൽ വിദ്യുത് വിതരൺ നിഗം ലിമിറ്റഡിന്റെ ആസ്തികളുടെ കണക്കെടുപ്പും ആരംഭിച്ചു. ഇതാകട്ടെ തൊഴിലാളികൾക്കിടയിൽ വമ്പിച്ച രോഷത്തിനു തിരികൊളുത്തി. തൊഴിലാളികളുടെ ഒറ്റക്കെട്ടായ പണിമുടക്കിലൂടെ സംസ്ഥാനം നിശ്ചലമാകുമെന്നു മാധ്യമങ്ങൾ മുന്നറിയിപ്പു നൽകി. യോഗി സർക്കാരാകട്ടെ ജില്ലാ കളക്ടർമാരെയും ജില്ലാ ഭരണകൂടങ്ങളെയും വൻതോതിൽ പോലീസിനെയും രംഗത്തിറക്കി സമരത്തെ നേരിടാനുള്ള വിപുലമായ സന്നാഹമൊരുക്കി. അധികാരത്തിന്റെ മുഷ്ക് ഉപയോഗിച്ച് സമരത്തെ നേരിടാമെന്നു വ്യാമോഹിച്ച യോഗി ഭരണം ഒക്ടോബർ 6നു തന്നെ തൊഴിലാളികളുടെ സംഘടിത ശക്തിയുടെ കരുത്ത് തിരിച്ചറിയാൻ നിർബന്ധിതമായി. യുപി ഒന്നാകെ ഒറ്റ ദിവസംകൊണ്ടു നിശ്ചലമായി. വളരെ ഉയർന്ന പദവികളിലുള്ള എൻജിനീയർമാർ മുതൽ സാധാരണ തൊഴിലാളികൾ വരെ ഒറ്റക്കെട്ടായി പണിമുടക്കി. ഒരു തൊഴിലാളിപോലും പണിമുടക്കിൽ നിന്നു മാറിനിന്നില്ല. ഒറ്റ ദിവസത്തിനുള്ളിൽ യോഗിയുടെ ഏകാധിപത്യ ഭരണം സംഘടിത തൊഴിലാളിവർഗ്ഗത്തിനു മുമ്പിൽ മുട്ടുമടക്കി.

സമരം ചെയ്യുന്ന തൊഴിലാളി യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യാൻ ഒക്ടോബർ 6നു രാത്രിതന്നെ സർക്കാർ നിർബ്ബന്ധിതമായി. സ്വകാര്യവൽക്കരണം 2021 ജനുവരി വരെ മാറ്റിവയ്ക്കാമെന്നും സമരം ചെയ്ത തൊഴിലാളികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കുമെന്നും വ്യവസ്ഥയുള്ള കരാറിൽ സർക്കാർ ഒപ്പിട്ടു. രാജ്യമെമ്പാടുമുള്ള പൊരുതുന്ന തൊഴിലാളിവർഗ്ഗത്തിന് ആവേശം പകർന്ന സമരവിജയമായി യുപിയിലെ വൈദ്യുതിത്തൊഴിലാളികളുടെ സമരം മാറി. പരാജയപ്പെടുത്താവാത്തതെന്ന യോഗിഭരണത്തിന്റെ പ്രതിഛായയെ തൊഴിലാളികൾ കീറിയെറിഞ്ഞു.

യുപി വിജയത്തിന്റെ തൊട്ടുപിറകെ മറ്റൊരു സമരവിജയത്തിനും രാജ്യം സാക്ഷിയായി. രാജ്യത്തെ ഓർഡനൻസ് ഫാക്ടറി ബോർഡ് സ്വകാര്യവൽക്കരിക്കാൻ കേന്ദ്രസർക്കാരിന്റെ പ്രതിരോധ മന്ത്രാലയം ഏകപക്ഷീയമായി തീരുമാനിച്ചതിനെതിരെ ഈ രംഗത്ത് പ്രവർത്തിക്കുന്ന നാല് യൂണിയനുകളും സംയുക്തമായി ഒക്ടോബർ 10 മുതൽ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കുകയുണ്ടായി. ഇതേത്തുടർന്ന് ഒക്ടോബർ 9ന് ചീഫ് ലേബർ കമ്മീഷണർ വിളിച്ചുകൂട്ടിയ അനുരഞ്ജന ചർച്ചയിൽ സ്വകാര്യവൽക്കരണ നീക്കം ഉപേക്ഷിക്കണമെന്ന് യൂണിയനുകൾ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടു. സുപ്രധാനമായ ഈ മേഖലയിലെ സ്വകാര്യവൽക്കരണം രാജ്യത്തിന്റെ പ്രതിരോധ ശേഷിയെത്തന്നെ ബാധിച്ചേക്കാമെന്ന കാര്യവും യൂണിയനുകൾ ചൂണ്ടിക്കാണിച്ചു. സ്വകാര്യവൽക്കരണം പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടെയും സേവന-വേതന വ്യവസ്ഥകൾ അട്ടിമറിക്കുമെന്ന ആശങ്കയും അവർ പ്രകടിപ്പിച്ചു. ഒരു വിദഗ്ധസമിതിക്ക് രൂപം നൽകിക്കൊണ്ട് ആയുധനിർമ്മാണ രംഗത്തെ കാര്യക്ഷമതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പഠനം നടത്താവുന്നതാണെന്നും യൂണിയനുകൾ അഭിപ്രായപ്പെട്ടു.

100 ശതമാനവും ഗവണ്മെന്റ് ഉടമസ്ഥതയിലുള്ള ഒരു കോർപ്പറേറ്റ് സ്ഥാപനമാക്കാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്നും അത് സ്വകാര്യവൽക്കരണമല്ലെന്നും തൊഴിലാളികളുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കുമെന്നും ചർച്ചയിൽ മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് പങ്കെടുത്ത പ്രതിരോധ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ഉന്നതതലത്തിൽ വിഷയം ചർച്ചചെയ്യാമെന്നും അനുരഞ്ജന കാലയളവിൽ മാനേജ്മെന്റ് ഒരു മാറ്റവും വരുത്തില്ലെന്നും അദ്ദേഹം ഉറപ്പുനൽകി.

എന്നാൽ, യൂണിയനുകളുടെ യോജിച്ചതും ശക്തവുമായ നിലപാടിനുമുന്നിൽ കേന്ദ്രഗവണ്മെന്റിന് മുട്ട് മടക്കേണ്ടിവന്നു. തൽക്കാലം സ്വകാര്യവൽക്കരണ നീക്കത്തിൽനിന്ന് പിന്തിരിയുന്നതായി തൊഴിലാളികൾക്ക് ഉറപ്പ് നൽകാൻ ഗവണ്മെന്റ് നിർബന്ധിതമാകുകയും ചെയ്തു.

ഈ രണ്ട് പോരാട്ട വിജയങ്ങളും രാജ്യമെമ്പാടുമുള്ള തൊഴിലാളികൾക്ക് വഴികാട്ടിയാണ്. ആഗോളീകരണ-സ്വകാര്യവൽക്കരണ നടപടികൾ വിധിപോലെ സ്വീകരിക്കുകയല്ല, ചെറുത്ത് പരാജയപ്പെടുത്തുകയാണ് വേണ്ടതെന്ന പാഠം ഇത് തൊഴിലാളികളെ ഓർമ്മപ്പെടുത്തുന്നു. എത്ര ശക്തനായ എതിരാളിയെയും പരാജയപ്പെടുത്താൻ കഴിയുന്നതാണ് തൊഴിലാളികളുടെ സംഘടിതശക്തിയെന്ന് മോദിക്കും യോഗിക്കും മേൽ നേടിയ ഈ വിജയം വിളിച്ചോതുന്നു. ജനങ്ങളുടെ നികുതിപ്പണവും അധ്വാനിക്കുന്നവന്റെ വിയർപ്പുംകൊണ്ട് പടുത്തുയർത്തപ്പെട്ട പൊതുമേഖലാസ്ഥാപനങ്ങൾ നാടിന്റെ സമ്പത്തായി നിലനിർത്താൻ അധ്വാനിക്കുന്നവന്റെ യോജിച്ച പോരാട്ടങ്ങളിലൂടെ സാധ്യമാണെന്ന് ഈ സമരവിജയങ്ങൾ സ്ഥാപിച്ചിരിക്കുന്നു. നവംബർ 26ന്റെ അഖിലേന്ത്യാ പണിമുടക്കിന്റെ വിജയകാഹളമായി മാറുകയാണ് തൊഴിലാളികളുടെ ഈ സമരങ്ങൾ. ■

*(4-ാം പേജിൽ നിന്ന്)*

ഴിലാളികളും അടങ്ങിയ പുതിയ ഉജ്വലമായ സമരം അനിവാര്യമാണെന്നും അത് നിഷേധത്തിന്റെയും നിസ്സഹകരണത്തിന്റെയും രൂപത്തിലുള്ളതാകണമെന്നും ഈ കൺവൻഷൻ ആഹ്വാനം ചെയ്യുന്നു. എല്ലാ തൊഴിലാളികളുടെയും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഐക്യദാർഢ്യം ആ സമരത്തിനുണ്ടാകണമെന്ന് കൺവൻഷൻ ആഹ്വാനം ചെയ്യുന്നു.

രാജ്യത്തെ എല്ലാ തൊഴിലാളികളോടും രാജ്യവ്യാപകമായ ഒരു പൊതു പണിമുടക്കിന് സജ്ജമാകാൻ ഈ കൺവൻഷൻ ആഹ്വാനം ചെയ്യുന്നു.

**ആവശ്യങ്ങൾ**

- *ആദായനികുതി ദായകരല്ലാത്ത എല്ലാ കുടുംബത്തിനും പ്രതിമാസം 7500രൂപ അക്കൗണ്ടിൽ നിക്ഷേപിക്കുക.*
- *ആവശ്യക്കാരായ എല്ലാവർക്കും പ്രതിമാസം 10 കിലോ വീതം ഭക്ഷ്യധാന്യം സൗജന്യമായി നൽകുക.*
- *വർഷം 200 തൊഴിൽദിനം വർദ്ധിപ്പിച്ച വേതനത്തിൽ ലഭ്യമാക്കാനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുക, നഗരങ്ങളിലും പദ്ധതി നടപ്പിലാക്കുക.*
- *പ്രതിരോധ നിർമ്മാണ-റയിൽവേ-തുറമുഖ-വ്യോമയാന-വൈദ്യുതി-ഖനനധന മേഖലകളിലെയും പൊതുമേഖലാസ്ഥാപനങ്ങളുടെയും സ്വകാര്യവത്ക്കരണം ഉപേക്ഷിക്കുക.*
- *കർഷകദ്രോഹ നിയമങ്ങളും തൊഴിലാളിവിരുദ്ധ കോഡുകളും പിൻവലിക്കുക.*
- *കേന്ദ്രസർവ്വീസ് പൊതുമേഖല ജീവനക്കാരെ നിർബന്ധപൂർവ്വം പിരിച്ചുവിടുന്നത് അവസാനിപ്പിക്കുക.*
- *എല്ലാവർക്കും പെൻഷൻ നൽകുക, പുതിയ പെൻഷൻ പദ്ധതിക്ക് പകരം മുൻസംവിധാനം പുന:സ്ഥാപിക്കുക, എംപ്ലോയീസ് പെൻഷൻ പദ്ധതി-1995 മെച്ചപ്പെടുത്തുക.*

സംസ്ഥാന/ജില്ലാ/വ്യവസായ/സെക്ടർതല/സംയുക്തകൺവൻഷനുകൾ കഴിവതും നേരിട്ട് പങ്കെടുത്തുകൊണ്ട് ചേരാൻ ഈ കൺവൻഷൻ ആഹ്വാനം ചെയ്യുന്നു. അതിന് സാധിക്കാത്തിടത്ത് 2020 ഒക്ടോബർ അവസാനത്തിനകം ഓൺലൈനായും ചേരണം. അതിന്റെ ഭാഗമായി ലേബർ കോഡുകൾ എങ്ങനെ തൊഴിലാളികളെ അപകടകരമായി ബാധിക്കുമെന്ന വിഷയത്തിൽ നവംബർ മദ്ധ്യത്തോടെ താഴേത്തട്ടിലടക്കം വിപുലമായ പ്രചാരണപരിപാടികൾ സംഘടിപ്പിക്കണം. നവംബർ 26ന് ദേശവ്യാപകമായി നടക്കുന്ന പൊതുപണിമുടക്കിന് താഴേത്തട്ടിലുള്ള തൊഴിലാളികളെ സജ്ജമാക്കണം. കൂടുതൽ തീവ്രവും ശക്തവും നിശ്ചയദാർഢ്യത്തോടുകൂടെയുള്ളതുമായ ദീർഘ സമരങ്ങൾക്കുള്ള മുന്നൊരുക്കം കൂടിയാണിത്. യൂണിയനിൽ ഉള്ളവരോ ഇല്ലാത്തവരോ ആകട്ടെ, അഫിലിയേറ്റഡ് സംഘടനകളിലുള്ളവരോ ഇല്ലാത്തവരോ ആകട്ടെ, സംഘടിത മേഖലയിലോ അസംഘടിത മേഖലയിലോ ഉള്ളവരാകട്ടെ, കേന്ദ്രസർക്കാരിന്റെ തൊഴിലാളിവിരുദ്ധവും ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങൾക്കെതിരെ നവംബർ 26ന് നടക്കുന്ന രാജ്യവ്യാപക പണിമുടക്ക് വിജയിപ്പിക്കാൻ എല്ലാവരോടും ഈ കൺവൻഷൻ ആഹ്വാനം ചെയ്യുന്നു. ■

നവംബർ 26
**അഖിലേന്ത്യാ പൊതുപണിമുടക്ക്**
വിജയിപ്പിക്കുക

**ഐഎൻറ്റിയുസി, എഐറ്റിയുസി, എച്ച്എംഎസ്, സിഐറ്റിയു, എഐയുറ്റിയുസി, റ്റിയുസിസി, എസ്ഇഡബ്ല്യുഎ, എഐസിസിറ്റിയു, എൽപിഎഫ്, യുറ്റിയുസി, ആൾ ഇന്ത്യ ഫെഡറേഷൻസ് ഓഫ് ബാങ്ക്സ്, ഇൻഷ്വറൻസ്, ഡിഫൻസ്, റയിൽവേസ്, സെൻട്രൽ/സ്റ്റേറ്റ് ഗവൺമെന്റ്സ് എംപ്ലോയ്സ് ആന്റ് അദർ സർവ്വീസ് എസ്റ്റാബ്ലിഷ്മെന്റ്സ്.**




ഇഎസ്ഐ മെഡിക്കൽ കോളജുകളിൽ തൊഴിലാളികളുടെ മക്കൾക്ക് ഏർപ്പെടുത്തിയിരുന്ന സീറ്റ് സംവരണം പുനസ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കശുവണ്ടി തൊഴിലാളി സെന്റർ എഐയുടിയുസി, ഇഎസ്ഐ കൊല്ലം സബ് റീജിയണൽ ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണ സംസ്ഥാന സെക്രട്ടറി എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# ജനാധിപത്യ അവകാശങ്ങളും അഭിപ്രായസ്വാതന്ത്ര്യവും കവർന്നെടുക്കുകയെന്നത് മുതലാളിത്ത ഭരണകൂടങ്ങളുടെ മുഖമുദ്ര

*(1–ാം പേജിൽ നിന്ന്)*

ങ്ങളിലൂടെ വർധിച്ചു വരുന്ന വിദ്വേഷപ്രചാരണങ്ങൾക്കെതിരെ ആവശ്യമായ നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിക്കും പൊലീസ് മേധാവിക്കും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ അടുത്തിടെ ഡബ്ബിംഗ് ആർട്ടിസ്റ്റ് ഭാഗ്യലക്ഷ്മിയും അവർക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ അശ്ലീലപ്രചാരണം നടത്തിയ വ്യക്തിയും തമ്മിലുണ്ടായ സംഭവങ്ങൾ പോലെയുള്ളവയും ഇത്ര വേഗത്തിൽ ഇങ്ങനെയൊരു നിയമം നിർമ്മിക്കാനുള്ള കാരണമായെന്നും സർക്കാർ പറയുന്നു.

## എന്താണ് പുതിയ പോലീസ് ആക്റ്റ് ഭേദഗതി

ഒരു വ്യക്തി, മറ്റൊരു വ്യക്തിയുടെ യശസ്സിനെ ഭീഷണിപ്പെടുത്തുകയോ തകർക്കുകയോ അപകീർത്തപ്പെടുത്തുകയോ ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ഏതെങ്കിലും വിനിമയ ഉപാധികളിലൂടെ ഉള്ളടക്കം നിർമ്മിക്കുകയോ പ്രസിദ്ധീകരിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്താൽ, അയാൾക്ക് അഞ്ചു വർഷം തടവോ, 10,000 രൂപ പിഴയോ, രണ്ടും കൂടിയോ ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥയാണ് കൂട്ടിച്ചേർക്കുന്ന വകുപ്പിലുള്ളത്. നേരത്തേ ഉണ്ടായിരുന്ന 118(ഡി) വകുപ്പിൽ നിന്നും ഇതിനു ഗൗരവതരമായ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ട്. ഒന്ന്, ഇത് സമൂഹമാധ്യമം എന്നതിൽ ഒതുങ്ങുന്നില്ല. ഏതു രീതിയിൽ അഭിപ്രായം പ്രകടിപ്പിച്ചാലും ഈ വകുപ്പിനെ വ്യാഖ്യാനിച്ച് കേസെടുക്കാൻ പറ്റും. രണ്ട്, പുതിയ വകുപ്പനുസരിച്ച് കേസെടുക്കാൻ ഒരു പരാതിക്കാരന്റെ ആവശ്യമില്ല. പൊലീസ് ഉദ്യോഗസ്ഥന് പ്രസ്തുത ഉള്ളടക്കം അപകീർത്തികരമാണെന്ന് തോന്നിയാൽ സ്വമേധയാ കേസെടുക്കാം. മൂന്ന്, ഇത് ജാമ്യം കിട്ടാത്ത വകുപ്പാണ്. അതായത്, ഒരു വ്യക്തി ഒരു അഭിപ്രായപ്രകടനം നടത്തിയാൽ, അത് സമൂഹമാധ്യമമോ, പത്രവാർത്തയോ ലേഖനമോ എന്തുമായിക്കൊള്ളട്ടെ, അത് ആരുടെയെങ്കിലും യശസ്സിനെ അപകീർത്തിപ്പെടുത്തുന്നു, തകർക്കുന്നു എന്ന് ഒരു പൊലീസ് ഉദ്യോഗസ്ഥനു തോന്നിയാൽ, ആ വ്യക്തിക്കെതിരെ കേസെടുത്ത് ജാമ്യം നൽകാതെ അറസ്റ്റ് ചെയ്യാൻ അധികാരം നൽകുന്നു എന്നുസാരം.

ഇത് നിയമത്തിന്റെയും നീതിയുടേയും അടിസ്ഥാനതത്വങ്ങൾക്ക് എത്രത്തോളം വിരുദ്ധമാണെന്ന് ജനാധിപത്യബോധമുള്ള ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. യശസ്സിനെ അപകീർത്തിപ്പെടുത്തുക, തകർക്കുക എന്നിവയ്ക്ക് നിയമപരമായി കൃത്യമായ നിർവ്വചനമില്ല. അധികാരികൾക്ക് അവരുടെ വ്യക്തിപരമായ ബോധ്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ഇത്തരം വകുപ്പുകൾ തെറ്റായി വ്യാഖ്യാനിച്ച് ദുരുപയോഗം ചെയ്യാം. ഇത് നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനത്തിനു തന്നെ വിരുദ്ധമാണ്. ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങളുടെ തന്നെ ലംഘനമാണ്. ഇതേ നീതിബോധം ഉയർത്തിപ്പിടിച്ചു കൊണ്ടു തന്നെയാണ് 2015-ൽ ഐടി ആക്ട് 66 (എ), കേരള പൊലീസ് ആക്ട് 118 (ഡി) എന്നീ വകുപ്പുകൾ സുപ്രീം കോടതി റദ്ദാക്കിയത്. ഇതേ നീതിബോധം ഉയർത്തിപ്പിടിക്കുന്ന ന്യായാധിപന്മാർ, ഇക്കാരണത്താലാണ് സമാനമായ വകുപ്പുകളുടെ ദുരുപയോഗത്തിനെതിരേ ഇന്നും വിധികൾ പുറപ്പെടുവിക്കുന്നത്.

> **രാജ്യമൊട്ടാകെയും ലോകമൊട്ടാകെയും ഇന്ന് ജനങ്ങളുടെ അടിസ്ഥാന ജനാധിപത്യ അവകാശങ്ങളും, അഭിപ്രായസ്വാതന്ത്ര്യവും, പ്രതിഷേധിക്കാനുള്ള അവകാശവും കവർന്നെടുക്കുവാനുള്ള പല തരത്തിലുള്ള ശ്രമങ്ങൾ നടക്കുകയാണ്. ജനങ്ങളെ സത്യം അറിയിക്കുകയും, ജനകീയ പ്രശ്നങ്ങൾ ചർച്ചയാക്കുകയും ചെയ്യുന്നതിൽ നിന്ന് മാധ്യമങ്ങളെ ഏതുവിധേനയും തടയുക എന്നതും എല്ലാ മുതലാളിത്ത ഭരണകൂടങ്ങളുടെയും മുഖമുദ്രയായിക്കഴിഞ്ഞിരിക്കുന്നു.**

നിലവിൽതന്നെ, കേരള പൊലീസ് ആക്ട് 120(ഒ) പോലെയുള്ള നിയമങ്ങൾ ദുരുപയോഗപ്പെടുത്തി രാഷ്ട്രീയ വിമർശനങ്ങൾക്കെതിരെ പോലും കേസെടുക്കുന്നു. എന്നിട്ടും സുപ്രീം കോടതി ഒരിക്കൽ റദ്ദാക്കിയ മേൽപ്പറഞ്ഞ കരിനിയമങ്ങൾ തന്നെ പുതിയ രൂപത്തിൽ, കൂടുതൽ കഠിനശിക്ഷയോടെ, ജാമ്യം ലഭിക്കാത്ത, പൊലീസിന് സ്വമേധയാ കേസെടുക്കാവുന്ന തരത്തിൽ കൂടുതൽ ജനാധിപത്യവിരുദ്ധമായി നടപ്പാക്കുകയാണ്.

## സർക്കാർ വാദങ്ങളുടെ കാപട്യം

സമൂഹമാധ്യമങ്ങളിലൂടെ സ്ത്രീകൾക്കുനേരേ വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരേയാണ് ഈ പുതിയ നിയമം എന്നു സർക്കാർപറയുന്നു. പക്ഷേ, ഈ പുതിയ നിയമത്തിൽ എവിടെയാണ് കൃത്യമായി സ്ത്രീസംരക്ഷണത്തിനുള്ള നിർവ്വചനം? ഇത് വളരെ പൊതുവായ ഒരു നിയമമാണ്. സ്ത്രീകൾക്കെതിരേയുള്ള അതിക്രമങ്ങളുടെ മറയിൽ മറ്റു പലതുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്നത് വ്യക്തം. ഈ ഭേദഗതി സമൂഹമാധ്യമത്തിന്റെ രംഗത്ത് മാത്രം ഒതുങ്ങുന്നതല്ല. ഏതൊരു മാധ്യമവും ഇതിന്റെ പരിധിയിൽ വരുന്ന രീതിയിലാണ് ഇതിന്റെ ഘടന ചിട്ടപ്പെടുത്തിയിരിക്കുന്നത്. സ്ത്രീകൾക്കെതിരെ സമൂഹമാധ്യമങ്ങളിൽ അടക്കം അരങ്ങേറുന്ന അതിക്രമങ്ങളിൽ ശക്തമായ നടപടികളെടുക്കാൻ പര്യാപ്തമായ നിയമങ്ങൾ നിലവിൽ തന്നെ ഇവിടെയുണ്ട്. ഇവിടെ പ്രശ്നം നിയമത്തിന്റെ അഭാവമല്ല. ഇത്തരം കേസുകളിൽ പൊലീസിന്റെ നിഷ്ക്രിയത്വവും പലപ്പോഴും ബോധപൂർവ്വം തന്നെ വരുത്തുന്ന വീഴ്ചകളുമാണ്. പല നിയമവിദഗ്ധരും ഇതിനോടകം ഇക്കാര്യങ്ങൾ വ്യക്തമാക്കിയതാണ്. ഭാഗ്യലക്ഷ്മിയുടെ അനുഭവം തന്നെയെടുക്കാം. തങ്ങൾക്കെതിരേയുള്ള സൈബർ അധിക്ഷേപം ശ്രദ്ധയിൽ പെട്ടപ്പോൾ തന്നെ അവർ പൊലീസിൽ പരാതിപ്പെട്ടിരുന്നു. പക്ഷേ പൊലീസ് യാതൊരു നടപടിയുമെടുത്തിരുന്നില്ല. ഇവിടെ നിയമത്തിന്റെ അഭാവമായിരുന്നില്ല പ്രശ്നം. ഇത് ഒറ്റപ്പെട്ട സംഭവവുമല്ല. തങ്ങൾക്ക് അഹിതമായ വാർത്തകൾ കൊടുത്തു എന്ന പേരിൽ പ്രമുഖരായ വനിത മാധ്യമപ്രവർത്തകർക്കുപോലും സിപിഐ(എം) അനുഭാവികളുടെ കടുത്ത സൈബർ അധിക്ഷേപം നേരിടേണ്ടിവന്നപ്പോൾ പൊലീസും സിപിഐ(എം)ഉം എന്തു സമീപനം സ്വീകരിച്ചു? സ്ത്രീകൾ നൽകുന്ന ഇത്തരം പരാതികളിൽ പലപ്പോഴും ഗുരുതരമായ അലംഭാവമാണ് സംസ്ഥാന പൊലീസിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. ഇത്തരം കേസുകളുടെ ഭാഗമായുള്ള നടപടിക്രമങ്ങൾ തന്നെ സ്ത്രീകൾക്കു വലിയ പീഡനമായി മാറുന്നു. നിവൃത്തിയില്ലാതെ പലരും അപമാനം സഹിച്ചു പിൻവാങ്ങുന്നു. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ, ഇത്തരം കേസുകളിൽ സർക്കാരും പൊലീസും എടുക്കുന്ന നിരുത്തരവാദപരമായ സമീപനത്തിൽനിന്നും ഇരയെദ്രോഹിക്കുന്ന നടപടികളിൽ നിന്നും പിൻവാങ്ങുകയാണ് വേണ്ടത്. സ്ത്രീകളെ സംരക്ഷിക്കണമെന്ന് ആത്മാർത്ഥമായി സർക്കാർ ആഗ്രഹിക്കുന്നുവെങ്കിൽ പോലീസിനെ ജനാധിപത്യവൽക്കരിക്കുകയാണ് ചെയ്യേണ്ടത്. കേന്ദ്രസർക്കാർ നിയമം നിർമ്മിക്കാത്തതിനാൽ തങ്ങൾ കൊണ്ടുവരുന്നു എന്നതൊക്കെ എത്ര ബാലിശമായ വാദമാണെന്നു മനസ്സിലാക്കാൻ, സർക്കാരും അതിനെ നയിക്കുന്ന സിപിഐ(എം)ഉം തങ്ങളുടെ തന്നെ പ്രഖ്യാപിതനയങ്ങൾ ഒരാവർത്തി നോക്കിയാൽ മതിയാകും.

## പൊലീസിന്റെ മനോഭാവവും സർക്കാരിന്റെ പൊലീസ് നയവും

ഇത്തരം കരിനിയമങ്ങളിലൂടെ കൂടുതൽ അധികാരം നൽകിയാൽ നമ്മുടെ പൊലീസ് അത് ദുരുപയോഗം ചെയ്യില്ല എന്ന് എന്താണ് ഉറപ്പുള്ളത്? ഈ സർക്കാർ അധികാരമേറിയതിനു ശേഷമുള്ള ചിത്രം മാത്രം പരിശോധിക്കാം. ഏറ്റുമുട്ടൽ കൊലകൾ അടക്കം നിർവ്വഹിക്കാനുള്ള തങ്ങളുടെശേഷി, കേരളത്തിലും പൊലീസ് മാവോയിസ്റ്റു വേട്ട എന്ന പേരിൽ തെളിയിച്ചു കഴിഞ്ഞു. പൊലീസിനെതിരെ ഫോറൻസിക് തെളിവുകൾ അടക്കം പുറത്തു വന്നിട്ടും എന്തു നടപടി ഈ ഇടതുപക്ഷ സർക്കാർ സ്വീകരിച്ചു? പൊലീസ് മർദ്ദനം ലോക്കപ്പിൽ മാത്രം ഒതുങ്ങുന്നില്ല. ഹെൽമറ്റ് വേട്ട എന്ന പേരിൽ എത്രയോ സാധാരണക്കാർ ഈ കോവിഡ് കാലത്തും അപമാനിക്കപ്പെടുന്നു. കൊല്ലം ജില്ലയിൽ, ഹെൽമറ്റ് ഇല്ലായിരുന്നു എന്നതിന്റെ പേരിൽ ഒരു വയോധികനെ ചെറുപ്പക്കാരനായ ഒരു എസ്ഐ മർദ്ദിക്കുന്നതിന്റെ ദൃശ്യത്തിനു നമ്മൾ സാക്ഷ്യം വഹിച്ചതാണ്. ഇയാൾ സർവ്വീസിൽ കയറി പരിശീലന കാലാവധി പോലും പൂർത്തിയാക്കിയിരുന്നില്ല. ജനങ്ങളുടെ മേൽ കൈത്തരിപ്പു തീർക്കാനുള്ള അവകാശമായി കാക്കിവേഷത്തെ കരുതുന്ന ഇത്തരക്കാരുടെ എണ്ണം നമ്മുടെ സേനയിൽ നിരവധി, ഇവർക്കെതിരേ നടപടിയല്ല, സംരക്ഷണമാണ് ഉണ്ടാകുന്നതെന്നു കാണാം. ന്യായമായ ജനകീയ സമരത്തെ അടിച്ചമർത്താൻ പോയി കൊച്ചു കുട്ടിയെപോലും നിർദ്ദയം തല്ലിച്ചതച്ച ഒരു ഐപിഎസ് ഉന്നതനെതിരേ, ആ കുട്ടിയുടെ മൊഴി ഉണ്ടായിട്ടും എന്തു നടപടി എടുത്തു? സാധാരണക്കാരനെ ഏത്തമിടുവിച്ചു കൊണ്ട് ഇത്തരം ജനവിരുദ്ധർ ഭരണകൂടത്തിനു പ്രിയപ്പെട്ടവരായി കാക്കിയുടെ തണലിൽ ഇപ്പോഴും പരിലസിക്കുന്നില്ലേ? മുഖ്യ മന്ത്രിക്കെതിരെ സമൂഹമാധ്യമങ്ങളിലൂടെ വിമർശനം ഉന്നയിച്ചതിന് മുൻപില്ലാത്തവണ്ണം കേസുകൾ എടുക്കുന്നില്ലേ? അതിനുള്ള ആവേശം എന്തുകൊണ്ട് സാധാരണക്കാരായ സ്ത്രീകൾ നൽകുന്ന സമാനപരാതികളിൽ കാണിക്കുന്നില്ല? ഓണത്തെ, വാമനജയന്തി ആക്കി ഭിന്നിപ്പ് വളർത്താൻ വർഗ്ഗീയശക്തികൾ ശ്രമിക്കുമ്പോൾ കണ്ടില്ലെന്നു നടിച്ച സർക്കാരും പൊലീസും, ഓണത്തെക്കുറിച്ച് കന്യാസ്ത്രീ കൂടിയായ ഒരു അധ്യാപിക തന്റെ അഭിപ്രായം സമൂഹമാധ്യമത്തിൽ പ്രസിദ്ധീ കരിച്ചപ്പോൾ, ഇതേ വർഗ്ഗീയശക്തികളുടെ പരാതിയിൽ ഉടനടി കേസെടുത്തു. അവരെ പൊലീസ് സ്റ്റേഷനിൽ വിളിച്ചു വരുത്തി, സംഘപരിവാർ ശക്തികൾ അവരെ ഭീഷണിപ്പെടുത്തി മാപ്പുപറയിച്ച്, അതിന്റെ വീഡിയോ എടുത്തു പരസ്യമാക്കി അവരെ അപമാനിച്ചപ്പോൾ, ഇതേ പൊലീസ് അതിന് കൂട്ടുനിന്നില്ലേ? അങ്ങേയറ്റം നിയമവിരുദ്ധമായ ഈ പ്രവൃത്തിയിൽ സഹായിച്ചവർക്കെതിരേ എന്തു നടപടിയെടുത്തു? കേരള പൊലീസ്, സംഘപരിവാർ ശക്തികളുടെ താളത്തിനനുസരിച്ച് തുള്ളിയ സംഭവങ്ങളിൽ ഒന്നു മാത്രമാണിത്.

മധ്യപ്രദേശിൽ രണ്ടു ദളിത് കുഞ്ഞുങ്ങളെ സവർണ്ണജാതിക്കാർ കൊലപ്പെടുത്തി എന്ന പത്രവാർത്തയെ അധികരിച്ച് എഴുതിയ ഒരു കവിത സമൂഹമാധ്യമത്തിൽ ഷെയർ ചെയ്തതിന്റെ പേരിൽ ആ വ്യക്തിക്കെതിരെ കാടാമ്പുഴ പൊലീസ് സ്റ്റേഷനിൽ കേസെടുത്തിരുന്നു. മതവികാരം വ്രണപ്പെടുത്തി എന്ന പേരിൽ ഇന്ത്യൻ ശിക്ഷ നിയമത്തിലെ വകുപ്പ് 153, കേരള പൊലീസ് ആക്ട് വകുപ്പ് 120 (ഒ) എന്നീ കടുത്ത ചാർജ്ജുകളാണ് പൊലീസ് അവിടെ ചുമത്തിയത്. തികച്ചും ജനാധിപത്യവിരുദ്ധമായ ഈ പൊലീസ് നടപടിയെ കേരള ഹൈക്കോടതി തിരുത്തിയത് കഴിഞ്ഞ വർഷമാണ്.

അതേസമയം തന്നെ, ഇതേ പൊലീസ് വാളയാറിൽ രണ്ടു കുഞ്ഞുങ്ങളുടെ കൊലപാതകത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നതു നമ്മൾ കണ്ടതാണ്. അലൻ–താഹ കേസ് അടക്കം അന്യായമായി യുഎപിഎ ചുമത്തുന്നത് കേരളം സാക്ഷ്യം വഹിച്ചതാണ്. ഈ വിഷയങ്ങളിലൊക്കെ നിർലജ്ജം പൊലീസിനെ നിരന്തരം ന്യായീകരിക്കുന്ന, വകുപ്പിന്റെ ചുമതലക്കാരൻ കൂടിയായ മുഖ്യമന്ത്രിയെ സംസ്ഥാനം കാണുകയാണ്. യുഎപിഎ വിഷയത്തിൽ അദ്ദേഹം തന്റെ പാർട്ടി ജനറൽ സെക്രട്ടറിയുടെ വാക്കുകൾ തള്ളി, പൊലീസ് ഭാഷ്യത്തിന് അംഗീകാരം കൊടുത്തില്ലേ? വരാപ്പുഴയിലെ ശ്രീജിത്തും, ഇടുക്കിയിലെ രാജ്കുമാറുമടക്കം എത്രയോ ജീവനുകൾ പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കേരളത്തിലെ പൊലീസിന്റെ കൈകളിൽ പൊലിഞ്ഞു? എന്തു നടപടിയെടുത്തു? സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങൾ മാത്രം അടിസ്ഥാനമാക്കി, അതിനനുസരിച്ച് ജനങ്ങളെ ഭയപ്പെടുത്തി അടിച്ചമർത്താനും, പ്രതിഷേധങ്ങളെ മുളയിലേ നുള്ളാനുമുള്ള ശക്തിയാക്കി മാത്രം പൊലീസിനെ നിലനിർത്തുക എന്നതാണ് എൽഡിഎഫ് സർക്കാരിന്റെ പൊലീസ്

*(ശേഷം 7–ാം പേജിൽ)*

## കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മദ്യശാലകൾ അടച്ചുപൂട്ടുക

# മദ്യ വിരുദ്ധ ജനകീയ മുന്നണി സത്യാഗ്രഹ സമരം

**അ**തിരൂക്ഷമായ കോവിഡ് വ്യാപനത്തിന്റെപശ്ചാത്തലത്തിൽ സംസ്ഥാനത്തെ മദ്യശാലകൾ അടച്ചുപൂട്ടുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മദ്യനിരോധനാധികാരം പുനഃസ്ഥാപിക്കുക, ലഹരി മുക്ത കേരളം: സർക്കാർ വാക്കുപാലിക്കുക എന്നീ ആവശ്യങ്ങളുയർത്തി മദ്യവിരുദ്ധ ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വ്യാപകമായി നവംബർ 2ന് സമരപരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.



എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി രശ്മി രവി സത്യാഗ്രഹ സമരം ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ താലൂക്ക് ഓഫീസിനു മുന്നിൽ നടന്ന പ്രതിഷേധ സത്യാഗ്രഹസമരം അഖിലേന്ത്യാമഹിളാ സാംസ്കാരിക സംഘടന ജില്ലാ സെക്രട്ടറി രശ്മി രവി ഉദ്ഘാടനം ചെയ്തു. മദ്യനിരോധന സമിതി ജില്ലാ നേതാവ് കെ.കെ.രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. ലഹരി നിർമ്മാർജന സമിതി ജില്ലാ സെക്രട്ടറി ഖാദർ മുണ്ടേരി, സി.പി.മുസ്തഫ(ജമാഅത്തെ ഇസ്ലാമി), മുഹമ്മദ് ഫസൽ (മദ്യ നിരോധന യുവജന സമിതി), അഡ്വ.ആർ.അപർണ (മദ്യവിരുദ്ധ ജനകീയ സമര സമിതി), പ്രകാശൻ വാരം (മദ്യ നിരോധന സമിതി) എന്നിവർ പ്രസംഗിച്ചു. അഡ്വ.പി.സിവിവേക് സ്വാഗതവും ടി.ചന്ദ്രൻ നന്ദിയും പറഞ്ഞു. ■



തൊട്ടുപുഴയിൽ നടന്ന കർഷകവിരുദ്ധ ബിൽ കത്തിക്കൽ സമരം

# കർഷക വിരുദ്ധ ബിൽ കത്തിച്ചു

**ക**ർഷകരെ കുത്തകകൾക്ക് അടിയറ വയ്ക്കുന്ന മോദി സർക്കാരിന്റെ കർഷക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ വ്യാപകമായി ഓൾ ഇന്ത്യ കിസാൻ സംഘർഷ് കോർഡിനേഷൻകമ്മിറ്റി ആഹ്വാനം ചെയ്ത സമരത്തിന്റെ ഭാഗമായി കേരളത്തിൽ കർഷക പ്രതിരോധ സമിതി പ്രതിഷേധ പരിപാടികളും ബില്ലിന്റെ കോപ്പി കത്തിക്കലും നടത്തി. തൊടുപുഴയിൽ സംസ്ഥാന കമ്മിറ്റി അംഗം സിബി.സി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധയോഗം സംസ്ഥാന സെക്രട്ടറി എൻ. വിനോദ്കുമാർ ഉദ്ഘാടനം ചെയ്തു. ബില്ല് കത്തിക്കൽ സമരപരിപാടിക്ക് സംസ്ഥാന കമ്മിറ്റിയംഗം സെബാസ്റ്റ്യൻ എബ്രഹാം നേതൃത്വം നൽകി. മാത്യു ജേക്കബ്ബ്, അനിൽ തുടങ്ങിയവർ പ്രസംഗിച്ചു. ■

# കേരളത്തിലെ മത്സ്യ ബന്ധന മേഖലയിൽ മത്സ്യലേലവും വിപണനവും നിയന്ത്രിക്കാനായി കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ് പിൻവലിക്കുക

**കോ**വിഡ് മഹാമാരിയുടെ മറവിൽ കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ മത്സ്യലേലവും വിപണനവും നിയന്ത്രിക്കാനായി കൊണ്ടുവന്നിട്ടുള്ള 2020 സെപ്റ്റംബർ 24ന്റെ ഓർഡിനൻസ് മത്സ്യത്തൊഴിലാളി സമൂഹത്തിന് വിനാശകരമാണെന്ന് കേരള മത്സ്യബന്ധന തൊഴിലാളി യൂണിയൻ അഭിപ്രായപ്പെട്ടു.

മത്സ്യലേലവും വിപണനവും നിയന്ത്രിക്കാനായി രൂപീകരിക്കുന്ന ഹാർബർ മാനേജ്മെന്റ്, ലാന്റിംഗ് സെന്റർ മാനേജ്മെന്റ് കമ്മിറ്റികളിലൂടെയും ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റികളിലൂടെയും മത്സ്യലേലത്തിന്റെ 5 ശതമാനം കമ്മീഷനും ഒപ്പം യൂസർഫീസും ഏർപ്പെടുത്തി ഈ മേഖലയെ ഒരു കറവപ്പശു ആക്കാനുള്ള ഗൂഢ ശ്രമമാണ് ഈ ഓർഡിനൻസ്.

കേരളത്തിലെ മത്സ്യ ബന്ധന മേഖലയിൽ പ്രതിദിനം കോടിക്കണക്കിന് രൂപയുടെ മത്സ്യമാണ് പിടിക്കുന്നത്. മത്സ്യഫെഡും സ്വകാര്യ കമ്മീഷൻ ഏജന്റുമാരുമാണ് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങൾ നിർമ്മിക്കാൻ പണം നൽകിയിരിക്കുന്നത്. ഇവർ 5 ശതമാനം മുതൽ 10ശതമാനംവരെ കമ്മീഷൻ ഈടാക്കുന്നുണ്ട്. മത്സ്യഫെഡ് നൽകിയിരിക്കുന്നത് വായ്പയാണ്. ഇത് പലിശയടക്കം തിരിച്ചടയ്ക്കണം. ഇന്ധനചെലവും കമ്മീഷനും നൽകിയാൽ മത്സ്യത്തൊഴിലാളികൾക്ക് നിത്യവൃത്തിക്കുപോലും വരുമാനമുണ്ടാകുന്നില്ല. മത്സ്യഫെഡിന്റെയും കമ്മീഷൻ ഏജന്റുമാരുടെയും കടക്കെണിയിലാണ് മത്സ്യത്തൊഴിലാളികൾ. ഈ കടക്കെണിയിൽനിന്നും അവരെ മോചിപ്പിക്കാതെ അവരുടെ വരുമാനത്തിന്റെ 5 ശതമാനം സർക്കാരുംകൂടെ കവരുന്ന നടപടിയാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ.

നിലവിൽ ഒന്നോ രണ്ടോ പേർ ചേർന്ന് പണിയെടുക്കുന്ന പൊതുവള്ളങ്ങളിലെ ചെറിയ നീട്ടുവല ഉപയോഗിച്ച് പിടിക്കുന്ന മത്സ്യം തൊഴിലാളികൾത്തന്നെ തൊട്ടടുത്ത തെരുവുകളിലെത്തിച്ച് വലയിൽനിന്നും അഴിച്ചെടുത്ത് ഉപഭോക്താക്കൾക്ക് നൽകുന്ന രീതി ആലപ്പുഴ ജില്ലയിൽ നടക്കുന്നുണ്ട്. ഇടത്തട്ടുകാർ ഇല്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് മത്സ്യം കുറഞ്ഞ വിലയ്ക്ക് ലഭിക്കും. മത്സ്യത്തൊഴിലാളികൾക്ക് ഏറെ മെച്ചവുമുണ്ടാകും. നിലവിലെ ഓർഡിനൻസ് ഇറങ്ങുന്നതിനുമുമ്പുതന്നെ പൊതുമരാമത്ത് വകുപ്പ് മന്ത്രി വഴിയോരങ്ങളിൽ മത്സ്യക്കച്ചവടം വിലക്കി ഉത്തരവിറക്കി. ഓർഡിനൻസിലാകട്ടെ ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും ഫിഷ് മാർക്കറ്റുകളിലുമല്ലാതെ മത്സ്യലേലവും വിപണനവും നടത്തുന്നത് രണ്ടുമാസംമുതൽ ഒരുവർഷംവരെ തടവും ഒരു ലക്ഷംരൂപ മുതൽ 5ലക്ഷംരൂപവരെ പിഴയും ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യമാണ്.

ഹാർബർ-ലാന്റിംഗ് സെന്റർ-ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് ഭരണസമിതികളിൽ പ്രതിനിധികളായി സർക്കാർ നിശ്ചയിക്കുന്ന ആളുകളെ വയ്ക്കാമെന്നത് രാഷ്ട്രീയക്കാർക്ക് അഴിമതിക്കുള്ള മറ്റൊരു ഇടംകൂടി ഒരുക്കുകയാണ്. മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽനിന്നും മോചിപ്പിക്കാതെ കോവിഡിന്റെ മറവിൽ തൊഴിലാളികളുമായോ ജനപ്രതിനിധികളുമായോ യാതൊരു ചർച്ചയും ആലോചനയുംകൂടാതെ സർക്കാർ ഏകപക്ഷീയമായിപുറപ്പെടുവിച്ചഓർഡിനൻസിലൂടെ മത്സ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുകയും കുറ്റവാളികളാക്കുകയുമാണ്. മത്സ്യത്തൊഴിലാളിവിരുദ്ധമായ ഈ ഓർഡിനൻസിനെതിരെ മത്സ്യത്തൊഴിലാളിസമൂഹം ഒന്നടങ്കം അണിനിരക്കണം എന്ന് കേരള മത്സ്യബന്ധനത്തൊഴിലാളിയൂണിയൻ അഭ്യർത്ഥിക്കുന്നു. ■

(6-ാം പേജിൽ നിന്ന്)

നയം. ഇപ്രകാരം ജനാധിപത്യ വിരുദ്ധതയുടെ മാത്രം ചരിത്രമുള്ള കേരള പോലീസിന്റെ കരങ്ങളിലേക്ക് പോലീസ് ആക്റ്റിന്റെ പുതിയ ഭേദഗതിയും കൂടി ലഭിച്ചാൽ സംസ്ഥാനത്തെ സാധാരണപൗരന്മാരെ കാത്തിരിക്കുന്നത് അതിഭീഷണമായ ഒരു സാഹചര്യമായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല.

**മാധ്യമങ്ങളോടും ജനാധിപത്യ അവകാശങ്ങളോടും സ്വീകരിക്കേണ്ടുന്ന ഇടതുപക്ഷ സമീപനമല്ല സർക്കാർ പിന്തുടരുന്നത്. ലഭ്യമായ പരിമിതമായ അധികാരമുപയോഗിച്ചും ജനങ്ങൾക്കും ജനകീയ സമരങ്ങൾക്കും തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിനുമൊപ്പം നിലകൊള്ളുകയും ജനാധിപത്യബോധം വളർത്താനും, ജനാധിപത്യ അവകാശങ്ങളും അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും സംരക്ഷിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ഒരു യഥാർത്ഥ ഇടതുപക്ഷ സർക്കാർ ചെയ്യേണ്ടത്.**

### മാധ്യമസ്വാതന്ത്ര്യത്തെയും അഭിപ്രായസ്വാതന്ത്ര്യത്തെയും ഹനിക്കുന്ന പുതിയ വകുപ്പ് ജനാധിപത്യവിരുദ്ധം

വ്യക്തമല്ലാത്ത നിയമങ്ങളുപയോഗിച്ച് ഇന്ത്യയിൽ വ്യാപകമായി മനുഷ്യാവകാശങ്ങൾ ഹനിക്കുന്നുവെന്ന് ഐക്യരാഷ്ട്ര സംഘടനയുടെ മനുഷ്യാവകാശ സമിതി മേധാവി ഒക്ടോബർ 20ന് ചൂണ്ടിക്കാട്ടിയിരുന്നു. ബിജെപി, കോൺഗ്രസ്, തൃണമൂൽ, കേരളത്തിലെ സിപിഐ(എം) ആരുതന്നെ നയിക്കുന്ന സർക്കാരുകളാകട്ടെ ജനാധിപത്യധ്വംസനത്തിൽ പരസ്പരം മത്സരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ജനാധിപത്യധ്വംസനത്തിന്റെ ഇതേ സമീപനം തന്നെയാണ് എൽഡിഎഫ് സർക്കാരിന്റെ പുതിയ ഓർഡിനൻസിലും പ്രതിഫലിക്കുന്നത്.

സർക്കാരും സിപിഐ(എം)ഉം അടുത്തിടെയായി മാധ്യമങ്ങൾക്കെതിരേ എടുത്തുകൊണ്ടിരിക്കുന്ന സമീപനം കൂടി ഇതിനോട് ചേർത്തു കാണണം. മാധ്യമപ്രവർത്തകരെയും സാധാരണ പൗരന്മാരെയും ഭീഷണിപ്പെടുത്തി, വിയോജിപ്പിന്റെ ശബ്ദങ്ങളെ അമർച്ച ചെയ്യാൻ പുതിയ കരിനിയമം സർക്കാരിന്റെ കൈകളിൽ ബലമുള്ള ആയുധമായി മാറും. വ്യവസ്ഥാപിത മാധ്യമങ്ങൾ മാത്രമല്ല, സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നവരും തങ്ങളുടെ താത്പര്യങ്ങൾക്കുവിധേയരായിരിക്കണം, തങ്ങൾക്കെതിരെ ശബ്ദിക്കാൻ ധൈര്യപ്പെടരുത് എന്ന് ഭരണകൂടവും മുതലാളിത്തവും ആഗ്രഹിക്കുന്നു. എസ്റ്റാബ്ലിഷ്മെന്റിനോട് താദാത്മ്യപ്പെട്ടുകഴിഞ്ഞ സിപിഐ(എം) മുതലാളിത്തത്തിന്റെ കാര്യക്ഷമതയുള്ള നടത്തിപ്പുകാരായി മാറിക്കഴിഞ്ഞിരിക്കുന്നുവെന്നതിന്റെ വ്യക്തമായ തെളിവുകളിലൊന്നാണ് പുതിയ ഓർഡിനൻസ്.


രാജ്യമൊട്ടാകെയും ലോകമൊട്ടാകെയും ഇന്ന് സമാനമായ രീതിയിൽ ജനങ്ങളുടെ അടിസ്ഥാന ജനാധിപത്യ അവകാശങ്ങളും, അഭിപ്രായസ്വാതന്ത്ര്യവും, പ്രതിഷേധിക്കാനുള്ള അവകാശവും കവർന്നെടുക്കുവാനുള്ള പല തരത്തിലുള്ള ശ്രമങ്ങൾ നടക്കുകയാണ്. ജനങ്ങളെ സത്യം അറിയിക്കുകയും, ജനകീയപ്രശ്നങ്ങൾ ചർച്ചയാക്കുകയും ചെയ്യുന്നതിൽ നിന്ന് മാധ്യമങ്ങളെ ഏതുവിധേനയും തടയുക എന്നതും എല്ലാ മുതലാളിത്ത ഭരണകൂടങ്ങളുടെയും മുഖമുദ്രയായിക്കഴിഞ്ഞിരിക്കുന്നു. യുഎസിലും, ചൈനയിലും, ഇന്ത്യയിലും ഒക്കെ ഇന്ന് വളരെ വ്യക്തമായി ഇത് ദൃശ്യമാണ്. യുപിയിൽ മാധ്യമപ്രവർത്തകർക്കെതിരേ യുഎപിഎ ചുമത്തി കേസെടുക്കുന്നതിലും, കേരളത്തിൽ അവരെ ഭീഷണിപ്പെടുത്തുന്നതിനു പിന്നിലും, ഒരേ ഭരണകൂടതാത്പര്യം തന്നെയാണ് ഒളിഞ്ഞിരിക്കുന്നത്.

മാധ്യമങ്ങളോടും ജനാധിപത്യ അവകാശങ്ങളോടും സ്വീകരിക്കേണ്ടുന്ന ഇടതുപക്ഷ സമീപനമല്ല സർക്കാരിനെ നയിക്കുന്ന സിപിഐ(എം) അനുവർത്തിക്കുന്നത്. ഒരു യഥാർത്ഥ ഇടതുപക്ഷ സർക്കാർ, തങ്ങൾക്കു ലഭ്യമായ പരിമിതമായ അധികാരമുപയോഗിച്ചും ജനങ്ങൾക്കൊപ്പം, ജനകീയ സമരങ്ങൾക്കൊപ്പം, തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിനൊപ്പം, നിലകൊള്ളണം. ജനാധിപത്യബോധം വളർത്താനും, ജനാധിപത്യ അവകാശങ്ങളും അഭിപ്രായസ്വാതന്ത്ര്യവും മാധ്യമസ്വാതന്ത്ര്യവും സംരക്ഷിക്കുവാനും അത്തരമൊരു സർക്കാർ നിലകൊള്ളണം.

കേരളത്തിൽ ഭരണം കൈയാളുന്ന സിപിഐ(എം)നും സിപിഐക്കും എന്തെങ്കിലും ഇടതുപക്ഷ മൂല്യങ്ങളോ ജനാധിപത്യബോധമോ അവശേഷിച്ചിട്ടുണ്ടെങ്കിൽ, അതു തെളിയിക്കേണ്ട സമയമാണിത്. ഇടതുപക്ഷമേലങ്കിയണിഞ്ഞുകൊണ്ട് മൂലധനശക്തികൾക്കു പാദസേവ ചെയ്യുന്നത് അവസാനിപ്പിക്കണം. അതിനവർ തയ്യാറാകുന്നില്ലെങ്കിൽ, അത് ഈ രാജ്യത്തെ ഇടതുപക്ഷ മുന്നേറ്റത്തോടും, ജനാധിപത്യപ്രക്ഷോഭങ്ങളോടും, ജനങ്ങളോട് ആകെത്തന്നെയും ചെയ്യുന്ന മാപ്പർഹിക്കാത്ത അപരാധമായി നാളെ ചരിത്രം വിലയിരുത്തും. ■

# മാനവരാശിയുടെ വിമോചന പാത ദീപ്തമാക്കിയ മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവം

**മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവം നൂറ്റിമൂന്ന് വർഷങ്ങൾ പിന്നിടുകയാണ്. ചരിത്രത്തിലാദ്യമായി ചൂഷകവർഗ്ഗത്തെ ഭരണകൂടാധികാരത്തിൽനിന്ന് നിഷ്കാസനം ചെയ്ത് ചൂഷിതവർഗ്ഗത്തെ അധികാരത്തിലേറ്റിയ തൊഴിലാളിവർഗ്ഗവിപ്ലവം മഹാനായ ലെനിന്റെ നേതൃത്വത്തിൽ റഷ്യയിൽ നടന്നത് 1917 നവംബർ 7നാണ്. ബോൾഷെവിക് പാർട്ടിയുടെ നേതൃത്വത്തിൽ തൊഴിലാളിവർഗ്ഗം ദരിദ്രകർഷകരുമായുള്ള സഖ്യത്തിൽ പട്ടാളക്കാരുടെ പിന്തുണയോടെ മുതലാളിവർഗ്ഗത്തെ അധികാരത്തിൽനിന്ന് തൂത്തെറിഞ്ഞു. സോഷ്യലിസ്റ്റ് ഭരണകൂടം സ്ഥാപിച്ചു. ലെനിന്റെ നേതൃത്വത്തിൽ റഷ്യൻ തൊഴിലാളിവർഗ്ഗം വർഷങ്ങളോളം നടത്തിയ തയ്യാറെടുപ്പ് വിപ്ലവവിജയത്തിന് പിന്നിലുണ്ട്.**



**ലോ**കമെമ്പാടുമുള്ള വിമോചനപ്പോരാട്ടങ്ങൾക്ക് സോവിയറ്റ് യൂണിയൻ നിലയ്ക്കാത്ത പ്രചോദനമായി മാറി. ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് രാഷ്ട്രം എന്ന നിലയിൽ സോവിയറ്റ് യൂണിയൻ ഉദയം ചെയ്തനാൾമുതൽ ലോകമെമ്പാടുനിന്നും എല്ലാവിഭാഗം ആളുകളുടെയും ശ്രദ്ധ അത് പിടിച്ചുപറ്റിയിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തകർ, രാഷ്ട്രീയ നിരീക്ഷകർ, സാധാരണജനങ്ങൾ, ലോകമെമ്പാടുമുള്ള തൊഴിലാളികൾ, ബുദ്ധിജീവികളും പ്രതിഭാശാലികളുമായ ആളുകൾ, എല്ലാവരും ഒട്ടൊരു കൗതുകത്തോടെയും അതിശയത്തോടെയും സോവിയറ്റ് യൂണിയനെ നോക്കിക്കണ്ടു. അക്കാലത്ത് സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുള്ള മുഴുവൻ ആളുകളും അത്ഭുതാദരങ്ങളോടെയാണ് സോവിയറ്റ് യൂണിയനെക്കുറിച്ച് അഭിപ്രായപ്രകടനങ്ങൾ നടത്തിയത്.

കാരണം, പട്ടിണിയും ചൂഷണവുമില്ലാത്ത, മർദ്ദകരും മർദ്ദിതരുമില്ലാത്ത ഒരു സമൂഹം മനുഷ്യന്റെ ദീർഘകാല സ്വപ്നമായിരുന്നു. സ്വപ്നമല്ല, സംഭവ്യമാണത് എന്ന് സോവിയറ്റ് യൂണിയൻ തെളിയിച്ചു. ഏഴുപതിറ്റാണ്ട് ലോകത്തിനുമുന്നിൽ പ്രകാശഗോപുരായി, പണിയെടുക്കുന്നവർക്കും ചൂഷിതർക്കും ആവേശവും ആശ്വാസവുമായി സോവിയറ്റ് യൂണിയൻ നിലകൊണ്ടു.

### മുതലാളിത്തത്തിന് പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾ സോഷ്യലിസം പരിഹരിച്ചു

സോവിയറ്റ് ഭരണകൂടം അധികാരം ഏറ്റെടുത്ത ഉടൻതന്നെ, ഭൂമിയുടെ മേലുള്ള സ്വകാര്യ ഉടമസ്ഥത ഇല്ലാതെയാക്കി. ഭൂമി കർഷകർക്ക് വിട്ടുകൊടുത്തു. മുതലാളിമാർ കൈയടിക്കവച്ചിരുന്ന സ്വത്ത് പിടിച്ചെടുത്തു. ഉൽപ്പാദനോപാധികൾ പിടിച്ചെടുത്ത് സാമൂഹ്യനിയന്ത്രണത്തിലാക്കി. മില്ലുകളും ഫാക്ടറികളും ഭൂമിയും റെയിൽവെയും ബാങ്കും എല്ലാം ജനങ്ങൾക്ക് അവകാശപ്പെട്ട പൊതുസ്വത്താക്കി.

ഇന്ത്യയുൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളിലെ നിത്യശാപമായ പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ, ചൂഷണം തുടങ്ങിയ എല്ലാ പ്രശ്നങ്ങളും സമ്പൂർണ്ണമായും ഇല്ലായ്മ ചെയ്തു സോവിയറ്റ് യൂണിയൻ. സാക്ഷരതയിൽ ഒന്നാമത്, ആരോഗ്യരംഗത്ത് മുൻപന്തിയിൽ, ലോകത്ത് ഏറ്റവും കൂടുതൽ ഡോക്ടർമാർ, വനിതാ ഡോക്ടർമാർ, എഞ്ചിനീയർമാർ, വനിതാ എഞ്ചിനീയർമാർ, ഏറ്റവും അധികം പുസ്തകം പ്രസാധനം ചെയ്യുന്ന രാജ്യം, ഭരണത്തിലും ആസൂത്രണത്തിലും ഏറ്റവും അധികം ജനകീയ പങ്കാളിത്തമുള്ള രാജ്യം, വിശേഷിച്ചും വനിതകളുടെ പങ്കാളിത്തം, എന്തിന് ലോകത്ത് ആദ്യത്തെ കൃത്രിമ ഉപഗ്രഹം നിർമ്മിച്ചതും കൃത്രിമ സൗരഉപഗ്രഹം വിക്ഷേപിച്ചതും ചന്ദ്രനിലേയ്ക്ക് ആദ്യത്തെ റോക്കറ്റ് വിക്ഷേപിച്ചതും മനുഷ്യൻ ആദ്യമായി ബഹിരാകാശ യാത്രനടത്തിയതും ഒരു വനിതയെ ബഹിരാകാശത്തെത്തിച്ചതും സോവിയറ്റ് യൂണിയൻ തന്നെ. ലോകത്തിലെ ആദ്യത്തെ ആറ്റമിക് പവ്വർ സ്റ്റേഷൻ നിർമ്മിച്ചതും ആദ്യത്തെ ഹിമഭേദിനി കപ്പൽ(ലെനിൻ) കടലിലിറക്കിയതും സോവിയറ്റ് യൂണിയനാണ്.

അമേരിക്കയും യൂറോപ്പും ലോകമുതലാളിത്തം ആകെ സാമ്പത്തിക മാന്ദ്യത്തിലും തുടർന്നുള്ള കുഴപ്പങ്ങളിലും മുങ്ങിത്താണു കൊണ്ടിരുന്നപ്പോൾ, ഫാക്ടറികൾ അടച്ചുപൂട്ടപ്പെട്ട് തൊഴിലാളികൾ തെരുവിലേയ്ക്ക് വലിച്ചെറിയപ്പെട്ടുകൊണ്ടിരുന്നപ്പോൾ സോവിയറ്റ് യൂണിയന് ഇതൊന്നും ബാധകമായിരുന്നില്ല എന്നുമാത്രമല്ല, വമ്പിച്ച സാമ്പത്തിക പുരോഗതി കൈവരിച്ചുകൊണ്ടുമിരുന്നു. 1930ൽ സോവിയറ്റ് യൂണിയൻ ലേബർ എക്സേഞ്ച് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്)അടച്ചുപൂട്ടി.കാരണം തൊഴിലില്ലായ്മ ഇതിനകം പരിഹരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. കുറ്റകൃത്യങ്ങളും വേശ്യാവൃത്തിയും ലൈംഗികരോഗങ്ങളും മദ്യപാനാസക്തിയും തുടങ്ങി ഒരു സമൂഹത്തിന്റെ പുഴുക്കുത്തുകൾപോലും ഒന്നാകെ ചുരുങ്ങിയ സമയംകൊണ്ട് നിർമ്മാർജ്ജനം ചെയ്തു. ഇതെല്ലാം നേടാൻ സോവിയറ്റ് യൂണിയന് അരശതാബ്ദം തികച്ചുവേണ്ടി വന്നില്ല. ഇതിന്റെ എല്ലാം തുടക്കമായിരുന്നു 1917ലെ വിപ്ലവം.

ആർക്കും നിരാകരിക്കാനാകാത്ത ചരിത്രസത്യങ്ങളാണ് ഇവയൊക്കെയെങ്കിലും ധാരാളം കഥകളും കെട്ടുകഥകളും അർദ്ധസത്യങ്ങളും ഏറിയ പങ്കും അസത്യങ്ങളും തുടക്കംമുതൽത്തന്നെ സോവിയറ്റ് യൂണിയനെക്കുറിച്ച് പ്രചരിക്കുന്നുണ്ട്, ബോധപൂർവ്വം പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ബോധപൂർവ്വം തെറ്റായകാര്യങ്ങൾ പ്രചരിപ്പിക്കുന്നത് ചിന്താക്കുഴപ്പം ഉണ്ടാക്കാൻ തന്നെയാകണം. സോവിയറ്റ് യൂണിയനിലെ ഗവൺമെന്റിന് അന്നാട്ടിലെ ജനങ്ങളോടുണ്ടായിരുന്ന കരുതൽ എത്ര പ്രധാനമായിരുന്നു എന്നതിനെക്കാൾ സോവിയറ്റ് യൂണിയൻ ഇരുമ്പുമറയിട്ട് പുറംലോകത്തുനിന്നും സ്വയം മറച്ചു പിടിച്ചിരുന്നു എന്നെഴുതുവാനായിരുന്നു ബൂർഷ്വാ മാധ്യമങ്ങൾക്ക് താൽപര്യം.എന്നാൽ ആ രാജ്യം സന്ദർശിക്കുന്നതിൽ ആർക്കുംതന്നെ വിലക്കുണ്ടായിരുന്നില്ല എന്ന് സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുള്ള ലോകനേതാക്കൾ ഉൾപ്പെടെയുള്ളവരുടെ എണ്ണവും അവരുടെ അഭിപ്രായങ്ങളും വ്യക്തമാക്കുന്നു. അസംഖ്യം ലോകനേതാക്കൾ സ്റ്റാലിൻ ജീവിച്ചിരുന്ന കാലത്ത് സോവിയറ്റ് യൂണിയൻ സന്ദർശിച്ചിട്ടുണ്ട്. രവീന്ദ്രനാഥ ടാഗോർ, ഹോവാർഡ് കെ.സ്മിത്, എച്ച്.ജി.വെൽസ്, അന്ന ലൂയിസ് സ്ട്രോംഗ് തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. അവരെല്ലാം തെളിവുസഹിതം തങ്ങൾ കണ്ട വിസ്മയകരമായ കാഴ്ചകൾ രേഖപ്പെടുത്തുകയും നിരവധി ഗ്രന്ഥങ്ങൾ രചിക്കുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയെല്ലാം കവച്ചുവയ്ക്കുംവിധമാണ് സോവിയറ്റ് യൂണിയനെക്കുറിച്ചും വിശിഷ്യ സ്റ്റാലിനെ കുറിച്ചുമുള്ള ദുഷ് പ്രചാരണങ്ങൾ.

ഇതര രാജ്യങ്ങളിലെ ഭരണാധികാരികൾ വളരെ നിക്ഷിപ്തമായ താൽപര്യങ്ങളോടെ സ്വന്തം ജനങ്ങൾക്കു മുമ്പിൽ കർട്ടനിട്ട് സോവിയറ്റ് യൂണിയന്റെ നേട്ടങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽപെടാതെ മറച്ചുപിടിക്കാൻ ശ്രമിക്കുകയായിരുന്നു എന്ന യാഥാർത്ഥ്യത്തെക്കൂടെ മറച്ചുപിടിക്കാനായിരുന്നിരിക്കണം ഈ ദുഷ് പ്രചാരണങ്ങൾ. എന്നാൽ ഇന്ത്യയുൾപ്പെടെയുള്ള മൂന്നാം ലോകരാജ്യങ്ങൾ തങ്ങളുടെ അടിസ്ഥാനമുറപ്പിച്ചത് സോവിയറ്റ് യൂണിയന്റെ സഹായത്തോടെ ആണ് എന്നതും ആർക്കും നിരാകരിക്കാനാകാത്ത സത്യം മാത്രമാണ്. ഇന്ത്യയിലെ ഖനി, ഘന, ഇരുമ്പ്, ഉരുക്ക് വ്യവസായങ്ങളെല്ലാം സോവിയറ്റ് യൂണിയന്റെ സഹായത്തോടെ ആരംഭിച്ചതാണ്. ഭക്രാനംഗൽ അണക്കെട്ടും കൽക്കത്തയിലെ മെട്രോയും സോവിയറ്റ് യൂണിയന്റെ സംഭാവനതന്നെ. ഇന്ത്യയിലെ ആരോഗ്യ, വിദ്യാഭ്യാസ, കാർഷിക മേഖലകളുടെ അടിത്തറ ഒരുക്കപ്പെട്ടതും സോവിയറ്റ് യൂണിയന്റെ സഹായത്തോടെയാണ്. ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹം ആര്യഭട്ട നിർമ്മിച്ചതും വിക്ഷേപിച്ചതും സോവിയററ് യൂണിയനിലെ സ്പേസ് സ്റ്റേഷനിൽനിന്നാണ്. *(ഇന്തോ സോവിയറ്റ് കോ-ഓപ്പറേഷൻ ആന്റ് ഇക്കണോമിക് ഡെവലപ്പ്മെന്റ് ഓഫ് ഇന്ത്യ, ആർ.കെ.ശർമ്മ, ചപ്ര യൂണിവേഴ്സിറ്റി, ബീഹാർ)* അങ്ങനെ നീണ്ടുനീണ്ടുപോകുന്ന പട്ടിക.

### സാമൂഹ്യപ്രശ്നങ്ങൾ മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്

മുതലാളിത്തത്തിന് ബദലില്ല എന്നും സോഷ്യലിസം തകർന്നതോടെ മാർക്സിസം അസ്തമിച്ചു എന്നും ഘോഷിക്കുന്നവർക്ക് ലോകചരിത്രത്തിൽ സോവിയറ്റ് യൂണിയനിലും ഇതരസോഷ്യലിസ്റ്റ് രാജ്യങ്ങളിലും മാത്രമായി എങ്ങനെ മനുഷ്യന്റെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുവെന്നും മുതലാളിത്ത രാജ്യങ്ങൾക്ക് എന്തുകൊണ്ട് ഈവകകാര്യങ്ങൾ സാധിക്കുന്നില്ല എന്നും പറയാനാകുന്നില്ല.

മുതലാളിത്തത്തിന് പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല എന്നു മാത്രമല്ല, പ്രശ്നങ്ങൾ മുതലാളിത്തത്തിന്റെ സൃഷ്ടിയാണ്. ഉൽപ്പാദനോപാധികളിന്മേൽ സ്വകാര്യ ഉടമസ്ഥതയും ലാഭത്തെ ലാക്കാക്കിയുള്ള ഉൽപ്പാദനവുമാണ് മുതലാളത്തത്തിന്റെ സവിശേഷത. ജനങ്ങളുടെ ജീവിതാവശ്യകതകളുടെ പൂർത്തീകരണം മുതലാളിത്തത്തിന്റെ വിദൂരപരിഗണയിൽപ്പോലും വരുന്നില്ല. മുതലാളിമാർക്ക് ലാഭം കിട്ടണമെങ്കിൽ ചരക്കുകൾ വിറ്റഴിക്കപ്പെടണം. ചരക്കുകൾ വിറ്റഴിക്കപ്പെടാനുള്ള കമ്പോളം ജനങ്ങളുടെ ക്രയശേഷിയാണ്. എന്നാൽചൂഷണത്തിലധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥിതി തൊഴിലാളികളെ നിരന്തരം ചൂഷണം ചെയ്യുന്നതിനാൽ ജനങ്ങളുടെ വരുമാനം കുറയുകയും യഥാർത്ഥ കമ്പോളം ചുരുങ്ങുകയുംചെയ്യുന്നു. തന്മൂലം വിപണിയെ ലാക്കാക്കി മാത്രം ഉൽപ്പാദനം നടത്തുന്ന മുതലാളിത്തം അനിവാര്യമായും പ്രതിസന്ധിയിലാകുന്നു. ഉൽപ്പാദിപ്പിച്ച ചരക്കുകൾ വിറ്റഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്നു. തന്മൂലം ഉൽപ്പാദനം കുറയ്ക്കുവാൻ മുതലാളിമാർ നിർബന്ധിതരാകുന്നു. അവർ ഉൽപ്പാദനശാലകളിൽ ലോക്കൗട്ട്, ലേഓഫ്, പിരിച്ചുവിടൽ തുടങ്ങിയ നടപ്പിലാക്കുന്നു. തൊഴിലാളികൾക്ക് ഉള്ള തൊഴിൽകൂടെ നഷ്ടമാകുന്നു. വരുമാനം കുറയുന്നു. കമ്പോളം വീണ്ടും ഇടിയുന്നു. ഉൽപ്പന്നങ്ങൾ കൂടുതലാണ് എന്ന കാരണത്താൽ യഥാർത്ഥ ഉൽപ്പാദകരായ തൊഴിലാളികൾക്ക് ഒരു ഉൽപ്പന്നവും വാങ്ങി ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ വരുന്നു. സമൃദ്ധിയുടെ നടുവിലെ ദാരിദ്ര്യം. ഈ പ്രതിസന്ധിയാണ് മുതലാളിത്ത രാജ്യങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്നത്.

എന്നാൽ സോഷ്യലിസ്റ്റ് സമ്പദ്ക്രമത്തിൽ ഉൽപ്പാദന ഉപാധികളുടെ ഉടമസ്ഥത സാമൂഹികമാണ്, ഉൽപ്പാദന ലക്ഷ്യമാകട്ടെ സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുകയെന്നതും. ലാഭം ഉൽപ്പാദനത്തിന്റെ ലക്ഷ്യമേയല്ല. അതിനാൽ സോഷ്യലിസത്തെ സംബന്ധിച്ചിടത്തോളം കമ്പോള പ്രതിസന്ധി എന്നൊരു പ്രശ്നമേ ഉദിക്കുന്നില്ല. ജനങ്ങളുടെ നിരന്തരം വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് ഉൽപ്പാദനത്തിന്റെ ലക്ഷ്യമെന്നതിനാൽ ഉൽപ്പാദനം വർദ്ധിച്ചുകൊണ്ടേയിരിക്കണം. തൊഴിലവസരങ്ങൾ നിരന്തരം സൃഷ്ടിപ്പെട്ടുകൊണ്ടേയിരിക്കണം. അതിനാൽ തൊഴിലില്ലായ്മ എന്നൊരു പ്രശ്നവും ഉദിക്കുന്നില്ല. മുതലാളിത്തം മാനവചരിത്രത്തെ സംബന്ധിച്ച് അവസാനവാക്കല്ല. സമൂഹം മുന്നോട്ടാണ്. സോഷ്യലിസവും പിന്നിട്ട് മനുഷ്യസമൂഹം മുന്നേറും. അതാണ് അനിവാര്യമായ ചരിത്രഗതി.

### സോവിയറ്റ് യൂണിയൻ ഒറ്റനോട്ടത്തിൽ

മൂന്ന് നൂറ്റാണ്ടുകൊണ്ട് മുതലാളിത്ത രാജ്യങ്ങൾക്ക് നേടാൻ സാധിക്കാതിരുന്ന നേട്ടങ്ങൾ കേവലം മൂന്ന് പതിററാണ്ടുകൾകൊണ്ട് സോവിയറ്റ് യൂണിയൻ കൈവരി

(ശേഷം 9–ാം പേജിൽ)

## മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവം:

# സഖാവ് പ്രൊവാഷ് ഘോഷിന്റെ ആഹ്വാനം

**സ**ഖാക്കളെ,

മഹത്തായ നവംബർ സോഷ്യലിറ്റ് വിപ്ലവത്തിന്റെ 103-ാം വാർഷികം സമാഗതമാകുന്ന ഈ സന്ദർഭം, നമ്മുടെ രാജ്യം മാത്രമല്ല ലോകമാസകലം ജനങ്ങൾ കോവിഡ്-19 മഹാമാരിയുടെ പിടിയിലമർന്നിരിക്കുന്ന സാഹചര്യമാണ് ഒരുവശത്ത്. ലക്ഷക്കണക്കിന് ആളുകൾ ഈ മഹാവ്യാധിമൂലം ഇതിനകം മരണമടഞ്ഞു. മറുവശത്താകട്ടെ, മൂർഛിച്ചുകൊ ണ്ടേയിരിക്കുന്ന സാമ്പത്തികമാന്ദ്യത്തെത്തുടർന്ന് ലോകജനസംഖ്യയുടെ പകുതിയും തൊഴിലില്ലായ്മയുടെയും പിരിച്ചുവിടലിന്റെയും ഭീഷണിയിൽ പെട്ടിരിക്കുന്നു. തന്മൂലം ലക്ഷക്കണക്കിനാളുകൾ പട്ടിണിയിലേയ്ക്കും മരണത്തിലേയ്ക്കും തള്ളിവിടപ്പെട്ടിരിക്കുന്നു.

ഒറ്റവാക്കിൽ പറഞ്ഞാൽ മാനവരാശി ഒന്നാകെ മുമ്പുണ്ടായിട്ടില്ലാത്തത്ര വലിയ പ്രതിസന്ധിയെയാണ് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. മുതലാളിത്ത സാമ്രാജ്യത്വ ഭരണാധികാരികൾ ഹീനമായ ലാഭതാല്പര്യം മാറ്റിവച്ച് സമയോചിതമായി ഇടപെടുകയും പട്ടാള ബജറ്റ് വെട്ടിച്ചുരുക്കി ജനങ്ങൾക്ക് ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നുവെങ്കിൽ വൈറസിന്റെ വ്യാപനവും ഒപ്പം ഇത്ര വലിയ ജീവഹാനിയും തടയാനാകുമായിരുന്നു എന്നത് വളരെ വ്യക്തമായ കാര്യമാണ്.

സാമ്പത്തിക മാന്ദ്യവും അനുബന്ധ പ്രശ്നങ്ങളും മുതലാളിത്ത സാമ്രാജ്യത്വ സമ്പദ്ഘടനയുടെ അനിവാര്യ ബഹിർസ്ഫുരണങ്ങളാണ് എന്നതും ഏവർക്കും അറിവുള്ളതാണല്ലോ. പരമാവധി ലാഭമെന്ന ദുരയിൽ ബഹുരാഷ്ട്ര കുത്തകകളും കുത്തകമുതലാളിമാരും നടത്തുന്ന ചൂഷണം കോടിക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെ ഞെരിച്ചമർത്തുകയാണ്.

മുതലാളിത്തത്തിന്റെ, അനിവാര്യമായും സംഭവിക്കാനിരിക്കുന്ന അത്യന്തം വിനാശകരമായ ഈ പരിണതി വളരെ മുമ്പുതന്നെ മഹാന്മാരായ മാർക്സും എംഗൽസും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ലോകമെമ്പാടുമുള്ള തൊഴിലാളികളോട് സംഘടിക്കുവാനും വിപ്ലവം സംഘടിപ്പിക്കുവാനും മുതലാളിത്തത്തെ നിഷ്കാസനം ചെയ്ത് കമ്മ്യൂണിസത്തിന്റെ ആദ്യപടിയായ സോഷ്യലിസം സ്ഥാപിക്കുവാനും അവർ ആഹ്വാനം ചെയ്തു.

മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവം വിജയകരമായി പൂർത്തിയാക്കുകവഴി മഹാന്മാരായ ലെനിനും സ്റ്റാലിനും ഈ ചരിത്രദൗത്യം യാഥാർത്ഥ്യമാക്കി. മാനവചരിത്രത്തിൽ ആദ്യമായി എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അടിച്ചമർത്തലിൽനിന്നും മുക്തമായ ഒരു സമൂഹം സ്ഥാപിക്കപ്പെട്ടു. മാർക്സിസ്റ്റ് ലെനിനിസ്റ്റ് തത്വശാസ്ത്രത്തെ അടിസ്ഥാനമാക്കി ഒരു സോഷ്യലിസ്റ്റ് സാമൂഹ്യക്രമം സ്ഥാപിക്കപ്പെട്ടു. സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും വികാസം പ്രാപിച്ച സമൂഹം, എല്ലാവർക്കും തൊഴിൽ ലഭ്യമാക്കിയ, തൊഴിലില്ലായ്മയും പട്ടിണിയും ഭിക്ഷാടനവും ഉന്മൂലനം ചെയ്ത, ദേശീയതാ പ്രശ്നങ്ങളും വംശീയ വൈരുദ്ധ്യങ്ങളും പരിഹൃതമായ, സ്ത്രീ പുരുഷവിവേചനവും അസമത്വവും തൊഴിലാളികൾക്ക് സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും, എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസവും സൗജന്യ ചികിത്സയും ഉറപ്പാക്കപ്പെട്ട രാജ്യം. നിരായുധീകരണത്തിനുവേണ്ടിയും കൊളോണിയൽ വാഴ്ചയ്ക്കും യുദ്ധത്തിനുമെതിരെയും സോവിയറ്റ് യൂണിയൻ സ്വീകരിച്ച ശക്തമായ നിലപാട് കോളണികളിലെയും അർദ്ധകോളണികളിലെയും സ്വാതന്ത്ര്യ സമരങ്ങളെയും വിമോചനപ്പോരാട്ടങ്ങളെയും ശക്തിപ്പെടുത്തി. രണ്ടാംലോകമഹായുദ്ധത്തിൽ വിനാശകാരിയായ ഫാസിസ്റ്റ് ശക്തിയെ പരാജയപ്പെടുത്തി മാനവരാശിയെ രക്ഷിക്കുന്നതിൽ ഐതിഹാസികമായ പങ്കുവഹിച്ചു.

പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളെയാകെ ഇരുട്ടുവിഴുങ്ങിയിരുന്നപ്പോൾ ലോകമെമ്പാടുമുള്ള അടിച്ചമർത്തപ്പെടുന്ന ജനവിഭാഗങ്ങൾക്ക് പ്രതീക്ഷയായി പാശ്ചാത്യ ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ട വെള്ളിവെളിച്ചമായിരുന്ന സോവിയറ്റ് യൂണിയൻ. പാശ്ചാത്യരാജ്യങ്ങളിലെയും കോളനികളിലെയും നിരവധി മഹാന്മാരും മാനവവാദികളും സോവിയറ്റ് യൂണിയനെ പ്രകീർത്തിച്ചു.

മാനവരാശിക്ക് പ്രതീക്ഷയായി ഏതാനും ദശകങ്ങൾ നിലകൊണ്ട ഈ പുതിയ സംസ്കൃതി, സ്റ്റാലിനനന്തരകാലഘട്ടത്തിൽ സംഭവിച്ച പിശകുകളെയും മാർക്സിസത്തിൽനിന്നുള്ള വ്യതിയാനങ്ങളെയും മുതലാക്കിക്കൊണ്ട് സാമ്രാജ്യത്വശക്തികൾ സോവിയറ്റ് യൂണിയന്റെ ഉള്ളിലുള്ള ശത്രുക്കളെ ഉപയോഗപ്പെടുത്തി നടത്തിയ പ്രതിവിപ്ലവത്തിലൂടെ തകർക്കപ്പെടുകയും മുതലാളിത്തം പുനസ്ഥാപിക്കപ്പെടുകയുംചെയ്തു എന്നത് തികച്ചും ദൗർഭാഗ്യകരമാണ്. പാരീസ് കമ്മ്യൂണിന്റെ തകർച്ച മാർക്സിസത്തെ ശക്തിപ്പെടുത്തുകയാണ് ഉണ്ടായത്, നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന് അതിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനായി. അതുപോലെ, മഹാനായ മാർക്സിസ്റ്റ് ദാർശനികൻ ശിബ്ദാസ് ഘോഷ് ചൂണ്ടിക്കാണിച്ചതു പോലെ വരാനിരിക്കുന്ന വിപ്ലവങ്ങൾ സോവിയറ്റ് യൂണിയന്റെ തകർച്ചയിൽ നിന്നും കൂടുതൽ സമ്പന്നമായ പാഠങ്ങൾ ഉൾക്കൊണ്ടവതന്നെയായിരിക്കും.

ലോകസാഹചര്യം ഇന്ന് അത്യന്തം ദയനീയവും ഭീതിദവുമാണ്. ലോകമുതലാളിത്ത ശക്തികൾ മരണാസന്നമാണ്. എന്നാൽ ഇനിയും മൃതമായിട്ടില്ല. ഒരു സാമൂഹ്യവ്യവസ്ഥയും സ്വയം നിഷ്ക്രമിച്ചിട്ടില്ല. ജീർണ്ണവും ദുഷിച്ചതും ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദുർഗന്ധം വമിപ്പിക്കുന്നതുമായ മുതലാളിത്തം ഊർദ്ധശ്വാസം വലിക്കുകയാണ്.

അങ്ങനെ സാമ്പത്തികമായും സൈദ്ധാന്തികമായും രാഷ്ട്രീയമായും ധാർമ്മികമായും മുതലാളിത്തം മാനവരാശിയെ സമ്പൂർണ്ണ നാശത്തിലേയ്ക്ക് തള്ളിവിടുകയാണ്. മറ്റൊരു സോഷ്യലിസ്റ്റ് വിപ്ലത്തെ ഭയക്കുന്ന മുതലാളിത്തത്തിന്റെ വക്താക്കളും കൂലിക്കാരായ രാഷ്ട്രീയക്കാരും സാമ്പത്തിക ശാസ്ത്രജ്ഞൻമാരും ഊർദ്ധശ്വാസം വലിക്കുന്ന മുതലാളിത്തത്തെ രക്ഷപ്പെടുത്താൻ പോംവഴി അന്വേഷിച്ച് രാവും പകലും ഉറക്കമൊഴിക്കുകയാണ്, എന്നാൽ അക്കൂട്ടർ ഇരുട്ടിൽ തപ്പുകയാണ് എന്നു മാത്രം.

മറുവശത്ത് തൊഴിലാളികളുടെ പ്രതിഷേധങ്ങൾ അലയടിച്ചുയരുകയാണ്, ഫാസിസ്റ്റ് മുതലാളിത്ത ഭരണകൂടങ്ങൾ എല്ലായിടത്തും നിർദ്ദയം ഈ മുന്നേറ്റങ്ങളെ അടിച്ചമർത്തുകയുമാണ്. അടിച്ചമർത്തൽ നിർദ്ദയവും കഠോരവുമാകുന്നതിനനുസരിച്ച് എല്ലാ അടിച്ചമർത്തലുകളെയും മറികടന്ന് ജനങ്ങളുടെ പൊട്ടിത്തെറികൾ എമ്പാടും ഉയരുകയാണ്. അടിച്ചമർത്തപ്പെടുന്ന ജനങ്ങൾ അവർ നിർഭയരാണ്, ധീരരാണ്, പോരാളികളാണ് എന്നാൽ അവരെ നയിക്കാൻ ഉചിതമായ ഒരു നേതൃത്വമോ വിപ്ലവതത്വശാസ്ത്രമോ ഉയർന്ന സംസ്കാരിക ധാരണകളോ ഇല്ല. അതിനാൽ മാർക്സിസം ലെനിനിസം സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകളാൽ സായുധരായ തൊഴിലാളിവർഗ്ഗ പാർട്ടി എല്ലാ രാജ്യങ്ങളിലും വികസിപ്പിച്ചെടുക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഇന്നത്തെ അടിയന്തര ആവശ്യകത.

ഈ പശ്ചാത്തലത്തിൽ, ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികനായ സഖാവ് ശിബ്ദാസ് ഘോഷിനാൽ സ്ഥാപിതമായ എസ് യുസിഐ (കമ്മ്യൂണിസ്റ്റ്)പാർട്ടിയുടെ പ്രവർത്തകർ എന്ന നിലയിൽ നമ്മിൽ അർപ്പിതമായിരിക്കുന്ന ദൗത്യം ഈ പ്രസ്ഥാനത്തെ നമ്മുടെ രാജ്യത്ത് ദൃഢീകരിക്കുകയും വിപുലീകരിക്കുകയും ചെയ്യുക, ഉന്നതമായ വിപ്ലവാശയങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗ ബഹുജന പ്രക്ഷോഭങ്ങൾ പടുത്തുയർത്തുക, അതിലൂടെ മറ്റ് രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗത്തെയും പ്രചോദിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ്. നവംബർവിപ്ലവത്തിന്റെ 103-ാം വാർഷികത്തിന്റെ ആഹ്വാനവുമിതാണ്.

വിപ്ലവാഭിവാദനങ്ങളോടെ,
**പ്രവാഷ് ഘോഷ്**
*ജനറൽസെക്രട്ടറി,*
*എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)*

---

*(8-ാം പേജിൽ നിന്ന്)*

ച്ചു. മനുഷ്യനെ പുതുക്കി പണിയുകയായിരുന്ന സോവിയറ്റ് യൂണിയൻ വിദ്യഭ്യാസത്തിലൂടെ ഉന്നം വച്ചത്. അതിന്റെ പ്രതിഫലനങ്ങളും പ്രസരിപ്പും സാമൂഹ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും ദൃശ്യമായിരുന്നു. ഉയർന്ന ധാർമ്മിക ബോധത്തെയും ഉയർന്ന സദാചാര സാംസ്കാരിക ധാരണകളെയും അടിസ്ഥാനമാക്കി പുതിയൊരു ജീവിതവീക്ഷണവും അഭിരുചിയും സോഷ്യലിസം ജനങ്ങൾക്ക് പകർന്നുകൊടുത്തു.

സാധ്യമായ തന്റെ അദ്ധ്വാനം മുഴുവൻ സമൂഹത്തിന് ആവശ്യമാണ് എന്ന തിരിച്ചറിവിൽ വെല്ലുവിളിയായി അത് ഏറ്റെടുത്ത സ്റ്റെഖനോവൈറ്റുകൾ, ജനങ്ങളുടെ വിശപ്പും പട്ടിണിയും അകറ്റാൻ കൂട്ടുകൃഷിക്കളങ്ങളിൽ പരമാവധി ഉൽപ്പാദനം അനിവാര്യമാണ് എന്ന് തിരിച്ചറിഞ്ഞ് മത്സരബുദ്ധിയോടെ പണിയെടുക്കുന്ന കൂട്ടുകൃഷിക്കളങ്ങളിലെ കർഷകർ ട്രെയിനും ട്രാക്ടറും ഓടിക്കുന്ന വനിതകൾ അങ്ങനെ സോവിയറ്റ് യൂണിയനിലെ ജനങ്ങൾ കീഴടക്കാത്തതായി യാതൊന്നുമുണ്ടായില്ല. രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്ന ഘട്ടത്തിൽ സോവിയറ്റ് യൂണിയനിൽ 4000 ലോക്കോപൈലറ്റുമാർ വനിതകളായിരുന്നു. ലോകത്ത് അന്ന് മറ്റൊരു രാജ്യത്തും വനിതകൾ ആ ജോലി ചെയ്തിരുന്നില്ല.

സാറിസ്റ്റ് റഷ്യയിൽ സാക്ഷരത 9 ശതമാനമായിരുന്നു. കിർഗിസ്ഥാനിൽ 2000ൽ ഒരാൾക്കു പോലും വായിക്കാനും എഴുതാനും അറിയുമായിരുന്നില്ല വിപ്ലവത്തിന്റെ സമയത്ത്. എന്നാൽ ഒന്നാം പഞ്ചവത്സരപദ്ധതി പൂത്തിയായ 1931ൽ സാക്ഷരത 91 ശതമാനായി ഉയർന്നു. റഷ്യയിൽ മാത്രമല്ല, പതിനഞ്ചു ദേശീയതകളിലും ഇതു തന്നെയായിരുന്നു സ്ഥിതി.

'ഞാൻ സന്ദർശിച്ച എല്ലാ സ്കൂളുകളും നഴ്സറികൾ മുതൽ യൂണിവേഴ്സിറ്റികൾവരെ നല്ല കെട്ടിടങ്ങൾ, നവീകരിച്ച ക്ലാസ്സ് മുറികൾ, സ്കൂളുകളിൽ കുട്ടികൾക്കായി ഷോപ്പുകൾ, ജിംനേഷ്യങ്ങൾ, ലബോറട്ടികൾ, ലൈബ്രറികൾ, ആഡിറ്റോറിയങ്ങൾ തുടങ്ങി എല്ലാ സജ്ജീകരണങ്ങളുമുണ്ടായിരുന്നു. വൃത്തിയും വെടിപ്പും എവിടെയും പ്രകടമായിരുന്നു. കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യപരിരക്ഷയ്ക്കുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ എവിടെയും കാണാമായിരുന്നു. സൂര്യപ്രകാശം, ശുദ്ധവായു, ശുദ്ധജലം ഇവയാണ് ഞങ്ങളുടെ കുട്ടികളുടെ നല്ല ചങ്ങാതിമാർ എന്ന് സോവിയറ്റ് യൂണിയനിലെ ഡോക്ടർമാർ അഭിപ്രായപ്പെടുമായിരുന്നു. സ്കൂളുകളിൽ കുട്ടികൾക്ക് പോഷകാഹാരവും നിരന്തരമായ വൈദ്യപരിശോധനയും ഉറപ്പാക്കപ്പെട്ടിരുന്നു.*(സോവിയറ്റ് എഡ്യൂക്കേഷൻ, സ്കോട് നിയറിങ്)*

'സോവിയറ്റ് യൂണിയനിൽ സ്വകാര്യവിദ്യാലയങ്ങളില്ല. വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാണ്. സ്കൂൾ വിദ്യാഭ്യാസം മാത്രമല്ല, ഉന്നതവിദ്യാഭ്യാസവും സൗജന്യമായിരുന്നു. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:17 ആയിരുന്നു. സ്കൂളുകളിൽ നൂറിൽപരം ഭാഷകൾ പഠിപ്പിക്കുന്നുണ്ട്. ഓരോ റിപ്പബ്ലിക്കിലുമുള്ള വിദ്യാർത്ഥികൾ അതതു മാതൃഭാഷയിലാണ് പഠിക്കുന്നത്. റഷ്യൻ ഉപഭാഷയാണ്. ഒപ്പം ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങി നിരവധി വിദേശഭാഷകളും...'*(ലാന്റ്സ് ആന്റ് പീപ്പിൾസ് ഓഫ് യുഎസ്എസ്ആർ,കാത്‌ലിൻ ടെയ്‌ലർ).*

ഒന്നാംപഞ്ചവത്സരപദ്ധതി പൂർത്തിയായപ്പോൾ ബ്രിട്ടനും ഫ്രാൻസും ജർമ്മനിയും കൂടെ ആകെ പ്രസിദ്ധീകരിച്ചതിലേറെ പുസ്തകങ്ങൾ സോവിയറ്റ് യൂണിയൻ മാത്രമായി പ്രസിദ്ധീകരിച്ചിരുന്നു. *(സ്റ്റാലിൻ യുഗം, അന്ന ലൂയിസ് സ്ട്രോംഗ്)*

സോവിയറ്റ് യൂണിയൻ ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകി. വിദ്യാഭ്യാസം നേടിയ ജനങ്ങൾ വിദ്യാഭ്യാസമുൾപ്പെടെ സാമൂഹ്യ ജീവിതത്തിന്റെ എല്ലാതുറകളിലും പണിയെടുത്ത് പുതിയ സമൂഹത്തിന്റെ നിർമ്മിതിയിൽ പങ്കാളികളായി.

സാറിസ്റ്റ് റഷ്യയിൽ സമ്പന്നരുടെ ആർഭാടമായിരുന്നു സ്പോർട്സ്. എന്നാൽ സോവിയറ്റ് യൂണിയനിൽ കായിക സംസ്കാരം നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു. വിദ്യാലയങ്ങളിൽ, കൂട്ടുകൃഷിക്കളങ്ങളിൽ, യൂണിവേഴ്സി റ്റികളിൽ, ഫാക്ടറികളിൽ ഒക്കെ ജിംനേഷ്യങ്ങളും കായിക പരിശീലനവുമുണ്ടായിരുന്നു. ആകെ 9 തവണമാത്രമേ സോവിയറ്റ് യൂണിയൻ ഒളിമ്പിക്സിൽ പങ്കെടുത്തിട്ടുള്ളൂ. അതിൽ 6 തവണയും സോവിയറ്റ് യൂണിയൻ മെഡൽനിലയിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കി.

സോവിയറ്റ് യൂണിയനിൽ സ്വകാര്യ ആശുപത്രികൾ ഉണ്ടായിരുന്നില്ല. ശക്തമായ പൊതുജനാരോഗ്യസംവിധാനത്തിലൂടെ ലോകത്തിലെ ഏറ്റവും ആരോഗ്യമുള്ള ജനതയായി സോവിയറ്റ് യൂണി

*(ശേഷം 10-ാം പേജിൽ)*

# ഇന്ത്യൻ റെയിൽവെ കുത്തകകൾക്ക് കൈമാറാനുള്ള ഗൂഢാലോചനയെ ചെറുക്കുക

**കോവിഡ്-19 മഹാമാരിയെ തുടർന്ന് രാജ്യത്തെ ജനങ്ങൾ അത്യന്തം വേദനാജനകമായ ഒരു കാലഘട്ടത്തിലൂടെ കടന്നു പോകുകയാണ്. തൊഴിൽ നഷ്ടം, വരുമാന നഷ്ടം, ഏറിവരുന്ന ആരോഗ്യപ്രശ്നങ്ങൾ, ഇതെല്ലാം സൃഷ്ടിക്കുന്ന മാനസികാഘാതങ്ങൾ, കടിയേറ്റ തൊഴിലാളികൾ നേരിടുന്ന ജീവിതപ്രശ്നങ്ങൾ തുടങ്ങി നിരവധിയായ പ്രശ്നങ്ങൾ അവരെ വിടാതെ പിന്തുടരുന്നു. അതിരൂക്ഷമായ ഈ പ്രശ്നങ്ങൾക്കിടയിൽ, പാർലമെന്റിനകത്തോ പുറത്തോ യാതൊരു വിധത്തിലുള്ള ചർച്ചകൾക്കും ഇടം കൊടുക്കാതെ റെയിൽവെ, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളിൽ കേന്ദ്ര സർക്കാർ പുതിയ നയങ്ങൾ നടപ്പിലാക്കുകയാണ്.**

**109** ജോഡി റൂട്ടുകളിലായി 151 ട്രെയിനുകൾ സ്വകാര്യമേഖലയിൽ സർവീസ് നടത്തുമെന്നും സ്വകാര്യമേഖല 30,000 കോടി രൂപ നിക്ഷേപിക്കുമെന്നും 2020 ജൂലൈ 1 ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. ട്രെയിനും ലോക്കോമോട്ടീവുകളും അവർക്കിഷ്ടമുള്ളിടത്തു നിന്നും വാങ്ങാൻ സ്വകാര്യ കമ്പനികളെ അനുവദിക്കും. യാത്രാനിരക്കുകൾ നിക്ഷേപകർ നിശ്ചയിക്കും, സർക്കാരിനോ റെയിൽവേയ്ക്കോ അതിൽ യാതൊരു പങ്കുമുണ്ടായിരിക്കുന്നതല്ല. ഇതിനെത്തുടർന്ന് ജൂലൈ 2 ന് റെയിൽവേ ബോർഡ് 50 ശതമാനം ഒഴിവുകൾ വെട്ടിക്കുറയ്ക്കാനും പുതിയ തസ്തികകൾ മരവിപ്പിക്കാനും സോണൽ ആഫീസുകൾക്ക് കത്ത് നൽകി.

2018 മുതൽ റെയിൽവേയ്ക്ക് സുരക്ഷാ വിഭാഗത്തിൽ 72,274 ഉം ഇതര വിഭാഗങ്ങളിൽ 68,366 ഉം ഒഴിവുകളുണ്ട്. മൊത്തം ഒഴിവുകളുടെ എണ്ണം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്ത പ്രകാരം 1,40,640 ആണ്. ട്രെയിനുകളുടെ സുരക്ഷയ്ക്കും കാര്യക്ഷമമായ ഓട്ടത്തിനും ആവശ്യമായ തസ്തികകൾ നികത്തുന്നതിനുപകരം, ഉദ്യോഗസ്ഥരുടെ എണ്ണം കുറയ്ക്കാൻ സർക്കാർ പദ്ധതിയിടുന്നു. 14 ലക്ഷം ജീവനക്കാരുള്ള രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനവും തൊഴിൽദാതാവുമായ ഇന്ത്യൻ റെയിൽവേയെ സ്വകാര്യവൽക്കരിക്കാനുള്ള മോദി ഗവൺമെന്റിന്റെ പദ്ധതിയുടെ ഭാഗമാണ് ഈ നടപടികൾ. ബിപിസിഎൽ, ബിഎസ്എൻഎൽ മുതലായ മഹാരത്ന, നവരത്ന സ്ഥാപനങ്ങൾ ഈ പട്ടികയിൽ ഉൾപ്പെടുന്നു.

160 വർഷത്തിലേറെ ചരിത്രമുള്ള ഇന്ത്യൻ റെയിൽവേ ലോകത്തിലെ ഏറ്റവും വലുതും തിരക്കേറിയതുമായ റെയിൽവേ ശൃംഖലയാണ്. ഇൻഡ്യൻ റെയിൽവേ ദിനംപ്രതി രാജ്യത്തുടനീളം ശരാശരി 3 കോടി യാത്രക്കാരെ വഹിക്കുന്നതിനൊപ്പം 30 ലക്ഷം ടൺ ചരക്കും കടത്തിക്കൊണ്ടു പോകുന്നു. 14 ലക്ഷം ജീവനക്കാരുള്ള ഇന്ത്യയിലെ ഏറ്റവും വലുതും ലോകത്തെ എട്ടാമത്തെ ഏറ്റവും വലുതുമായ തൊഴിൽദാതാവാണ് ഇൻഡ്യൻ റെയിൽവേ.

## ബ്രിട്ടീഷ് ഭരണകാലത്തെ റെയിൽവേ

ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ 1850 കളിൽ ഇന്ത്യൻ റെയിൽവേ ആരംഭിക്കുന്നത്. ഈസ്റ്റ് ഇന്ത്യാ കമ്പനിയും ബ്രിട്ടീഷ് സർക്കാരും റെയിൽവേ വികസിപ്പിക്കാൻ താൽപര്യം പ്രകടിപ്പിച്ചത് പ്രധാനമായും രണ്ട് കാരണങ്ങളാലാണ്. ഒന്ന് അസംസ്കൃത വസ്തുക്കൾ, പ്രത്യേകിച്ച് പരുത്തി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തുറമുഖങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും മറ്റൊന്ന് സൈനിക നീക്കത്തിന് വേണ്ടിയുമായിരുന്നു. പ്രവർത്തനത്തിന്റെ ആദ്യ വർഷങ്ങളിൽ അഞ്ച് ശതമാനം വാർഷിക വരുമാനം ഉറപ്പുനൽകുന്ന വ്യവസ്ഥയിൽ, ബ്രിട്ടീഷ് സർക്കാർ സ്വകാര്യ നിക്ഷേപകരെ പ്രോത്സാഹിപ്പിച്ചിരുന്നു. ബ്രിട്ടീഷ് മുതലാളിമാരുടെ വ്യാപാരവും, ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ സഹായിച്ചുകൊണ്ട് അവരുടെ താൽപര്യം നിറവേറ്റുന്നതിനാണ് റെയിൽവേ പൂർണ്ണമായും പ്രവർത്തിച്ചിരുന്നത്. എന്നാൽ പിന്നീട് ബ്രിട്ടീഷ് രാജകുമാരൻ സാമ്രാജ്യത്വ അഭിലാഷങ്ങൾക്ക് അനുയോജ്യമായ ഒരു സർക്കാർ സ്ഥാപനമാക്കി മാറ്റാൻ തീരുമാനിച്ചു. യാത്രക്കാരുടെ സൗകര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും റെയിൽവേ കമ്പാർട്ടുമെന്റുകളിൽ കൂടുതൽ സൗകര്യപ്രദമായ ഇരിപ്പിടങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. റെയിൽവേ ദേശസാൽക്കരിച്ചു. സർക്കാരിന്റെ മാനേജ്മെന്റിനൊപ്പം ഇന്ത്യക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ രാജ്യത്തുടനീളമുള്ള ജനങ്ങളെ ഒരു രാഷ്ട്രമായി ഒന്നിപ്പിക്കാൻ സഹായിക്കുന്നതിൽ റെയിൽവേ ഒരു പ്രധാന പങ്ക് വഹിച്ചു. ദേശവ്യാപകമായ പൊതു ഗതാഗത സംവിധാനത്തിന്റെ വളർച്ചയും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ വികസനത്തിനും ഇത് ഫലത്തിൽ സഹായിച്ചു.

## സ്വാതന്ത്ര്യാനന്തര സാഹചര്യം

സോവിയറ്റ് യൂണിയനിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികൾ റെയിൽ വികസനത്തിന് വളരെയധികം ഊന്നൽ നൽകി. ഈ വലിയ ആസ്തിയും ദേശീയ ശൃംഖലകളും പൊതു ഖജനാവിനെ ശക്തിപ്പെടുത്തുന്ന പ്രക്രിയയെ ത്വരിതപ്പെടുത്തി. സാധാരണക്കാരുടെ പ്രധാന ഗതാഗത മാർഗ്ഗമായി റെയിൽവേ മാറി. റെയിൽവേയുടെ പൂർണ ദേശസാൽക്കരണത്തിനും ഇന്ത്യൻ സർക്കാർ തുടക്കം കുറിച്ചു. 1951ൽ മുൻ ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ ഉടമസ്ഥതയിലുള്ള മുപ്പത്തിരണ്ട് ലൈനുകൾ ഉൾപ്പെടെ നാൽപ്പത്തിരണ്ട് പ്രത്യേക റെയിൽവേ യൂണിറ്റുകളെ ഒരൊറ്റ യൂണിറ്റായി സംയോജിപ്പിച്ച്, ഇതിനെ ഇന്ത്യൻ റെയിൽവേ എന്ന് നാമകരണം ചെയ്യപ്പെട്ടു. റെയിൽവേ ബോർഡ് ഇന്ത്യൻ റെയിൽവേയെ വടക്കൻ റെയിൽവേ, വടക്ക് കിഴക്കൻ റെയിൽവേ, തെക്കൻ റെയിൽവേ, മധ്യ റെയിൽവേ, കിഴക്കൻ റെയിൽവേ, പടിഞ്ഞാറൻ റെയിൽവേ എന്നിങ്ങനെ ആറ് മേഖലകളായി പുനസംഘടിപ്പിച്ചു.

പ്രതീക്ഷാനിർഭരമായ പഞ്ചവത്സര പദ്ധതികളിലൂടെ ഇന്ത്യൻ റെയിൽവേ സ്വതന്ത്ര ഇന്ത്യയിൽ പ്രയാണം ആരംഭിച്ചു. ഇന്ത്യൻ റെയിൽവേയുടെ ആദ്യത്തെ പഞ്ചവത്സര പദ്ധതി 1951 ഏപ്രിലിലാണ് ആരംഭിച്ചത്. ആസ്തികളുടെ പരിപാലനം , സ്വന്തമായി ഉൽപാദന യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് റെയിൽവേ ഉപകരണങ്ങളുടെ തദ്ദേശീയ വികസനം എന്നിവയ്ക്കായിരുന്നു ഈ പദ്ധതി ഊന്നൽ നൽകിയത്. യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുക, ജീവനക്കാർക്ക് മെച്ചപ്പെട്ട ഭവന, ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ മറ്റൊരു ലക്ഷ്യം. ഈ പദ്ധതിയുടെ അവസാനം റെയിൽവേ ജീവനക്കാർക്കായി 40,000 ക്വാർട്ടേഴ്സുകൾ നിർമ്മിച്ചു. ഇതു കൂടാതെ 500 ലോക്കോമോട്ടീവുകൾ, 4350 കോച്ചുകൾ, 41,200 വാഗണുകൾ എന്നിവയും നിർമ്മിച്ചു. 380 മൈൽ പുതിയ ലൈനുകൾ സ്ഥാപിച്ചു. തുടർന്ന് ആറു ദശകങ്ങളിലായി, പഞ്ചവത്സര പദ്ധതികളിലൂടെ, ജനങ്ങളുടെ പണവും അധ്വാനവും ഉപയോഗിച്ച് ഇന്ത്യൻ റെയിൽവേ വിശാലമായ ഒരു റെയിൽ ശൃംഖല നിർമ്മിച്ചു. 2019 മാർച്ചിലെ കണക്കനുസരിച്ച് 68,155 കിലോമീറ്റർ ദൈർഘ്യമുള്ള ഇന്ത്യൻ റെയിൽവേ ലോകത്തിലെ നാലാമത്തെ ഏറ്റവും വലിയ റെയിൽവേ ശൃംഖലയാണ്.

2019 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ 844 കോടി യാത്രക്കാരാണ് ഇന്ത്യൻ റെയിൽവേയിൽ യാത്ര ചെയ്തത്. ചരക്ക് ഗതാഗതമാകട്ടെ 123 കോടി ടൺ ആണ്. ഇന്ത്യയിലുടനീളം 7,321 സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ദീർഘദൂര, സബർബൻ റൂട്ടുക

(ശേഷം 11-ാം പേജിൽ)

(9-ാം പേജിൽ നിന്ന്)

യൻ മാറി. നഴ്സറികൾ മുതൽ എല്ലാ വിദ്യാലയങ്ങളിലും യൂണിവേഴ്സിറ്റികളിലും ഫാക്ടറികളിലും കൂട്ടുകൃഷിക്കളങ്ങളിലും എല്ലാ സംവിധാനങ്ങളോടുംകൂടിയ ആശുപത്രികൾ പ്രവർത്തിച്ചിരുന്നു.

സോഷ്യലിസം സ്ത്രീകളുടെ സാമൂഹ്യ പദവി ഉയർത്തി. അസമത്വത്തിന്റെ നേരിയ ലാഞ്ചനപോലുമില്ലാതെ നിയമത്തിന്റെ മുന്നിൽ സ്ത്രീപുരുഷ സമത്വം ഉറപ്പാക്കപ്പെട്ടു. തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുന്ന ലോകത്തെആദ്യ രാജ്യമായി സോവിയറ്റ് യൂണിയൻ. മാതൃശിശുപരിചരണം അനന്യമായിരുന്നു. ഗർഭകാലംമുതൽ പ്രസവംവരെയും തുടർന്നും ചികിത്സമാത്രമല്ല, കുഞ്ഞിന്റെയും അമ്മയുടെയും സമ്പൂർണ്ണ ഉത്തരവാദിത്തവും ഗവൺമെന്റിനായിരുന്നു. പൊതുപാചകശാലകൾ, ശിശുപരിചരണകേന്ദ്രങ്ങൾ, പൊതുഅലക്കുകേന്ദ്രങ്ങൾ തുടങ്ങിയവ യഥേഷ്ടം സ്ഥാപിച്ചുകൊണ്ട് സ്ത്രീകളെ സ്വതന്ത്രരാക്കി. സ്ത്രീകൾക്ക് പഠിക്കുവാനും സാമൂഹ്യനിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുമുള്ള അവസരമൊരുക്കി.

സ്റ്റേറ്റ് ഫാമുകളും കളക്ടീവ് ഫാമുകളും കാർഷികമേഖലയെ ശക്തിപ്പെടുത്തി. പട്ടിണിയെ പടികടത്തി എന്നുമാത്രമല്ല, 1939ൽ സോവിയറ്റ് യൂണിയൻ ധാന്യോൽപ്പാദനത്തിൽ ലോകത്ത് ഒന്നാംസ്ഥാനത്തെത്തി. സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ ആധാരശിലയായി ശാസ്ത്രവും പ്രവർത്തിച്ചു. ശാസ്ത്രവും വ്യവസായവത്ക്കരണവും, സിദ്ധാന്തവും പ്രയോഗവും ഒരുമിച്ചാണ് മുന്നേറിയത്. ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെല്ലാം ജനജീവിതത്തിന്റെ വ്യത്യസ്ത തുറകളിലെ ആവശ്യങ്ങളുമായി ബന്ധപ്പെടുത്തപ്പെട്ടിരുന്നു. കാർഷികരംഗത്തും വ്യാവസായികരംഗത്തും വമ്പിച്ചകുതിച്ചു ചാട്ടത്തിന് ഇത് ഇടവരുത്തി." ഈ നൂറ്റാണ്ടിൽ സോവിയറ്റ് യൂണിയൻ ശാസ്ത്രത്തിന് നൽകിയ സംഭാവനകൾ പോയകാലമൊന്നാകെ ശാസ്ത്രത്തിന് നൽകിയ സംഭാവനകൾക്ക് ഒപ്പം നിൽക്കുന്നതാണ്" ജെ.ഡി. ബർണാൽ. അങ്ങനെ സാമൂഹ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും കോർത്തിണക്കിക്കൊണ്ട് സോവിയറ്റ് യൂണിയൻ മുന്നേറി.

ദൗർഭാഗ്യവശാൽ സോവിയറ്റ് യൂണിയൻ തകർക്കപ്പെട്ടു. സാമ്പത്തികമായും സാമൂഹ്യമായും സാംസ്കാരികമായും ഭൂമിശാസ്ത്ര പരമായും ഛിന്നഭിന്നമാക്കപ്പെട്ടു. പുറമേ നിന്നുള്ള ശക്തികൾക്ക് സോവിയറ്റ് യൂണിയനെ തകർക്കാനായില്ല. ശൈശവദശയിൽ പതിനാല് വിദേശ രാജ്യങ്ങൾ ഒറ്റക്കെട്ടായി നിന്ന് സോവിയറ്റ് യൂണിയനെതിരെ യുദ്ധം ചെയ്തു. പക്ഷേ പരാജയപ്പെടുത്താനായില്ല. രണ്ടാംലോക മഹായുദ്ധത്തിൽ ജർമ്മനിയുടെ യുദ്ധമികവിനെയും സഖ്യകക്ഷികളുടെ വഞ്ചനാപരമായ നിലപാടുകളെയും സോവിയറ്റ് യൂണിയൻ അതിജീവിച്ചു. പക്ഷേ ഉള്ളിൽനിന്നുണ്ടായ പിളർപ്പൻ നീക്കങ്ങൾക്കുമുന്നിൽ സോവിയറ്റ് യൂണിയന് അടിപതറി. പിടിച്ചുനിൽക്കാനായില്ല. മുതലാളിത്തം പുനസ്ഥാപിക്കപ്പെട്ടു. മനുഷ്യസമൂഹത്തിന്റെ മുന്നേറ്റത്തിന്റെ പാതയിലെ ഏറ്റവും കനത്ത തിരിച്ചടിയായി അത് പരിണമിച്ചു.

ഒരു കാലത്ത് സോവിയറ്റ് യൂണിയനിൽനിന്നും തുടച്ചുമാറ്റപ്പെട്ടതും, മുതലാളിത്തത്തിന്റെ സന്തതികളും സന്തതസഹചാരികളുമായ എല്ലാ ജീർണ്ണതകളും മുതലാളിത്ത പുനഃസ്ഥാപനത്തോടെ കുതിച്ചെത്തി. സോഷ്യലിസത്തിൽ നിന്നുള്ള തിരിച്ചുപോക്ക് കനത്ത തിരിച്ചടിയായിരുന്നുവെന്ന് സോവിയറ്റ് യൂണിയന്റെ ഇന്നത്തെ സ്ഥിതി വിളിച്ചുപറയുന്നു.

ലോകം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ അസമത്വത്തെയാണ് മനുഷ്യസമൂഹം ഇന്ന് അഭിമുഖീകരിക്കുന്നത്. പട്ടിണിയും രോഗവും ദുരിതങ്ങളും മനുഷ്യനെ കാർന്നുതിന്നുകയാണ്. പെരുകുന്ന ദുരിതങ്ങളും യാതനകളും യുദ്ധങ്ങളും അശാന്തിയുമല്ലാതെ ജനങ്ങൾക്ക് സമ്മാനിക്കാൻമുതലാളിത്തത്തിന്റെ കൈയിൽ മറ്റൊന്നുമില്ല. ലോകം മുഴുവൻ പടർന്നുപിടിക്കുന്ന അശാന്തിയായാണ് മുതലാളിത്ത സാമ്രാജ്യത്വശക്തികളുടെ ദുര ഇന്ന് പ്രത്യക്ഷ പ്പെട്ടുകൊ ണ്ടിരിക്കുന്നത്. മുതലാളിത്തത്തിന് ഇനി മുന്നേറ്റമില്ല. വഴിമുട്ടി നിൽക്കുന്ന മനുഷ്യസമൂഹത്തിന് മുന്നേറ്റത്തിന്റെ പാത തീർച്ചയായും സോഷ്യലിസം തന്നെയാണ്. ■

# ആഗോളവത്ക്കരണം സാമൂഹ്യക്ഷേമമേഖലകളെ കച്ചവടവത്ക്കരിക്കുന്നു

(10–ാം പേജിൽ നിന്ന്)

ളിൽ പ്രതിദിനം 13,523 പാസഞ്ചർ ട്രെയിനുകൾ ഇന്ത്യൻ റെയിൽവേ ഓടിക്കുന്നു. പ്രതിദിനം 9,146 ൽ അധികം ഗുഡ്സ് ട്രെയിനുകൾ ഐആർ ഓടിക്കുന്നു. 2019 മാർച്ച് വരെ ഇന്ത്യൻ റെയിൽവേയുടെ റോളിംഗ് സ്റ്റോക്കിൽ 289,185 ചരക്ക് വണ്ടികളും 74,003 പാസഞ്ചർ കോച്ചുകളും 12,147 ലോക്കോമോട്ടീവുകളും ഉൾപ്പെടുന്നു. ഇന്ത്യൻ റെയിൽവേയുടെ ആസ്ഥി വളരെ വലുതാണ്. 2019 ലെ കണക്കനുസരിച്ച് റെയിൽവേയുടെ കൈവശം 4.78 ലക്ഷം ഹെക്ടർ സ്ഥലമുണ്ട് (റഫ. 1). ഇതിന്റെ ഗണ്യമായ ഒരു ഭാഗം നഗരങ്ങളിലും പട്ടണങ്ങളിലും സ്ഥിതിചെയ്യുന്ന വിലയേറിയ കണ്ണായ ഭൂമികളാണ്. 2005 ലെ കണക്കനുസരിച്ച് ഏകദേശം 6.5 ലക്ഷം സ്റ്റാഫ് ക്വാർട്ടേഴ്സുകളുണ്ട് (റഫ. 2). ഈ അടിസ്ഥാന സൗകര്യങ്ങളെല്ലാം തന്നെ, സബ്സിഡികളിലൂടെയും കുറഞ്ഞ ചെലവിലുള്ള ഗതാഗത സേവനങ്ങളിലൂടെയും, ഇന്ത്യൻ മുതലാളിത്ത വ്യവസ്ഥയെ, കുത്തകകളായി ഉയർത്തിക്കൊണ്ടുവരാൻ സഹായിക്കുകയായിരുന്നു.

റെയിൽവേ ഒരു പ്രത്യേക സ്വയംഭരണ സ്ഥാപനമായി വളർന്നിരിക്കുന്നു. പ്രത്യേക റെയിൽവേ ബജറ്റ് 1925 ലാണ് ആരംഭിച്ചത്. സ്വാതന്ത്ര്യാനന്തരം ഈ രീതി തുടർന്നു, റെയിൽവേ ബജറ്റ് പൊതു ബജറ്റിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് അവതരിപ്പിക്കാറുണ്ടായിരുന്നു. 2017 ലാണ് മോദി സർക്കാർ വളരെ നാളായി തുടർന്നു വന്ന ഈ രീതി അവസാനിപ്പിക്കുകയും റെയിൽ ബജറ്റിനെ പൊതു ബജറ്റുമായി ലയിപ്പിക്കുകയും ചെയ്തത്. ഐആർഎസ് വാർഷിക റിപ്പോർട്ട് 2018-19 (റഫർ 3) ൽ നൽകിയിരിക്കുന്ന വരവ് ചെലവ് അനുപാതത്തിൽ നിന്നും നോക്കുമ്പോൾ റെയിൽവേ എല്ലായ്പ്പോഴും ലാഭത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഒരു പക്ഷേ ഈ വസ്തുത പൊതുജനങ്ങളിൽ നിന്ന് മറച്ചുവെയ്ക്കാനും അതുവഴി സ്വകാര്യവൽക്കരണത്തെ ന്യായീകരിക്കുന്നതിനായുമാണ് റെയിൽ ബജറ്റിനെ പൊതു ബജറ്റുമായി ലയിപ്പിച്ചത്. റെയിൽവേയും പൊതു ബജറ്റുകളും ലയിപ്പിച്ചതിനുശേഷം 2017-18 ൽ വരവ് ചെലവ് അനുപാതം ഏറ്റവും ഉയർന്ന 98.44% ആയിരുന്നു (1 രൂപ നേടാൻ 98.44 പൈസ ചെലവഴിക്കുന്നു എന്നാണ് ഇതിനർത്ഥം). ജനങ്ങളുടെ പണവും അധ്വാനവും ഉപയോഗിച്ച് നിർമ്മിച്ച ഈ വലിയ ആസ്ഥിയെയാണ് മോഡി സർക്കാർ ലക്ഷ്യമിടുന്നത്.

സ്വകാര്യ ട്രെയിനുകൾ ആരംഭിക്കുന്നതിനുള്ള ജൂലൈ 1 ലെ ഓർഡറിൽ റെയിൽവേ ബോർഡ് മുന്നോട്ട് വെയ്ക്കുന്ന ന്യായങ്ങൾ, "അറ്റകുറ്റപ്പണികളും, യാത്രാ സമയവും കുറവുള്ള, ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ചുള്ള റോളിംഗ് സ്റ്റോക്ക് ഉപയോഗിക്കുക, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക, മെച്ചപ്പെട്ട സുരക്ഷാ സൗകര്യങ്ങൾ നടപ്പിലാക്കുക, ലോകോത്തര യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുക, യാത്രാ ഗതാഗത മേഖലയിലെ ഡിമാന്റ് വിതരണ കമ്മി കുറയ്ക്കുക" എന്നിവയാണ്. ഒരു പൊതു സംരംഭത്തെ സ്വകാര്യവത്കരിക്കുന്നതിന് ഗവൺമെന്റുകൾ പിന്തുടരുന്ന പതിവ് തന്ത്രം നയപരമായ തീരുമാനങ്ങളിലൂടെയും അഴിമതി നടപടികളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെയും അത് കാര്യക്ഷമമല്ലാത്തതും ഒടുവിൽ പാപ്പരാക്കുന്നതുമാണ്. നഷ്ടം ഉണ്ടാക്കുന്നതായി മുദ്രകുത്തി സ്വകാര്യ സംരംഭകർക്ക് കൈമാറുക. "നായയ്ക്ക് ചീത്തപ്പേര് നൽകി അതിനെ കൊല്ലുക" എന്ന പഴഞ്ചൊല്ല് പോലെയാണ് ഇത്. റെയിൽവേയുടെ കാര്യത്തിൽ അത്തരം വാദഗതികൾ പൊള്ളയാണ്, കാരണം അത് ഇപ്പോഴും ലാഭത്തിലാണ് ഓടുന്നത് എന്നതുകൊണ്ടാണ്. കോടിക്കണക്കിന് സാധാരണക്കാർക്ക് താങ്ങാവുന്ന യാത്രാമാർഗ്ഗമാണിത്. അതിനാൽ മുകളിൽ ഉദ്ധരിച്ച ന്യായീകരണങ്ങൾ "അറ്റകുറ്റപ്പണികളും, യാത്രാ സമയവും കുറവുള്ള, ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ചുള്ള റോളിംഗ് സ്റ്റോക്ക് ഉപയോഗിക്കുക... തുടങ്ങിയ ന്യായീകരണങ്ങൾ പറയുന്നത്. ഒരു നൂറ്റാണ്ടിലേറെയായി പ്രവർത്തിച്ചുകൊണ്ടി രിക്കുന്ന ഇന്ത്യൻ റെയിൽവേയ്ക്ക് ആവശ്യമായ ആധുനികവൽക്കരണം നടത്താൻ അവർക്ക് കഴിയുന്നില്ലേ? നവീകരണം നടപ്പാക്കുന്നതിന് റെയിൽവേയുടെ പ്രവർത്തനത്തിൽ തീരെപരിചയമാല്ലാത്ത ചെറുകിട ബിസിനസുകാരെ ക്ഷണിക്കേണ്ടതുണ്ടോ?

ഈ നിർദ്ദേശങ്ങൾക്ക് മുകളിൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമോ? മെമ്മോറാണ്ടം അനുസരിച്ച് 109 റൂട്ടുകളിലായി 151 ട്രെയിനുകൾ ഇന്ത്യൻ റെയിൽവേയുടെ ഡ്രൈവർമാരും മറ്റു സ്റ്റാഫും ചേർന്ന് ഓടിക്കും. ട്രാക്ക് അറ്റകുറ്റപ്പണി, സിഗ്നലിംഗ്, സുരക്ഷ, സ്റ്റേഷനുകൾ, മറ്റ് എല്ലാ അടിസ്ഥാനസൗകര്യങ്ങൾഎന്നിവ ഇന്ത്യൻ റെയിൽവേയുടെ ഉത്തരവാദിത്തമായിരിക്കും. സ്വകാര്യ നിക്ഷേപകന് കോച്ചുകൾ സംഭരിച്ച് പരിപാലിക്കണം എന്ന ഒറ്റ ഉത്തരവാദിത്തം മാത്രം.. നിരക്കുകൾ നിക്ഷേപകൻ നിശ്ചയിക്കും, സർക്കാരിനോ റെയിൽവേയ്ക്കോ അതിൽ യാതൊരു പങ്കുമില്ല. കരാർ പ്രകാരം മൊത്ത വരുമാനം റെയിൽവേയുമായി പങ്കിടും. ഇത് ഏത് തരം നവീകരണമാണ്? ട്രെയിൻയാത്രയ്ക്ക് ചിലവേറിവിമാന നിരക്കിനൊപ്പം ഉയരും എന്നതാണ് പ്രതീക്ഷിക്കുന്ന ഏക ഫലം. ജനങ്ങളെ കൊള്ളയടിക്കുന്നതിനായി പ്രീമിയം തത്കാൽ, സുവിധ തുടങ്ങിയ പദ്ധതികൾ റെയിൽവേ ഇതിനകം തന്നെ നടപ്പാക്കിയിട്ടുണ്ട്. ഇനിയിപ്പോൾ ഇത് വലിയ തോതിൽ എല്ലാമേഖലകളിലേക്കും വ്യാപിപ്പിക്കും.

കോച്ചുകൾ സ്വകാര്യ ഓപ്പറേറ്ററുടെ നിയന്ത്രണത്തിലും ട്രാക്ക്, സിഗ്നലിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ റെയിൽവേയുടെ കീഴിലും ആകുമ്പോൾ ഗുരുതരമായ സുരക്ഷാ ആശങ്കകളും ഉണ്ടാകുന്നു. അപകടമുണ്ടായാൽ ആരാണ് ഉത്തരവാദികൾ? മെമ്മോറാണ്ടത്തിൽ പറഞ്ഞതുപോലെ ഈ ക്രമീകരണം സുരക്ഷയെ എങ്ങനെ മെച്ചപ്പെടുത്തും? ബുള്ളറ്റ് ട്രെയിനിനു വേണ്ടി ഒരു ലക്ഷം കോടി ചെലവഴിക്കാൻ സർക്കാർ തയ്യാറാകുമ്പോൾ, ആധുനികവൽക്കരണത്തിനും സുരക്ഷ മെച്ചപ്പെടുത്തുന്നതിനുമുള്ള ഫണ്ടുകളുടെ കുറവ് എവിടെയാണ്? വീണ്ടും ബുള്ളറ്റ് ട്രെയിൻ പോലുള്ള അസംബന്ധ പദ്ധതികളുടെ ആവശ്യകത എന്താണ്? റെയിൽവേയെ തകർക്കുന്നതിനും സാമ്പത്തികമായി ലാഭകരമല്ലാത്തതാക്കുന്നതിനും ഇത്തരം ഉപയോഗശൂന്യമായ നിക്ഷേപം നടത്താൻ റെയിൽവേ നിർബന്ധിതരാകുന്നു.

തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക എന്ന ചോദ്യത്തിലേക്കു വന്നാൽ, 50 ശതമാനം ഒഴിവുകൾ വെട്ടിക്കുറയ്ക്കാനും ചെലവ് കുറയ്ക്കുന്നതിനായി പുതിയ തസ്തികകൾ മരവിപ്പിക്കാനും റെയിൽവേ ബോർഡ് സോണുകൾക്ക് കത്ത് നൽകിയതിന് തൊട്ടുപിന്നാലെയാണ് റെയിൽവേ ഡയറക്ടർ ജനറൽ(എച്ച്ആർ) ആനന്ദ് എസ്. ഖതി റെയിൽവേ തൊഴിലാളികളെ വെട്ടിക്കുറക്കുകയല്ല മറിച്ച് അവരുടെ എണ്ണം ശരിയാക്കുകയാണ് എന്ന് മാധ്യമപ്രവർത്തകരോട് പറഞ്ഞത്. ഇതിനെക്കുറിച്ച് കൂടുതൽ വിശദീകരണം ആവശ്യമില്ല; ഡയറക്ടർ ജനറൽ പറഞ്ഞതിന്റെ അർത്ഥം സാമാന്യ ബുദ്ധി ഉള്ള ആർക്കും മനസ്സിലാക്കാൻ കഴിയും. സന്ദേശം വളരെ വ്യക്തമാണ്. രാജ്യത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലെന്നപോലെ, രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദാതാവായ പൊതുജനങ്ങളുടെ ഉടമസ്ഥതയിലുള്ള ഇന്ത്യൻ റെയിൽവേയുടെ മേൽ സർക്കാർ കോടാലി വെയ്ക്കാൻ പോകുന്നു.

> **മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ സേവന മേഖലകളിൽ കൈവച്ചുതുടങ്ങിയതിന്റെ ഭാഗമായാണ് ഒരു നൂറ്റാണ്ടിലേറെക്കാലം ജനങ്ങളുടെ അധ്വാനവും പണവും ഉപയോഗിച്ച് നിർമ്മിച്ച രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയിൽവേയെ ലക്ഷ്യം വയ്ക്കുന്നത്. രാജ്യത്തെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിലെന്നപോലെ, റെയിൽവേയും ചുളുവിലക്ക് കുത്തകകൾക്ക് കൈമാറുകയാണ്.**

## റെയിൽവേ കുത്തകകൾക്ക് കൈമാറാനുള്ള ഗൂഢാലോചനയെ ചെറുക്കുക

രണ്ട് പതിറ്റാണ്ട് മുമ്പ് ആരംഭിച്ച സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയ നയങ്ങൾ, സാമൂഹ്യക്ഷേമ മേഖലകളായ ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ പൊതു മേഖലാസ്ഥാപനങ്ങൾക്കെതിരായ ആക്രമണം ആരംഭിച്ചു. സമീപകാലത്ത് ഇത് കൂടുതൽ ആക്രമണാത്മകമായി മാറി. ഉൽപ്പാദന മേഖലയിൽ കടുത്ത പ്രതിസന്ധി നേരിടുന്ന ലാഭക്കൊതിയന്മാരായ മുതലാളിത്ത-സാമ്രാജ്യത്വ ശക്തികൾ സേവന മേഖലകളെവലിയതോതിൽലക്ഷ്യമിടുന്നു. ഈ അജണ്ടയുടെ ഭാഗമായാണ് ഒരു നൂറ്റാണ്ടിലേറെ ക്കാലം ജനങ്ങളുടെ അധ്വാനവും പണവും ഉപയോഗിച്ച് നിർമ്മിച്ചിച്ച രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ ഇന്ത്യൻ റെയിൽവേയെ ഈ ശക്തികൾ ലക്ഷ്യം വയ്ക്കുന്നത്. ദേശീയതയുടെ ചാമ്പ്യന്മാരാണെന്ന് അവകാശപ്പെടുന്ന ഇപ്പോഴത്തെ ഗവൺമെന്റിന്റെ നേതാക്കൾ ഏതുനേരവും ഭാരത് മാതാ കി ജയ് മുഴക്കുന്നു. എന്നാൽ ദേശീയ സ്വത്തുക്കൾ ഓരോന്നായി പ്രാദേശിക, വിദേശ ബഹുരാഷ്ട്ര കമ്പനികൾക്ക് വിൽക്കുന്നതിൽ യാതൊരു മനസ്താപവുമില്ല. വളരെ വൈകുന്നതിന് മുമ്പ് ഈ ഭീകരമായ ശ്രമത്തെ ചെറുക്കാൻ ഇന്ത്യയിലെ ജനങ്ങൾ ഒറ്റക്കെട്ടായിയി ഉയരേണ്ടിയിരിക്കുന്നു. ■

## പാസഞ്ചർ തീവണ്ടികൾ നിർത്തലാക്കുന്ന, സ്റ്റോപ്പുകൾ വെട്ടിക്കുറയ്ക്കുന്ന റെയിൽവേയുടെ നടപടികൾ പിൻവലിക്കുക




സഖാവ് ഷൈല.കെ.ജോൺ ധർണ്ണ ഉദ്ഘാടനം ചെയ്യുന്നു

**പാ**സ്സഞ്ചർ തീവണ്ടികൾ നിർത്തലാക്കിയും 200 കിലോമീറ്ററിലധികം യാത്രാദൈർഘ്യമുള്ള പാസഞ്ചർ തീവണ്ടികൾ എക്സ്പ്രസ്സുകളാക്കി മാറ്റിയും മറ്റുള്ളവയുടെ സ്റ്റോപ്പുകൾ വൻതോതിൽ വെട്ടിക്കുറച്ചും റെയിൽവേ എടുത്തിരിക്കുന്ന തീരുമാനം യാത്രാക്ലേശം രൂക്ഷമാക്കുന്നതാണ്. അസംഘടിത മേഖലയിലും മറ്റും പണിയെടുക്കുന്ന താഴ്ന്ന വരുമാനക്കാരായ സ്ത്രീകളടക്കമുള്ള പതിനായിരക്കണക്കിന് തൊഴിലാളികൾ തങ്ങളുടെ തൊഴിലിടങ്ങളിലേക്കും തിരിച്ചുമുള്ള യാത്രയ്ക്ക് പാസഞ്ചർ തീവണ്ടികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം തൊഴിലാളികൾക്ക് റെയിൽവേയുടെ പുതിയ തീരുമാനം വലിയ സാമ്പത്തികബാദ്ധ്യതയാണ് വരുത്തിവെയ്ക്കുന്നത്. റെയിൽവേയുടെ സ്വകാര്യവൽക്കരണ പദ്ധതികളുമായി മുന്നോട്ടുപോകുന്ന കേന്ദ്രഗവൺമെന്റിന്റെ നടപടികളുടെ ഭാഗമായിവേണം ഇതിനെയും കാണാൻ. ഈ നടപടിയ്ക്കെതിരെ എസ്.യു.സി.ഐ (സി) ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊല്ലം റെയിൽവേ സ്റ്റേഷനിലേക്ക് പ്രതിഷേധ മാർച്ചും, ധർണ്ണയും നടന്നു. ജില്ലാ സെക്രട്ടറി ഷൈല.കെ.ജോൺ ഉദ്ഘാടനം ചെയ്തു. ജില്ലാ കമ്മിറ്റി അംഗങ്ങളായ ബി.വിനോദ്, എസ്. രാഘവൻ, പി.പി.പ്രശാന്ത്കുമാർ എന്നിവർ സംസാരിച്ചു.

കുണ്ടറ റെയിൽവേ സ്റ്റേഷനു മുന്നിൽ നടന്ന പ്രതിഷേധയോഗം എസ്.യു.സി.ഐ(സി) ജില്ലാ കമ്മിറ്റി അംഗം എസ്.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കുണ്ടറ ലോക്കൽ കമ്മിറ്റി സെക്രട്ടറി ബി.രാമചന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രാജേന്ദ്രൻ, വി.ലീല, ജയേന്ദ്രദാസ് തുടങ്ങിയവർ സംസാരിച്ചു. ■

# കോടതി അലക്ഷ്യവും അഭിപ്രായ സ്വാതന്ത്ര്യവും സമീപകാല കോടതി വിധികളും

**കോടതി വിധികൾ നീതിശാസ്ത്രത്തെയും ധാർമ്മികതയെയും ലംഘിക്കുന്നതായുള്ള കടുത്തവിമർശനങ്ങൾ ഉയരുകയാണ്. 'അഭിപ്രായ സ്വാതന്ത്ര്യം' സംബന്ധിച്ച സമീപകാലത്തെ രണ്ട് വിധിന്യായങ്ങളെ കേന്ദ്രീകരിച്ചാണ് ഇത്തരം വിമർശനങ്ങളും അഭിപ്രായങ്ങളും വീണ്ടും ഉയർന്നുവന്നിട്ടുള്ളത്. ഒന്ന്, ഒരു സിറ്റിംഗ് ജഡ്ജിക്കെതിരെ അപകീർത്തികരമായ അഭിപ്രായം പറഞ്ഞതിന്റെ പേരിൽ കോടതിയലക്ഷ്യം ചുമത്തി മുതിർന്ന അഭിഭാഷകനായ അഡ്വ. പ്രശാന്ത് ഭൂഷണെ സുപ്രീം കോടതി ശിക്ഷിച്ചു. മറ്റൊന്ന്, പ്രശസ്ത ശിശുരോഗവിദഗ്ധനായ ഡോ.കഫീൽ ഖാനെതിരെ ദേശീയ സുരക്ഷാ നിയമപ്രകാരം യുപി സർക്കാർ ചുമത്തിയ കുറ്റങ്ങൾ ഒഴിവാക്കണമെന്നും കരുതൽ തടങ്കലിൽനിന്ന് മോചിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള അലഹബാദ് ഹൈക്കോടതിയുടെ വിധിയാണ്.**



ജുഡീഷ്യറിക്ക് എതിരായ ഈ വിമർശനങ്ങളും അഭിപ്രായങ്ങളും രാജ്യം നേരിടാനിരിക്കുന്ന ആപൽകരമായ ഭാവിയെക്കുറിച്ചുള്ള സൂചനകൾ നല്കുന്നതോടൊപ്പംതന്നെ പാർലമെന്ററി ജനാധിപത്യത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു. ഇത് വളരെ തന്ത്രപ്രധാനമായപ്രശ്നമായതിനാലും, നിലവിലുള്ള നീതിന്യായ വ്യവസ്ഥയിലൂടെ നീതി തേടുന്ന സാധാരണ പൗരന്മാരെ സാരമായി ബാധിക്കുന്ന വിഷയമായതിനാലും, ഈ വിഷയത്തിൽ വിവിധ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ ഒന്നൊന്നായി ഞങ്ങൾ ഇവിടെ നിരത്തുകയാണ്. ജനാധിപത്യ വിശ്വാസികളായ ഏവരും ഈ വിഷയത്തെ ഗൗരവതരമായി സമീപിക്കുമെന്നും നീതിന്യായ സംവിധാനത്തിന്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾക്ക് തുടക്കം കുറിക്കുമെന്നും പ്രതീക്ഷിക്കുന്നു.

## കോടതിയലക്ഷ്യക്കേസിൽ പ്രശാന്ത് ഭൂഷൺ കുറ്റക്കാരനാണെന്ന വിധി

ജൂണിൽ ചെയ്ത രണ്ട് സോഷ്യൽ മീഡിയ പോസ്റ്റുകളുടെ പേരിൽ, 2020 ഓഗസ്റ്റ് 14ന് സുപ്രീം കോടതി, 1971ലെ കോടതിയലക്ഷ്യ നിയമപ്രകാരം പ്രശാന്ത് ഭൂഷൺ കുറ്റക്കാരനാണെന്ന് കണ്ടെത്തി. സുപ്രീം കോടതിയുടെ അഭിപ്രായത്തിൽ ഈ പോസ്റ്റ് "ഇന്ത്യൻ ജുഡീഷ്യറിയുടെ അടിത്തറയെ അസ്ഥിരപ്പെടുത്തുന്നതാണ്."*(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂ യോർക്ക്, 19-08-20)* "30 വർഷം അഭിഭാഷകനായി പ്രവർത്തിച്ച ഒരു വ്യക്തിയിൽനിന്നും നിന്ദ്യവും ദുരുദ്ദേശപരവും കോടതിയെ അപകീർത്തിപ്പെടുത്താനുതകുന്നതുമായ ഈവിധ ആരോപണങ്ങൾ പ്രതീക്ഷിക്കുന്നില്ല. ഞങ്ങളുടെ വീക്ഷണത്തിൽ, മേൽപ്പറഞ്ഞ ട്വീറ്റുകൾ ജുഡീഷ്യറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച പൊതുതാല്പര്യം മുൻനിർത്തിയുള്ള വിമർശനമായി കരുതാനാവില്ല", സുപ്രീം കോടതി വിധിന്യായത്തിൽ പറഞ്ഞു.*(ദ ക്വിന്റ് 14-08-20)*

ഒരു വശത്ത്, സ്വയം പ്രഖ്യാപിത'മഹാമനസ്കത'പ്രകടിപ്പിക്കുന്ന സുപ്രീംകോടതി, ഒരു രൂപ പിഴയടച്ച് കോടതിയലക്ഷ്യക്കേസിൽനിന്നും പ്രശാന്ത് ഭൂഷണെ ഒഴിവാക്കുന്നു, മറുവശത്ത് അതിന് ബദലായി, മൂന്ന് മാസം തടവും മൂന്ന് വർഷം പ്രാക്ടീസ് ചെയ്യുന്നതിന് വിലക്കും വിധിക്കുന്നു.

"പെരുമാറ്റ"ത്തിന്റെ പേരിൽ അദ്ദേഹത്തെ ശിക്ഷിച്ച കോടതി, അദ്ദേഹത്തിന്റെ പെരുമാറ്റം "നിർബന്ധബുദ്ധിയും അഹംഭാവവും പ്രതിഫലിപ്പിക്കുന്നതും നീതിനിർവഹണ സമ്പ്രദായത്തിലോ ശ്രേഷ്ഠമായ തൊഴിലിന്റെ രംഗത്തോ യാതൊരു സ്ഥാനവുമില്ലാത്തതുമാകുന്നു എന്നും താൻഉൾപ്പെടുന്ന സ്ഥാപനത്തിന് വരുത്തിവെച്ച ദോഷത്തിന് ഒരു പശ്ചാത്താപവും കാണിക്കുന്നില്ല" എന്ന അഭിപ്രായം കൂടി പ്രകടിപ്പിക്കുന്നു. ഈ തീരുമാനം, കോർട്ടലക്ഷ്യ നിയമത്തിന് നൽകിയ നിയമപരമായ സംഭാവന വരും വർഷങ്ങളിൽ പഠിക്കപ്പെടും എന്നത് തർക്കമറ്റതാണ്. എന്നാൽ അത് കോടതി ഉദ്ദേശിച്ച കാരണങ്ങളാൽ ആയിരിക്കില്ല. "ആരോഗ്യകരമായ ഒരു ജനാധിപത്യത്തിന് ഈ നിയമം എത്രമാത്രം ഹാനികരമാണെന്ന് വിവേകമുള്ള നിയമജ്ഞ സമൂഹം ഒരു ദിവസം മനസ്സിലാക്കുമെന്നും ഒടുവിൽ നിയമത്തെതന്നെ മാറ്റുമെന്നും പ്രതീക്ഷിക്കുന്നു." *(ജസ്റ്റിസ് എ.പി.ഷാ, റിട്ട. ചീഫ് ജസ്റ്റിസ്, ദില്ലി, മദ്രാസ് ഹൈക്കോടതി, മുൻ ചെയർപേഴ്സൺ, ലോ കമ്മീഷൻ ഓഫ് ഇന്ത്യ, ദ ഹിന്ദു 07-09-20)*

"അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ കോടതികൾ പൊതുവെ കൂടുതൽ അസ്വസ്ഥരാകുന്നു എന്നതാണ്, ഏറ്റവും അടുത്തകാലത്ത് നടന്ന പ്രശാന്ത് ഭൂഷൺ കേസ് തെളിയിക്കുന്നത്. രണ്ട് ട്വീറ്റുകളുടെ പേരിലുള്ള കോടതിയലക്ഷ്യക്കേസിൽനിന്നും പ്രശാന്ത് ഭൂഷണെ ഒരു രൂപ പിഴയടപ്പിച്ച് കോടതി വിട്ടയച്ചു എന്നിരിക്കിലും അദ്ദേഹത്തിന്റെ പെരുമാറ്റത്തെ വിമർശിക്കാതിരുന്നില്ല. മുഴുവൻ നടപടികളിലും ഒരു കാര്യം വ്യക്തമായിരുന്നു. കോടതി അസഹിഷ്ണുതയിലാണ്ട ഒരു സ്ഥാപനമായി മാറിയിരിക്കുന്നു." *(2020 സെപ്റ്റംബർ 18ന് ജസ്റ്റിസ് എ.പി. ഷാ നടത്തിയ ജസ്റ്റിസ് സുരേഷ് മെമ്മോറിയൽ പ്രഭാഷം, ദ വയർ 18-09-20).* "നാം ചിന്തിക്കുന്ന കാര്യങ്ങൾ സ്വതന്ത്രമായും സത്യസന്ധമായും പറയാതിരിക്കുകയോ പരോക്ഷമായി സൂചിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽപ്പോലും കോടതിയുടെ താല്പര്യത്തിന് ഉതകണമെന്നില്ല", അഭിഭാഷകൻ സഞ്ജയ് ഹെഗ്ഡെ പറഞ്ഞു. *(ക്വിന്റ് 14-08-20)*

ഇന്ത്യയിൽ, കോടതിയലക്ഷ്യ നിയമപ്രകാരം കോടതിയെ അധിക്ഷേപിക്കുന്നത് ആറുമാസം വരെ തടവുശിക്ഷ ലഭിക്കാവുന്ന സിവിൽ, ക്രിമിനൽ കുറ്റങ്ങളാകാം. ക്രിമിനൽ അവഹേളനത്തെ വിശാലമായി നിർവചിച്ചിരിക്കുന്നത് "ഏതൊരു കോടതിയുടെയും അധികാരത്തെ അപകീർത്തിപ്പെടുത്തുന്നതോ, അപകീർത്തിപ്പെടുത്താൻ പ്രേരകമാകുന്നതോ, കുറയ്ക്കുന്നതോ, കുറയ്ക്കാൻ പ്രേരകമാകുന്നതോ ആയ പ്രവൃത്തികൾ; നീതി ന്യായനടപടികൾക്ക് കോട്ടംതട്ടുന്നതോ നീതി ന്യായനടപടികളിൽ ഇടപെടുന്നതോ ഇടപെടാൻ പ്രേരകമാകുന്നതോ ആയ പ്രവൃത്തികൾ; നീതിനിർവഹണത്തിൽ ഇടപെടുന്നതോ, ഇടപെടാൻ പ്രേരകമാകുന്നതോ, നീതിനിർവഹണത്തെ ഏതുവിധേനയും തടസ്സപ്പെടുത്തുന്നതോ, തടസ്സപ്പെടുത്താൻ പ്രേരകമാകുന്നതോ ആയ പ്രവൃത്തികൾ" എന്നാണ്. അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്ന് യുകെ ലോ കമ്മീഷൻ പറഞ്ഞതിനെത്തുടർന്ന് 2013 ൽ യുണൈറ്റഡ് കിംഗ്ഡത്തിൽ കോടതിയെ "അപകീർത്തിപ്പെടുത്തൽ" എന്ന കുറ്റം നിർത്തലാക്കി. എന്നാൽ, ഇന്ത്യയിൽ ജുഡീഷ്യറിക്കെതിരായ ഏത് വിമർശനവും ക്രിമിനൽ നടപടികൾക്ക് വിധേയമാക്കാമെന്ന സൂചനയാണ് ഭൂഷണെതിരായ വിധി. ഇന്ത്യയിലുടനീളം വ്യാപകമായി ഈ വിധി അപലപിക്കപ്പെട്ടു." *(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂയോർക്ക്, 19-08-20)*

ജുഡീഷ്യറിയെ വിമർശിക്കാൻ ആളുകൾക്ക് അവകാശമുണ്ടോ, അങ്ങനെയാണെങ്കിൽ ഈ അഭിപ്രായ സ്വാതന്ത്ര്യം ഏത് ഘട്ടത്തിലാണ് അപകീർത്തികരമായ ക്രിമിനൽ സ്വഭാവത്തിലേക്ക് അധഃപതിക്കുന്നത് എന്ന ചോദ്യത്തെ അധികരിച്ച് 2010 ൽ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ എഴുതിയ ഒരു ലേഖനത്തിൽ വിശദീകരിക്കുന്നുണ്ട്. "എക്സിക്യൂട്ടീവിന്റെയും നിയമസഭയുടെയും ഭരണഘടനാലംഘനങ്ങളെ അസാധുവാക്കുവാൻ ജുഡീഷ്യറിക്ക് കഴിഞ്ഞേക്കാം. എന്നാൽ, ജുഡീഷ്യറിയെയും ന്യായാധിപരെയും പൊതു വിമർശനത്തിലൂടെ മാത്രമേ തിരുത്താനാകൂ. അതിനാൽ അപൂർവമായ കേസുകൾക്ക് മാത്രമേ കോടതിയലക്ഷ്യത്തിന് അർഹതയുള്ളൂ. ജഡ്ജിമാരെ അധിക്ഷേപിക്കുന്നതിനുള്ള ഏറ്റവും മികച്ച ഉത്തരം ക്രൂരമായ കോടതിയലക്ഷ്യ ശിക്ഷയല്ല, മറിച്ച് മികച്ച കൃത്യനിർവഹണമാണ്", ഇതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.*(ദ വയർ 19-08-20)*

'ജുഡീഷ്യൽ പരിഷ്കാരങ്ങളുടെ സമീപനം' എന്ന വിഷയത്തെ അധികരിച്ചുള്ള ഒരു സിമ്പോസിയത്തിൽ സംസാരിക്കാൻ ക്ഷണിച്ചപ്പോൾ ജസ്റ്റിസ് അയ്യർ നടത്തിയ നിരീക്ഷണങ്ങൾ ഇങ്ങനെയായിരുന്നു: "ഈ രാജ്യത്ത്, യേശുമാരെ ക്രൂശിക്കുകയും, ബറാബസുകളെ നല്ലവരായി വാഴ്ത്തുകയുമാണ്. ഒരുപക്ഷേ അതിന് നന്ദി പറയേണ്ടത് നീതിന്യായ വ്യവസ്ഥയോടാണ്. നമ്മുടെ മുഴുവൻ ജുഡീഷ്യൽ സമീപനവും പരിഷ്കൃത രീതികളിൽനിന്നും സ്വതന്ത്രമാണ്. വളരെ വ്യക്തമായി പറഞ്ഞാൽ ഇന്ത്യൻ ജുഡീഷ്യറി എന്ന ഒന്നില്ല." എന്നാൽ അയ്യരുടെ വിമർശനം ക്രിമിനൽ അപകീർത്തിപ്പെടുത്തലിന്റെ പരിധിയിൽ വരില്ല എന്നായിരുന്നു ഹൈക്കോടതിയുടെ നിഗമനം.

"ഒരു ജനാധിപത്യ കാലഘട്ടത്തിൽ ഒരു സ്ഥാപനവും സത്യസന്ധമായ വിമർശനത്തിന് അതീതമായിരിക്കരുത്. കോടതികളെ ഇതിൽനിന്ന് മാറ്റി നിറുത്താനാവില്ല. കോടതികളുടെ പ്രവർത്തനത്തെക്കുറിച്ചും ജുഡീഷ്യൽ സംവിധാനത്തെക്കുറിച്ചും അഭിപ്രായപ്പെടുമ്പോൾ, അപ്രിയവും മോശവുമായ അഭിപ്രായങ്ങൾക്കുള്ള സാധ്യത മികവുറ്റ കൃത്യ നിർവഹണത്തിന് ലഭിക്കാവുന്ന പൂച്ചെണ്ടുകൾക്കുള്ള സാധ്യതപോലെ തന്നെയാണ്. കോടതികൾ അഭിനന്ദനങ്ങളാൽ ആഹ്ലാദിക്കുകയോ പ്രതികൂല വിമർശങ്ങളാൽ പരിഭ്രാന്തരാകുകയോ ചെയ്യരുത്."*(ലക്നൗവിലെ ഡോ. റാം മനോഹർ ലോഹ്യ നാഷണൽ ലോ യൂണിവേഴ്സിറ്റിയിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ പ്രിയ അനുരാഗിണി, അബ്ദുല്ല നാസിർ, ദ വയർ 19-08-20).*

അഭിഭാഷകൻ പ്രശാന്ത് ഭൂഷണെതിരെ നടപടിയെടുത്തത് സുപ്രീംകോടതിയുടെ അമിതപ്രതികരണമായിരുന്നു എന്ന് മുൻ അറ്റോർണി ജനറൽ സോളി സൊറാബ്ജി പറഞ്ഞു: "ഓരോ പൗരനും തന്റെ സ്വതന്ത്രമായ അഭിപ്രായത്തിനുള്ള അവകാശമുണ്ട്, പ്രശാന്ത് ഭൂഷന്റെ ആരോപണങ്ങൾ തീർത്തും അസംബന്ധമാണെന്ന് കണ്ടെത്തിയാൽ മാത്രം അദ്ദേഹത്തെ ശിക്ഷിക്കാം. ഈ വിഷയത്തിൽ സുപ്രീം കോടതി നല്ല നിലവാരം പുലർത്തിയതായി ഞാൻ കരുതുന്നില്ല... ആർക്കും തങ്ങൾക്കെതിരെ സംസാരിക്കാൻ കഴിയില്ലെന്ന ധാരണയാണ് കോടതിക്ക്. വിമർശനത്തിന് അതീതമായ ദിവ്യത്വമൊന്നും നിങ്ങൾക്കില്ല." *(സ്ക്രോൾ, 23-09-20)*

"പ്രശാന്ത് ഭൂഷണ് മൂന്ന് മാസത്തെ തടവ് ശിക്ഷയും മൂന്ന് വർഷം പ്രാക്ടീസ് ചെയ്യുന്നതിന് വിലക്കും വിധിച്ചുകൊണ്ട് സുപ്രീം കോടതി അതിന്റെ ഇരുണ്ട അസഹിഷ്ണുത നിറഞ്ഞ മറ്റൊരു രൂപം പ്രദർശിപ്പിച്ചു."*(ഹിന്ദു എഡിറ്റോറിയൽ, 01-09-20)*

ഓഗസ്റ്റ് 18 ചൊവ്വാഴ്ച, ബാർ അസോസിയേഷൻ ഓഫ് ഇന്ത്യയും ഒരു പ്രസ്താവന ഇറക്കി. അതിൽ അവരും കേസിനെക്കുറിച്ച് അതിശയം പ്രകടിപ്പിച്ചുകൊണ്ട് ഇങ്ങനെ പ്രതികരിച്ചു. "കോടതി ഈ വിധത്തിൽ കോടതിയലക്ഷ്യ നിയമം നടപ്പാക്കുന്നത് സ്ഥാപനത്തിന്റെ അന്തസ്സ് സംരക്ഷിക്കുകയെന്ന പ്രതിജ്ഞാബദ്ധമായ ലക്ഷ്യം നേടുന്നതിനേക്കാൾ കൂടുതൽ വഴിവയ്ക്കുന്നത് സ്വന്തം അധഃപതനത്തിനാണ്."*(ദ ക്വിന്റ് 18-08-20)* ആക്ടിവിസ്റ്റും അഭിഭാഷകനുമായ പ്രശാന്ത് ഭൂഷൺ ക്രി

*(ശേഷം 13–ാം പേജിൽ)*

# കോടതിയെയും ന്യായാധിപരെയും പൊതുവിമർശനത്തിലൂടെ മാത്രമേ തിരുത്താനാകു

*(12–ാം പേജിൽ നിന്ന്)*

മിനൽ കോടതിയലക്ഷ്യത്തിന് കുറ്റക്കാരനാണെന്ന്, സുപ്രീംകോടതി സ്വയം കേസെടുത്ത് നടത്തി വിധി പ്രഖ്യാപിച്ച തീരുമാനത്തെ, ആഗസ്റ്റ് 14 വെള്ളിയാഴ്ച അഭിഭാഷകരും വിദ്യാഭ്യാസ വിദഗ്ധരും രാഷ്ട്രീയ നേതാക്കളും അപലപിച്ചു. ഇത് "ഭയപ്പെടുത്തുന്നതാണ്", "നിയമവാഴ്ചയ്ക്ക് തിരിച്ചടിയാണ്", "അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാവി ഇരുളിൽ", എന്നിങ്ങനെയാണ് അവർ വിശേഷിപ്പിച്ചത്.*(ദ ക്വിന്റ് 14-08-20)*

മൂവായിരത്തിലധികം മുൻ ജഡ്ജിമാർ, വിരമിച്ച ബ്യൂറോക്രാറ്റുകൾ, പത്രപ്രവർത്തകർ, അഭിഭാഷകർ എന്നിവർ ചേർന്ന് ഒപ്പിട്ട ഒരു പ്രസ്താവനയിൽ ഈ വിധിന്യായത്തെ "ജുഡീഷ്യറിയെ വിമർശിക്കുന്നവരെ ഭയചകിതരാക്കുന്ന അമിതപ്രതികരണം" എന്നാണ് വിശേഷിപ്പിച്ചത്.

1,800 ലധികം അഭിഭാഷകർ ഈ വിധിയെ വെല്ലുവിളിച്ചുകൊണ്ട് ഒപ്പിട്ട ഒരു പ്രസ്താവനയിൽ, പകർച്ചവ്യാധി നിയന്ത്രണങ്ങൾ നീക്കിയതിന് ശേഷം, തുറന്ന കോടതിയിൽ ക്രിമിനൽ കോടതിയലക്ഷ്യ മാനദണ്ഡങ്ങൾ അവലോകനം ചെയ്യാൻ ഒരു വലിയ ബെഞ്ചിന് കഴിയുന്നതുവരെ വിധി നടപ്പാക്കരുതെന്ന് സുപ്രീംകോടതിയോട് ആവശ്യപ്പെട്ടു.*(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂയോർക്ക്, 19-08-20)*

ലോ ഏഷ്യ(ലോ അസോസിയേഷൻ ഫോർ ഏഷ്യ-പസഫിക്) ഓഗസ്റ്റ് 18 ചൊവ്വാഴ്ച പുറപ്പെടുവിച്ച പ്രസ്താവനയിൽ, സുപ്രീം കോടതിയുടെ തീരുമാനത്തെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചു. പ്രത്യേകിച്ചും, അന്താരാഷ്ട്ര നിയമത്തിൽ അഭിപ്രായ സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം എന്നീ ആശയങ്ങളോടുള്ള ഇന്ത്യയുടെ നിയമബാദ്ധ്യയുടെ ഭാഗത്തുനിന്ന് നോക്കുമ്പോൾ ഇത് വളരെ പ്രധാനപ്പെട്ടതാണ്."*(ദ ക്വിന്റ്, 18-08-20)* "ഇന്ത്യ കക്ഷിയായിട്ടുള്ള, പൗരാവകാശങ്ങൾക്കും രാഷ്ട്രീയാവകാശങ്ങൾക്കുമായുള്ള അന്താരാഷ്ട്ര ഉടമ്പടി, ഉറപ്പുനൽകുന്ന അഭിപ്രായ സ്വാതന്ത്ര്യ നിയമത്തിന് വിരുദ്ധമാണെന്ന് അന്താരാഷ്ട്ര ജൂറിസ്റ്റ് കമ്മീഷൻ(ഐസിജെ)പറഞ്ഞു."*(ദി ഹിന്ദു, 01-09-20)*ജുഡീഷ്യറിക്കെതിരായ ഏത് വിമർശനവും ക്രിമിനൽ നടപടികൾക്ക് വിധേയമാകുമെന്ന് ഭൂഷണെതിരായ അപകീർത്തി വിധി സൂചിപ്പിക്കുന്നു.

## ഡോ.കഫീൽ ഖാന് അലഹബാദ് ഹൈക്കോടതി ജാമ്യം അനുവദിച്ചു

ഡോ. കഫീൽ ഖാനെ മോചിപ്പിക്കാൻ ഉത്തരവിട്ടപ്പോൾ, ചീഫ് ജസ്റ്റിസ് ഗോവിന്ദ് മാത്തൂറും ജസ്റ്റിസ് സൗമിത്ര ദയാൽ സിങ്ങും അടങ്ങുന്ന അലഹബാദ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഇപ്രകാരം അഭിപ്രായപ്പെട്ടു: "തടങ്കലിൽ വയ്ക്കുന്നത് ന്യായീകരിക്കുന്നതിനായി അലിഗഡ് മുസ്ലീം സർവകലാശാലയിൽ ഖാൻ നടത്തിയ പ്രസംഗത്തിൽനിന്ന് തിരഞ്ഞുപെറുക്കിയെടുത്ത വരികളാണ് അലിഗഡ് ജില്ലാ മജിസ്ട്രേറ്റ് ഉദ്ധരിച്ചത്." (പ്രകോപനപരമായ ദേശവിരുദ്ധ പ്രസംഗം നടത്തി എന്ന കുറ്റം ഖാനെതിരായി ആരോപിച്ചത് അലിഗഡ് ജില്ലാ മജിസ്ട്രേറ്റാണ്) ജഡ്ജിമാർ ഇങ്ങനെ എഴുതി, "1980ലെ ദേശീയ സുരക്ഷാ നിയമപ്രകാരം ഡോ. കഫീൽ ഖാനെ തടങ്കലിൽ വയ്ക്കുകയോ, തടങ്കൽ നീട്ടിക്കൊണ്ടുപോകുകയോ ചെയ്യുന്നത് നിയമത്തിന്റെ മുന്നിൽ നിലനില്ക്കുന്നതല്ല എന്ന നിഗമനത്തിൽ എത്തുന്നതിന് ഞങ്ങൾക്ക് യാതൊരു സംശയവുമില്ല."

*ലൈവ് ലോ* ഇങ്ങനെ എഴുതി: തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവ് തെറ്റാണെന്ന നിഗമനത്തിലെത്തിയ കോടതി ഇത്രയുംകൂടി പറഞ്ഞു, "അലിഗഡ് ജില്ലാ മജിസ്ട്രേറ്റ് പാസാക്കിയതും, ഉത്തർപ്രദേശ് ഗവണ്മെന്റ് സ്ഥിരീകരിച്ചതുമായ, 2020 ഫെബ്രുവരി 13 ലെ തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവ് റദ്ദാക്കിയിരിക്കുന്നു. ഡോ.കഫീൽ ഖാന്റെ തടങ്കൽ കാലാവധി നീട്ടുന്നത് നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു. സ്റ്റേറ്റിന്റെ കസ്റ്റഡിയിൽനിന്ന് തടവുകാരനായ ഡോ. കഫീൽ ഖാനെ ഉടൻ മോചിപ്പിക്കാൻ ഹേബിയസ് കോർപ്പസിന്റെ സ്വഭാവത്തിലുള്ള ഒരു റിട്ട് ഇതിനാൽ പുറപ്പെടുവിക്കുന്നു." പ്രോസിക്യൂഷൻ പറയുന്ന അഭിപ്രായങ്ങളുടെ സന്ദർഭം വ്യക്തമാക്കാനായി ഖാൻ നടത്തിയ മുഴുവൻ പ്രസംഗവും വിധിന്യായത്തിൽ ഉദ്ധരിക്കുന്നു. ബെഞ്ച് കണ്ടെത്തിയതനുസരിച്ച് ഖാന്റെ പ്രസംഗം "വിദ്വേഷമോ അക്രമമോ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ശ്രമവും വെളിപ്പെടുത്തുന്നില്ല. അലിഗഡ് നഗരത്തിന്റെ സമാധാനത്തിനും ശാന്തിക്കും ഇതിൽ ഒരിടത്തും ഭീഷണിയില്ല. ദേശീയോദ്ഗ്രഥനത്തിനുംജനങ്ങളുടെഐക്യത്തിനും ഈ പ്രസംഗം ആഹ്വാനം ചെയ്യുന്നു. പ്രസംഗം ഏല്ലാ തരത്തിലുള്ള അക്രമത്തെയും നിരാകരിക്കുന്നു. പ്രാസംഗികൻ തീർച്ചയായും സർക്കാരിന്റെ നയങ്ങളെ എതിർക്കുകയായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ അദ്ദേഹം ചില ഉദാഹരണങ്ങൾ നൽകുന്നുണ്ട്, പക്ഷേ തടങ്കലിൽ വയ്ക്കുന്നതിനാവശ്യമായ ഒന്നും തന്നെ എവിടെയും കാണുന്നില്ല. പ്രസംഗം ഏല്ലാ തരത്തിലുള്ള അക്രമത്തെയും നിരാകരിക്കുന്നു. പ്രസംഗത്തിന്റെ യഥാർത്ഥ ഉദ്ദേശ്യത്തെ അവഗണിച്ച് പ്രസംഗത്തിൽനിന്നും തിരഞ്ഞുപെറുക്കിയെടുത്ത വരികളും പദാവലികളുമാണ് ജില്ലാ മജിസ്ട്രേറ്റ് പരാമർശിക്കുന്നത്. അലിഗഡ് ജില്ലാ മജിസ്ട്രേറ്റ് എത്തിച്ചേർന്ന നിഗമനത്തിലെത്താൻ വിവേകബുദ്ധിയുള്ള മറ്റൊരു വ്യക്തിക്ക് സാധിക്കുമോ എന്നാണ് ഞങ്ങളുടെ ഉത്കണ്ഠ."*(ദ വയർ, 01-09-20)* ബഹുമാനപ്പെട്ട അലഹബാദ് ഹൈക്കോടതിയുടെ വാദഗതികൾ അടിസ്ഥാനമാക്കിയത് നമ്മുടെ ഭരണഘടനയെക്കുറിച്ചുള്ള പരമ്പരാഗത ധാരണയായ, സ്റ്റേറ്റിന്റെ പ്രവർത്തന പരിമിതി എന്നതാണ്. ഇതിന്റെ അർത്ഥം, ഭരണഘടനാഅവകാശങ്ങൾസർക്കാരുകൾക്ക് ലംഘിക്കാനാവില്ല എന്നാണ്. കോടതി വാദിച്ചു: "സാഹോദര്യത്തെ പ്രോത്സാഹിപ്പിക്കുന്നതും അതോടൊപ്പംതന്നെ ഓരോ വ്യക്തിയുടെയും അന്തസ്സും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുമെന്ന ഉറപ്പുള്ളതും ആയിരിക്കണം ഭരണ സംവിധാനം. നമ്മുടെ രാജ്യത്തിന്റെ ശക്തവും മൂല്യവത്തുമായ ഊടും പാവും ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ പറഞ്ഞിരിക്കുന്ന മൗലികാവകാശങ്ങളുടെ പിൻബലത്തിൽ രൂപകൽപന ചെയ്തിരിക്കുന്നതാണ്. ഇതിലെ സുവർണ്ണ നൂലാണ് ഈ അവകാശങ്ങൾ. ഈ നൂലിനെ കൂടുതൽ ബലപ്പെടുത്തുന്നത് ജീവന്റെ സംരക്ഷണവും വ്യക്തിസ്വാതന്ത്ര്യവും ഉറപ്പാക്കുന്ന ഭരണഘടനയുടെ ആർട്ടിക്കിൾ 21 ആകുന്നു."*(രാഘവ് പാണ്ഡെ, ഫസ്റ്റ് പോസ്റ്റ്, 03-09-20)*

"ഖാന്റെ കേസിൽ, ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 153 എ പ്രകാരമാണ് അദ്ദേഹത്തിനെതിരെ കുറ്റം ചുമത്തിയത്. 2020 ഫെബ്രുവരി 10 ന് അലിഗഡിലെ സിജെഎം കോടതി അദ്ദേഹത്തിന് ജാമ്യം നല്കി. എന്നാൽ, യുപി സർക്കാർ അദ്ദേഹത്തെ വിട്ടയച്ചില്ല. ഫെബ്രുവരി 13 ന് പുറപ്പെടുവിച്ച രണ്ടാമത്തെ റിലീസ് ഉത്തരവ് പാലിക്കപ്പെട്ടു. എന്നാൽ താമസിയാതെ അദ്ദേഹത്തെ വീണ്ടും കസ്റ്റഡിയിലെടുത്തു. ഗവൺമെന്റിന്റെ സ്വേച്ഛാപരമായ പെരുമാറ്റം, ഏത് ഭരണഘടനാ സംവിധാനത്തിലും നിയമവാഴ്ചയിലും ഭരണത്തെ സുഗമമായി നിലനിർത്തിക്കൊണ്ടു പോകാൻ പര്യാപ്തമല്ല.

ഇത് ഭരണഘടനയ്ക്കും നീതിന്യായ വ്യവസ്ഥയ്ക്കും വിരുദ്ധമാണ്. ഒരു വ്യക്തിയെ തടങ്കലിൽ വയ്ക്കണമെന്ന സംസ്ഥാന സർക്കാരിന്റെ കേവലമായ ഒരു ആഗ്രഹം കൊണ്ടു മാത്രം, ആർട്ടിക്കിൾ 21 പ്രകാരം ഉറപ്പുനല്കുന്ന വ്യക്തിസ്വാതന്ത്ര്യത്തെ കവർന്നെടുക്കാൻ സാധിക്കില്ല."*(രാഘവ് പാണ്ഡെ ഫസ്റ്റ് പോസ്റ്റ് 03-09-20)*

## രണ്ട് വിധികളെക്കുറിച്ചുള്ള അഭിപ്രായങ്ങളും വിമർശനങ്ങളും

തൊഴിലാളികളും പാർലമെന്ററി ജനാധിപത്യവും എന്ന വിഷയത്തെ അധികരിച്ച് ഇൻഡ്യൻ ഭരണഘടനയുടെ ശില്പി ആയ ബാബാസാഹേബ് അംബേദ്കറിന്റെ ഒരു പ്രസംഗം വ്യക്തമാക്കുന്നത്, വലിയ അധികാരത്തോടൊപ്പം ഭാരിച്ച ഉത്തരവാദിത്തം കൂടിയുണ്ട് എന്നാണ്. ഇന്ത്യൻ ഭരണഘടന സുപ്രീം കോടതിയുടെമേൽ ഭാരിച്ച ഉത്തരവാദിത്തങ്ങളാണ് കൊടുത്തിരിക്കുന്നത്. അദ്ദേഹം വിശദീകരിച്ചു: "ഒരു പാർലമെന്ററി ജനാധിപത്യത്തിൽ ജനങ്ങളുടെ ശബ്ദം പ്രകടിപ്പിക്കാൻ നിയമനിർമ്മാണസഭയുണ്ട്. അതുകൂടാതെ, നിയമസഭയ്ക്ക് കീഴ്പ്പെട്ടുകൊണ്ട്, നിയമസഭയെ അനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥമായ എക്സിക്യൂട്ടീവ് ഉണ്ട്. നിയമസഭയ്ക്ക് മുകളിലായി, ഇവയെ രണ്ടും നിയന്ത്രിക്കാനും നിശ്ചിത പരിധികളുള്ളിൽ നിർത്താനും ജുഡീഷ്യറിയുണ്ട്." "നീതി എന്നത് സദാചാരങ്ങളുടെ അടച്ചിട്ട ഒരു കലവറയായി കാണാൻ കഴിയില്ല. എന്നാൽ, രാജ്യത്ത് നീതി നടപ്പാക്കാൻ ചുമതലയുള്ള പരമോന്നത സ്ഥാപനം അതാര്യവും, കെട്ടിയടച്ചതുമായ അവസ്ഥയിലേക്കെത്തിയിരിക്കുന്നു."*(ദി വയർ 19-08-20)* "ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(എ) പ്രകാരം ഓരോ ഇന്ത്യൻ പൗരന്റെയും മൗലികാവകാശമാണ് അഭിപ്രായ സ്വാതന്ത്ര്യം.എന്നാൽ ഇത് ആർട്ടിക്കിൾ 19(2) അനുസരിച്ച് ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയവുമാണ്. സി.കെ.പാണ്ഡേ vs ഒ.പി.ഗുപ്ത (1971) കേസിൽ, നിലവിലുള്ള ക്രിമിനൽ കോർട്ടലക്ഷ്യ നിയമം ഈ പറഞ്ഞ നിയന്ത്രണത്തിന്റെ ഉദാഹരണമായി സുപ്രീം കോടതി ചൂണ്ടിക്കാണിക്കുന്നു. ഈ നിയമത്തെ ഭയന്ന് ആർക്കും കോടതിയോടുള്ള അമർഷം പ്രകടിപ്പിക്കാൻ കഴിയില്ല എന്ന് അതിനർത്ഥമില്ല. 1971ലെ കോർട്ടലക്ഷ്യ നിയമത്തിലെ സെക്ഷൻ 2(സി) ക്രിമിനൽ അവഹേളനത്തെ നിർവചിക്കുന്നത് ഈ വിധത്തിലാണ്: ഏതെങ്കിലും കോടതിയുടെ അധികാരത്തെ അപകീർത്തിപ്പെടുത്തുന്നതോ കുറയ്ക്കുന്നതോ ആയ ഏതെങ്കിലും വിഷയത്തിന്റെ പ്രസിദ്ധീകരണം, അല്ലെങ്കിൽ മറ്റേതെങ്കിലും പ്രവൃത്തി; നീതിന്യായനടപടികൾക്ക് കോട്ടം തട്ടുന്നതോ നടപടികളിൽ ഇടപെടുന്നതോ ആയ പ്രവൃത്തികൾ; നീതിനിർവഹണത്തെ തടസ്സപ്പെടുത്തുന്ന പ്രവൃത്തികൾ എന്നിങ്ങനെയാണ്.

ഇതിനർത്ഥം ഒരാൾക്ക് ഒരിക്കലും ജുഡീഷ്യറിയെ വിമർശിക്കാൻ കഴിയില്ല എന്നാണോ? അല്ല. ഇന്ത്യൻ കോടതികളുടെ പ്രവർത്തനത്തെക്കുറിച്ച് നിയമാനുസൃതമായി പറയാൻ നിങ്ങളെ അനുവദിക്കുന്നത് എന്താണ് എന്നതാണ് ഈ പ്രത്യേക വകുപ്പിന്റെ അടിസ്ഥാനം. അതായത്, വിമർശനവും അവഹേളനവും തമ്മിലുള്ള വേർതിരിവ് വളരെ നേർത്തതാണ്. ഒരു ജഡ്ജിയുടെ പ്രവർത്തിക്കെതിരെ അഭിപ്രായം പറഞ്ഞാൽ, അഭിപ്രായം ന്യായമാണോഅല്ലെങ്കിൽദുരുദ്ദേശപരമാണോ എന്ന് കാണേണ്ടതുണ്ടെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടു. ഒരു വ്യക്തിയെന്ന നിലയിൽ ജഡ്ജിക്കെതിരെ അഭിപ്രായം പറയുകയാണെങ്കിൽ, ആ അഭിപ്രായം ജഡ്ജിയുടെകൃത്യനിർവഹണത്തെ ബാധിക്കുമോ അതല്ലെങ്കിൽ കേവലം അപകീർത്തിയുടെയോ മാനനഷ്ടത്തിന്റെയോ സ്വഭാവത്തിലാണോ എന്ന് കോടതി പരിഗണിക്കും. പ്രസ്താവന ന്യായമാണോ ആത്മാർത്ഥമായതാണോ അപകീർത്തികരമാണോ അവഹേളനമാണോ എന്ന് കോടതി തീരുമാനിക്കേണ്ടതുണ്ട്. ഒരു ജഡ്ജിക്കെതിരായ പരാമർശം വ്യക്തിപരം മാത്രവും, ജുഡീഷ്യൽ കൃത്യനിർവഹണത്തിന് എതിരല്ലാതിരിക്കുകയും ചെയ്താൽ അത് ക്രിമിനൽ അവഹേളനമാകില്ല.

*(ശേഷം 14–ാം പേജിൽ)*

> **"എക്സിക്യൂട്ടീവിന്റെയും നിയമസഭയുടെയും ഭരണഘടനാലംഘനങ്ങളെ അസാധുവാക്കുവാൻ ജുഡീഷ്യറിക്ക് കഴിഞ്ഞേക്കാം. എന്നാൽ, ജുഡീഷ്യറിയെയും ന്യായാധിപരെയും പൊതു വിമർശനത്തിലൂടെ മാത്രമേ തിരുത്താനാകൂ. അതിനാൽ അപൂർവമായ കേസുകൾക്ക് മാത്രമേ കോടതിയലക്ഷ്യത്തിന് അർഹതയുള്ളൂ. ജഡ്ജിമാരെ അധിക്ഷേപിക്കുന്നതിനുള്ള ഏറ്റവും മികച്ച ഉത്തരം ക്രൂരമായ കോടതിയലക്ഷ്യ ശിക്ഷയല്ല, മറിച്ച് മികച്ച കൃത്യനിർവഹണമാണ്", ഇതായിരുന്നു ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യരുടെ അഭിപ്രായം.**

# ജഡ്ജിമാരെ വിമർശിക്കുന്നതിനുള്ള മറുപടി കോടതിയലക്ഷ്യ ശിക്ഷയല്ല, മികച്ച കൃത്യനിർവ്വഹണമാണ്

(13-ാം പേജിൽ നിന്ന്)

വ്യക്തികൾ എന്ന നിലയിൽ വിമർശിക്കപ്പെടുന്ന പ്രസ്താവനകളിൽനിന്ന് ജഡ്ജിമാർക്ക് സംരക്ഷണം നല്കാൻ ക്രിമിനൽ കോടതിയലക്ഷ്യ നിയമം ലക്ഷ്യം വെയ്ക്കുന്നില്ല. എന്നാൽ ഈ തരത്തിലുള്ള പ്രസ്താവനകൾ വ്യക്തികളെ മാനനഷ്ടത്തിന് ബാധ്യസ്ഥരാക്കും. ജുഡീഷ്യറിയെക്കുറിച്ചുള്ള പൊതുധാരണ നിയമവാഴ്ചയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്നതിനാൽ നീതിനിർവഹണത്തെയും കോടതികളുടെ പ്രവർത്തനത്തെയും ബാധിക്കുന്ന പ്രസ്താവനകൾ ക്രിമിനൽ അവഹേളനത്തിന് തുല്യമാണ്. ഒരു ജഡ്ജിയുടെ ഔദ്യോഗിക പദവിയെ ലക്ഷ്യം വെച്ചുള്ള വിമർശനം, ജുഡീഷ്യറിയെ മൊത്തത്തിൽ അപലപിക്കുന്നതാകയാൽ, അത് ന്യായമായ വിമർശനമല്ലെങ്കിൽ, കോടതിയലക്ഷ്യം ആ വ്യക്തിയുടെ മേൽ ആരോപിക്കപ്പെടാം. *(ദ ഹിന്ദു, 19-08-20)*

### എക്സിക്യൂട്ടീവിന്റെ ധിക്കാരപരമായ പ്രവർത്തനരീതികളെക്കുറിച്ചുള്ള ആരോപണങ്ങളും നീതിന്യായ വ്യവസ്ഥയുടെ തകർച്ചയും

"ജനാധിപത്യത്തിൽ, ഭരണകൂടത്തിന്റെ പരമാധികാരത്തിന്റെ മൂന്ന് തൂണുകളാണ് നിയമസഭയും എക്സിക്യൂട്ടീവും ജുഡീഷ്യറിയും. വ്യക്തമായി നിർവചിക്കപ്പെട്ട അതിരുകൾ ഒന്ന് മറ്റൊന്നിന്റെ മേഖലയിലേക്ക് കടന്നുകയറുന്നത് തടയുന്നു. ജനാധിപത്യത്തിന്റെയും ജനങ്ങളുടെ മൗലികാവകാശങ്ങളുടെയും രക്ഷാധികാരിയാണ് ജുഡീഷ്യറി. ധീരതയോടെയും സ്വതന്ത്രമായും പ്രവർത്തിക്കും എന്ന് ഓരോ ജഡ്ജിയും സത്യപ്രതിജ്ഞ ചെയ്യുന്നതാണ്. ജഡ്ജി ഒരിക്കലും ഒരു സമ്മർദ്ദത്തിനും വഴങ്ങരുത്. മാധ്യമങ്ങളിലൂടെ ജഡ്ജിമാരിൽ എത്തുന്ന പൊതുജനാഭിപ്രായം അവരെ പ്രവർത്തിക്കാൻ നിർബന്ധിക്കുകയോ പ്രവർത്തിക്കുന്നതിൽനിന്ന് പിന്തിരിപ്പിക്കുകയോ ചെയ്യരുത്. അറിയാതെ സ്വന്തം ചുമലിൽ മറ്റൊരാളുടെ തോക്കുവെച്ച് വെടിവയ്ക്കാനുള്ള അവസരം കൊടുക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ജുഡീഷ്യറി അതീവ ജാഗ്രത പാലിക്കണം."*(ജസ്റ്റിസ് ആർ.സി.ലഹോതി, മുൻ സിജെഐ, ഇന്ത്യൻ എക്സ്പ്രസ്, 02-06-20).*

"സർക്കാരിന്റെയും ജുഡീഷ്യറിയുടെയും ഇടയിലുള്ള അധികാരപരിധി സംബന്ധിച്ച അവ്യക്തത കാരണം, ഇത്തരം സംഭവങ്ങൾക്ക് മോശമായ രീതിയിലുള്ള ശ്രദ്ധ ലഭിക്കുകയും സംശയങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുന്നു."*(ഡെയ്‌ലി ഒ 25-03-20)* "സമാധാനപരമായി പ്രതിഷേധിക്കുന്നവർ, പത്രപ്രവർത്തകർ, മനുഷ്യാവകാശ പ്രവർത്തകർ, വിദ്യാഭ്യാസവിചക്ഷണർ, വിദ്യാർത്ഥികൾ എന്നിവർക്കെതിരെ അടുത്ത കാലത്തായി ഇന്ത്യൻ അധികാരികൾ തീവ്രവാദ വിരുദ്ധ നിയമം, രാജ്യദ്രോഹ നിയമം, ക്രിമിനൽ മാനനഷ്ടം എന്നിവ ഉൾപ്പെടെയുള്ള ക്രിമിനൽ നിയമങ്ങൾ വർദ്ധിച്ചതോതിൽ ഉപയോഗിച്ചു. രാഷ്ട്രീയ പ്രേരിതമായ കേസുകളിൽ അനേകം ആളുകളെ സ്വേച്ഛാപരമായി അറസ്റ്റ് ചെയ്യുകയും പ്രോസിക്യൂട്ട് ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്." *(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂയോർക്ക്, 19-08-20)* "ദില്ലി കലാപത്തിന് മുന്നോടിയായി ബിജെപി നേതാക്കൾ നടത്തിയ വിദ്വേഷ പ്രസംഗങ്ങൾ പരിഗണിച്ച സുപ്രീംകോടതി, സാഹചര്യങ്ങളുടെ സമ്മർദ്ദം അനുഭവിക്കുന്നതായും സമ്മർദ്ദം കൈകാര്യം ചെയ്യാൻ കഴിയുന്നില്ലെന്നും പറഞ്ഞു."*(ഡെയ്‌ലി ഒ 25-03-20)*

സ്റ്റീവൻ ലെവിറ്റ്സ്കി, ഡാനിയൽ സിബ്ലാട്ട് എന്നിവർ എഴുതിയ 'എങ്ങനെയാണ് ഡെമോക്രസികൾ മരിക്കുന്നത്' എന്ന പുസ്തകത്തിൽ, "ജനാധിപത്യ ഭരണകൂടങ്ങളുടെ തകർച്ചകൾക്ക് കാരണം ജനറലുകളും സൈനികരും അല്ല, മറിച്ച് തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളാണ്" എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലോകമെമ്പാടുമുള്ള "തിരഞ്ഞെടുക്കപ്പെട്ട നേതാക്കൾ ജനാധിപത്യ സ്ഥാപനങ്ങളെ അട്ടിമറിച്ചു" എന്നതിന്റെ നിരവധി ഉദാഹരണങ്ങൾ അവർ നിരത്തുന്നു. ഭരണഘടന അനുശാസിക്കുന്ന ബാലറ്റ് ബോക്സിന്റെയും നിയമസഭയുടെയും ജുഡീഷ്യറിയുടെയും അംഗീകാരത്തോടെയാണ് ഈ അട്ടിമറി നടത്തുന്നത്. ഉടനീളം, ജനാധിപത്യ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുവെന്ന ഉറപ്പ് എല്ലായ്പ്പോഴും നിലനിർത്തുന്നു. ഈ സാഹചര്യങ്ങളിൽ ശക്തരായി ഉയർന്നുവരുന്ന നേതാക്കളെ ലെവിറ്റ്സ്കിയും സിബ്ലാറ്റും 'തിരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാധിപതികൾ' എന്ന് വിളിക്കുന്നു. ഈ വിധേന തിരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാധിപതികൾ സ്ഥാപനങ്ങളെ രാഷ്ട്രീയ ആയുധമാക്കുന്നു. അവർ മാധ്യമങ്ങളെയും സ്വകാര്യമേഖലയെയും നിശബ്ദരാക്കുക്കുന്നു, ഒപ്പം രാഷ്ട്രീയ എതിരാളികളുടെ താല്പര്യങ്ങൾക്കുപരിയായി സ്വന്തം താല്പര്യങ്ങൾക്കനുസൃതമായി നിയമങ്ങൾ പൊളിച്ചെഴുതുന്നു."*(2020 സെപ്റ്റംബർ18ന് ജസ്റ്റിസ് എ.പി.ഷാ നടത്തിയ ജസ്റ്റിസ് സുരേഷ് മെമ്മോറിയൽ പ്രഭാഷണം, ദ വയർ 18-09-20)*

'നിരവധി കോളമിസ്റ്റുകൾ, പ്രമുഖ പണ്ഡിതർ, നിയമജ്ഞർ എന്നിവർ സുപ്രീംകോടതിയുടെ അവകാശാധിഷ്ഠിത കോടതി എന്ന രീതിയിൽനിന്ന് എക്സിക്യൂട്ടീവ് കോടതി എന്ന രീതിയിലേക്കുള്ള വ്യതിചലനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തീർച്ചയായും, അത്തരമൊരു കോടതിയും, രാഷ്ട്രീയമായി തന്ത്രപ്രധാനമായ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കുന്നതും, എക്സിക്യൂട്ടീവിന് അനുകൂലമായ തീരുമാനങ്ങളെടുക്കും എന്ന വിശ്വാസം അർപ്പിക്കാൻ കഴിയുന്നതുമായ ഒരു ന്യായാധിപനും ഉണ്ടെങ്കിൽ അത് എളുപ്പമായി. കോടതിക്കുള്ളിൽനിന്നുതന്നെ ആരോപണങ്ങളും സംശയങ്ങളും ഉയർന്നിട്ടുണ്ട്. ജസ്റ്റിസ് ദീപക് മിശ്രയുടെ കാലത്ത്, കോടതിയിൽ ജോലി നിർണ്ണയിക്കുന്നത് "റിമോട്ട് കണ്ട്രോൾ" വഴിയാണെന്ന് ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഭരണകൂടത്തിന്റെ മറ്റ് ശാഖകളുടെമേൽ, പ്രത്യേകിച്ച് ഒരു സ്വതന്ത്ര ജുഡീഷ്യറിയുടെമേൽ നിയന്ത്രണം പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്ന ഒരു പ്രബലമായ എക്സിക്യൂട്ടീവിന് ഇത് വളരെ എളുപ്പമാണ്. സുപ്രീംകോടതിയെ ഗവണ്മെന്റനുകൂല ന്യായാധിപന്മാരെക്കൊണ്ട് നിറക്കേണ്ട ആവശ്യമില്ല. ഒരുപോലെ ചിന്തിക്കുന്ന 30 ന്യായാധിപന്മാരെ കണ്ടെത്തുന്നത് വളരെ പ്രയാസമേറിയതോ അസാധ്യമായതോ ആകുന്നു. കോടതിയിൽ ചില "അനുകൂല" സാഹചര്യങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക മാത്രമാണ് വേണ്ടത്: ഈ സാഹചര്യങ്ങളിൽ ഉൾപ്പെടുന്നതാണ്, നിങ്ങളുടെ പക്ഷത്തുള്ള ഒരു സിജെഐയും "വിശ്വസനീയരായ" ബെഞ്ചിലെ മറ്റ് ചില ജഡ്ജിമാരും. ഇന്ത്യയിൽ എക്സിക്യൂട്ടീവ് ബ്രാഞ്ചിൽനിന്നും, ഇടയ്ക്കിടെ നിയമസഭയിൽനിന്നും സ്വതന്ത്ര ജുഡീഷ്യറിക്കെതിരെ ഭീഷണി ഉയർന്നുവരുന്നതായി പ്രവണത കാണുന്നുണ്ട്. ജുഡീഷ്യറിയിലെ വ്യക്തികൾ മറ്റ് ശാഖകൾക്ക് വഴങ്ങുമ്പോൾ, അത് തികച്ചും വ്യത്യസ്തമായ ഒരു കഥയാണ്. തീർച്ചയായും സുപ്രീംകോടതിയിലെ ജഡ്ജിമാർക്ക് ഒത്തുകൂടാനും സ്വന്തം നിലനിൽപ്പ് സുപ്രീംകോടതിയുടെ സ്വാതന്ത്ര്യത്തിന് മുകളിലാണോ, ജുഡീഷ്യറിയെ ബാഹ്യമായ സ്വാധീനത്തിൽനിന്ന് സംരക്ഷിക്കാൻ അവർ ആഗ്രഹിക്കുന്നുണ്ടോ, ശക്തമായ എക്സിക്യൂട്ടീവിനെതിരെ ഉറച്ചുനില്ക്കണമോ എന്നിങ്ങനെയുള്ള വിഷയങ്ങളെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടതിനും പറ്റിയ ഏറ്റവും ഉചിതമായ സമയമാണിത്. *(ജസ്റ്റിസ് എ.പി.ഷാ, ദ ഹിന്ദു 07-09-20)*

'ഇപ്പോൾ, കോടതി പതിറ്റാണ്ടുകളുടെ സ്വന്തം ചരിത്രത്തിൽനിന്ന് പിന്തിരിയുകയാണെന്ന് തോന്നുന്നു. പകരം, ഒരു മടിയുമില്ലാതെ, ഒരു ചോദ്യവും ചോദിക്കാതെ ഭൂരിപക്ഷത്തിന്റെ കാഴ്ചപ്പാടുകളോട് യോജിച്ചു പോകുന്നു. ഇത് വ്യക്തമാക്കുന്ന സമീപകാലത്തെ രണ്ട് കേസുകളാണ് ശബരിമല, അയോദ്ധ്യ എന്നിവ. എന്നാൽ കുടിയേറ്റ തൊഴിലാളികളുടെ കേസിൽ, സാഹചര്യത്തിന്റെ ഏറ്റവും മികച്ച വിധികർത്താവാണ് സർക്കാർ എന്ന നിർഭാഗ്യകരമായ അനുമാനത്തിലുമെത്തി.

പകരം, ഈ സമയത്ത്, കുടിയേറ്റത്തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ചോദിച്ചുകൊണ്ട് യുക്തിയുടെയും ധീരതയുടെയും അനുകമ്പയുടെയും തുരുത്തുകളായി ഹൈക്കോടതികൾ നിലകൊണ്ടു. തൊഴിലാളികളുടെ കൂട്ടപ്പലായനം വ്യാജ വാർത്തകൾ കാരണമാണെന്ന് വാദിച്ച സോളിസിറ്റർ ജനറലിന്റെ വിചിത്രമായ അവകാശവാദത്തോടുള്ള സുപ്രീം കോടതിയുടെ പ്രതികരണവുമായി ഇത് ഒത്തുനോക്കുക. സുപ്രീം കോടതി ഇത് അംഗീകരിച്ചു. കൂടുതൽ ഉത്തരവാദിത്തത്തോടെ റിപ്പോർട്ട് ചെയ്യാൻ മാധ്യമ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. മുൻ പോലീസ് ഉദ്യോഗസ്ഥൻ ജൂലിയോ റിബെയ്‌റോ ദില്ലി കലാപത്തിൽ ന്യായമായ അന്വേഷണത്തിന്റെ അഭാവവും 1984ലെ കലാപവുമായി ഉള്ള സാമ്യവും ചൂണ്ടിക്കാട്ടി. അദ്ദേഹം കൃത്യമായിപറഞ്ഞു: "നിലവിലുള്ള രാഷ്ട്രീയ അധികാരിവർഗ്ഗം ഒരു വിഭാഗത്തെ ശിക്ഷിക്കാത്തതു കാരണം ഇന്ത്യയിൽ കലാപങ്ങൾ ആവർത്തിക്കുന്നു". സമീപകാലത്ത് പാർലമെന്റിന്റെ പല ന്യൂനതകളും പുറത്തു വന്നിട്ടുണ്ട്. കോവിഡ്-19 മൂലം ഏർപ്പെടുത്തിയ ലോക്ക്ഡൗൺ സമയത്ത് ഒരു തവണ പോലും പാർലമെന്റ് കൂടിയിട്ടില്ല. ഒടുവിൽ കൂടാൻ തീരുമാനിച്ചപ്പോൾ, ചോദ്യോത്തര വേള റദ്ദാക്കുകയും ചെയ്തു.

സുപ്രീംകോടതിയുടെ തകർച്ചയ്ക്ക് കാരണമാകുന്ന അടുത്ത സ്വഭാവവിശേഷം, വിധികർത്താവ് എന്ന നിലയിൽ അതിന്റെ അടിസ്ഥാനപരമായ പങ്ക് നിർവഹിക്കുന്നതിൽ പരാജയപ്പെടുന്നു എന്നതാണ്. കാശ്മീർ കേസിൽ, കോടതി എന്ന നിലയിലുള്ള അതിന്റെ പങ്ക് പ്രായോഗികമായി ഉപേക്ഷിച്ചു. ഒരു സ്വതന്ത്ര സ്ഥാപനമായി നിലനില്ക്കുന്നതിൽ ജുഡീഷ്യറി അങ്ങേയറ്റം പരാജയപ്പെടുന്നുവെന്നത് വളരെ പ്രകടമാണ്. വാസ്തവത്തിൽ ഇതിന് ഉത്തരവാദി എക്സിക്യൂട്ടീവ് ആണ് എന്നത് ഒരു തുറന്ന രഹസ്യവുമാണ്. എക്സിക്യൂട്ടീവ് ഇത് എങ്ങനെ ചെയ്യുന്നുവെന്നതും എല്ലാവർക്കും അറിയാം. സുപ്രീംകോടതിയെ ഗവണ്മെന്റനുകൂല ന്യായാധിപന്മാരെക്കൊണ്ട് നിറക്കേണ്ട ആവശ്യമില്ല." *(ജസ്റ്റിസ് എ.പി.ഷാ, ദ വയർ 18-09-20)*

നമ്മുടെ മൗലികാവകാശങ്ങൾ അഭേദ്യമായ മതിലുകകൾക്ക് പിന്നിൽ ഒളിപ്പിച്ചുവെച്ചിട്ടുണ്ട്. ഒരു പാർലമെന്ററി ഭരണകൂടം, അധികാര വികേന്ദ്രീകരണം, കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ഉത്തരവാദിത്തങ്ങളുടെ ഒരു ഫെഡറൽ തത്വങ്ങളനുസരിച്ചുള്ള വിഭജനം എന്നിവയിലധിഷ്ഠിതമായ ഒരു സംവിധാനം നമുക്കുണ്ട്. പലർക്കും അസൂയ ഉളവാക്കുന്ന ഒരു സംവിധാനമാണിത്. അതിശക്തമായ എക്സിക്യൂട്ടീവ് നിയമസഭയിലൂടെ ജനങ്ങളോടും ജുഡീഷ്യറിയിലൂടെ ഭരണഘടനയോടും നിയമവാഴ്ചയോടും ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു. കൂടാതെ ഓഡിറ്റർ ജനറൽ, ഇലക്ഷൻ കമ്മീഷൻ, ഒരു മനുഷ്യാവകാശ നിരീക്ഷണ സമിതി, അഴിമതിവിരുദ്ധ സമിതികൾ തുടങ്ങിയ സ്ഥാപനങ്ങളുമുണ്ട്. ഇതിനും പുറമേ മാധ്യമങ്ങൾ, അക്കാഡമിക് സമൂഹം, പൊതുസമൂഹം തുടങ്ങിയവയും. നിർഭാഗ്യവശാൽ ഇതെല്ലാം കടലാസിൽ മാത്രമാണ്. ഇന്ന് ഇന്ത്യയിൽ, എക്സിക്യൂട്ടീവ് ഉത്തരവാദിത്തപ്പെടേണ്ടതായിരൂപകൽപ്പന ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉപകരണങ്ങളും ആസൂത്രിതമായി നശിപ്പിക്കപ്പെടുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻപ്രവർത്തനരഹിതമാണ്. അന്വേഷണ ഏജൻസികൾ കഴിയുന്ന അവസരങ്ങളിലെല്ലാം ദുരു

(ശേഷം 15-ാം പേജിൽ)

> **"സമാധാനപരമായി പ്രതിഷേധിക്കുന്നവർ, പത്രപ്രവർത്തകർ, മനുഷ്യാവകാശ പ്രവർത്തകർ, അക്കാഡമിക്കുകൾ, വിദ്യാർത്ഥികൾ എന്നിവർക്കെതിരെ അടുത്ത കാലത്തായി ഇന്ത്യൻ അധികാരികൾ തീവ്രവാദ വിരുദ്ധ നിയമം, രാജ്യദ്രോഹ നിയമം, ക്രിമിനൽ മാനനഷ്ടം എന്നിവ ഉൾപ്പെടെയുള്ള ക്രിമിനൽ നിയമങ്ങൾ വർദ്ധിച്ചതോതിൽ ഉപയോഗിച്ചു. രാഷ്ട്രീയ പ്രേരിതമായ കേസുകളിൽ അനേകം ആളുകളെ സ്വേച്ഛാപരമായി അറസ്റ്റ് ചെയ്യുകയും പ്രോസിക്യൂട്ട് ചെയ്യുകയും ജയിലിലടയ്ക്കുകയും ചെയ്തിട്ടുണ്ട്."** *(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂയോർക്ക്, 19-08-20)*

# ജനാധിപത്യത്തിൽ ജുഡീഷ്യറിയടക്കം ഒരു സ്ഥാപനവും വിമർശനങ്ങൾക്ക് അതീതമല്ല

(14–ാം പേജിൽ നിന്ന്)

പയോഗം ചെയ്യപ്പെടുന്നു. റിസർവ് ബാങ്കും ഇലക്ഷൻ കമ്മീഷനും സംശയാസ്പദമായ രീതിയിൽ മുട്ടുമടക്കിയിരിക്കുന്നതായി തോന്നുന്നു. കേന്ദ്ര വിവരാവകാശ കമ്മീഷൻ പ്രവർത്തനക്ഷമമല്ല. ഈ സമയങ്ങളിൽ ഒരു പ്രധാന പങ്ക് വഹിക്കാൻകഴിയുന്ന മറ്റ് അധികാരികളും സ്ഥാപനങ്ങളും നിശബ്ദമാണ്. ലോക്പാലിനെക്കുറിച്ച് ഞങ്ങൾ ഒന്നും കേട്ടിട്ടില്ല."*(ജസ്റ്റിസ് എ.പി.ഷാ, ദ വയർ 18-09-20)*

"വിദ്യാർത്ഥികളുടെ മേൽ കലാപം ആരോപിക്കപ്പെട്ടുകൊണ്ടും, അധ്യാപകരുടെ മേൽ ക്രിമിനൽ ഗൂഢാലോചന ആരോപിക്കപ്പെട്ടുകൊണ്ടും സർവകലാശാലകൾ ദിനംപ്രതി ആക്രമിക്കപ്പെട്ടുകൊണ്ടിമിരിക്കുന്നു. നിഷ്പക്ഷമായ മുഖ്യധാരാ മാദ്ധ്യമം എന്ന ആശയം ഇൻഡ്യയിൽ വളരെക്കാലം മുമ്പേ മരണമടഞ്ഞു. ഇപ്പോൾ, കശ്മീരിലെ മാദ്ധ്യമ നയം പോലുള്ള നീക്കങ്ങളോടെ, ഒരു സ്വതന്ത്ര മാദ്ധ്യമ സങ്കല്പവും മരിച്ചുകൊണ്ടിരിക്കുന്നു. പല രീതിയിലും പൊതുസമൂഹത്തിന്റെ കഴുത്തുഞെരിച്ച് പതുക്കെ ശ്വാസം മുട്ടിച്ചുകൊണ്ടി രിക്കുന്നു. മറ്റെല്ലാ സ്ഥാപനങ്ങളേയും ആസൂത്രിതമായി തഴഞ്ഞുകൊണ്ട് എക്സിക്യൂട്ടീവ് മാത്രം അതിന്റെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട്, തിരഞ്ഞെടുക്കപ്പെട്ട സ്വേച്ഛാധിപത്യത്തിന്റെ ഒരു രൂപത്തിലേക്ക് നമ്മൾ നീങ്ങുന്നു. തീർച്ചയായും, അനേകം വിവേകമതികളായ വ്യക്തികൾ നമ്മെ പലപ്രാവശ്യം ഓർമ്മിപ്പിച്ചതുപോലെ ഇങ്ങനെയാണ് ജനാധിപത്യം മരിക്കുക."*(ദ വയർ 18-08-20)*

"പാർലമെന്റ് എല്ലായ്പ്പോഴും ഒരു എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്ന സംവിധാനമായി പ്രവർത്തിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ ഉത്തരവാദിത്തം പാർലമെന്റ്, അത് പ്രതിനിധീകരിക്കുന്ന ജനങ്ങൾക്കുവേണ്ടി നിർവഹിക്കുന്നു. ചോദ്യങ്ങളും സംവാദങ്ങളും പോലുള്ള രീതികൾ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നു. പാർലമെന്റ്തന്നെ പ്രവർത്തനം നിർത്തുമ്പോൾ എന്തുസംഭവിക്കും? മഹാമാരിപോലെ പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങൾക്ക് നേതൃത്വം നല്കുന്നതിൽ പരാജയപ്പെടുന്നതിനുപുറമെ, എക്സിക്യൂട്ടീവിന് ഇഷ്ടമുള്ളതുപോലെ ചെയ്യാൻ സ്വാതന്ത്ര്യം നല്കിക്കൊണ്ട്, പ്രാതിനിധ്യത്തിന്റെയും ഉത്തരവാദിത്തത്തിന്റെയും പ്രശ്നങ്ങളെ പെരുപ്പിക്കുന്നു. ഈ സാഹചര്യത്തിൽ, എക്സിക്യൂട്ടീവിന്റെ ഉത്തരവാദിത്തം, ഒരു പഴങ്കഥ മാത്രമാണ്, കാരണം അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദ്യങ്ങൾ ഉന്നയിക്കാൻ ആരുമില്ല."

"പാർലമെന്റിനെ ദുർബലമാക്കി അപ്രസക്തമായ ഒരു നിലയിലെത്തിക്കാൻ എക്സിക്യൂട്ടീവ് നടപടികളെടുത്താലും, മറ്റ് സ്ഥാപനങ്ങൾ അവസരത്തിനൊത്തുയർന്ന് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്ന കടമ നിർവഹിക്കുമെന്ന് ഏതൊരാളും പ്രതീക്ഷിച്ചിരിക്കും. ഇവയിൽ ഏറ്റവും ശ്രദ്ധേയമായത് ജൂഡീഷ്യറിയാണ്. ഇന്ത്യയുടെ സ്വതന്ത്ര നീതിന്യായ വ്യവസ്ഥയിൽ ഞങ്ങൾ എല്ലായ്പ്പോഴും അഭിമാനിക്കുകയും അതിനെ പുകഴ്ത്തിപ്പറയുകയും ചെയ്തിരുന്നു. അടിയന്തരാവസ്ഥ പോലുള്ള മുൻകാലങ്ങളിൽ ഗുരുതരമായ വ്യതിയാനങ്ങൾ ഉണ്ടായിരുന്നിട്ടും ഇൻഡ്യൻ ജനാധിപത്യത്തിന്റെ കുഴഞ്ഞുമറിഞ്ഞ ചരിത്രത്തിൽ വിവേകം കാത്തുസൂക്ഷിക്കുന്ന ഒന്നായി, ജനങ്ങളുടെ വിശ്വാസം പുനസ്ഥാപിക്കാൻ ജൂഡീഷ്യറിക്ക് എല്ലായ്പ്പോഴും ഏതെങ്കിലും വിധത്തിൽ സാധിച്ചിട്ടുണ്ട്."

"പാർലമെന്റ് ഇതിനകംതന്നെ ദുർബലമായതിനാൽ, കശ്മീർ വിഭജനം, പൗരത്വ(ഭേദഗതി) നിയമത്തിന്റെ ഭരണഘടനാ സാധുത, പൗരത്വ നിയമത്തിനെതിരായ പ്രതിഷേധത്തെ അടിച്ചമർത്തുക, കുറ്റവല്ക്കരിക്കുക തുടങ്ങിയ പ്രവൃത്തികൾ, രാജ്യദ്രോഹം, യു.എ.പി.എ പോലുള്ള ക്രൂരമായ നിയമങ്ങളുടെ ദുരുപയോഗം, തിരഞ്ഞെടുപ്പ് ബോണ്ടുകൾ എന്നിവ ചർച്ച ചെയ്യുന്നതിനുള്ള ഏറ്റവും മികച്ച ഇടം സുപ്രീം കോടതിയാകുമായിരുന്നു. ദുഖകരമെന്നു പറയട്ടെ, ഇവയിൽ മിക്കതും അവഗണിക്കപ്പെടുകയോ ദുരൂഹമായി അനിശ്ചിതകാലത്തേക്ക് മാറ്റിവയ്ക്കുകയോ ചെയ്യപ്പെട്ടു. ചില കേസുകളിൽ(കശ്മീരിലെ ഇന്റർനെറ്റ് ലഭ്യത പോലുള്ളവ) സുപ്രീംകോടതി മദ്ധ്യസ്ഥനെന്ന നിലയിൽ അതിന്റെ പങ്ക് ഉപേക്ഷിക്കുകയും, തീരുമാനമെടുക്കാൻ എക്സിക്യൂട്ടീവ് നടത്തുന്ന ഒരു കമ്മിറ്റിക്ക് കൈമാറുകയും ചെയ്തു. അത്തരമൊരു കമ്മിറ്റിക്ക് എക്സിക്യൂട്ടീവിന്റെതന്നെ പ്രവർത്തനങ്ങളുടെ അവലോകനം എങ്ങനെ നിഷ്പക്ഷമായ രീതിയിൽ കാണാൻ കഴിയും? ഇത് യുക്തിക്കു നിരക്കുന്നതല്ല. വാസ്തവത്തിൽ, ഇവയൊന്നുംതന്നെ ഭരണഘടന അംഗീകരിക്കുന്ന ഒരു വേദിയിലും ചർച്ചചെയ്യപ്പെടാത്ത കാര്യങ്ങളാണ്. ഇന്ന്, ജൂഡീഷ്യറി വീണ്ടും നമ്മെ കയ്യൊഴിയുന്നതായി കാണുന്നു."*(ജസ്റ്റിസ് എ.പി.ഷാ, ദ വയർ 18-09-20)*

ഇന്ന് സംജാതമായിരിക്കുന്ന സാഹചര്യം, എത്രയോ ദശകങ്ങൾക്കുമുമ്പ് മുൻ ചീഫ് ജസ്റ്റിസ് ആയിരുന്ന വൈ.വി.ചന്ദ്രചൂഡ് മുൻകൂട്ടി കണ്ടിരുന്നതാണ്. 1985ൽ അദ്ദേഹം നിരീക്ഷിച്ചു: "ജുഡീഷ്യറിയുടെ സ്വാതന്ത്ര്യത്തിന് വെളിയിൽനിന്നുള്ളതിനേക്കാൾ വലിയ ഭീഷണി അകത്തുനിന്നുണ്ട്." "കാര്യങ്ങൾ പ്രവർത്തിക്കുന്ന രീതിയിൽ യഥാർത്ഥ മാറ്റങ്ങൾ വരാതെ, ലോകത്തിലെ എല്ലാ ധർമ്മോപദേശങ്ങളും കൊണ്ടുമാത്രമായി(പ്രശാന്ത് ഭൂഷണ് വിധിന്യായത്തിൽ നല്കിയിട്ടുള്ളതുപോലെ) ഒരു ഫലവും ഉണ്ടാകില്ല." *(ജസ്റ്റിസ് എ.പി.ഷാ, ദ ഹിന്ദു, 07-09-20)* "സോഷ്യൽ മീഡിയ പോസ്റ്റുകളുടെ പേരിൽ, ക്രിമിനൽ

**എക്സിക്യൂട്ടീവ് ഉത്തരവാദിത്തപ്പെടേണ്ടതായി രൂപകൽപ്പന ചെയ്തിട്ടുള്ള എല്ലാ സ്ഥാപനങ്ങളും സംവിധാനങ്ങളും ഉപകരണങ്ങളും ഇന്ന് ആസൂത്രിതമായി നശിപ്പിക്കപ്പെടുന്നു. ദേശീയ മനുഷ്യാവകാശ കമ്മീഷൻ പ്രവർത്തനരഹിതമാണ്. അന്വേഷണ ഏജൻസികൾ കഴിയുന്ന അവസരങ്ങളിലെല്ലാം ദുരുപയോഗം ചെയ്യപ്പെടുന്നു. റിസർവ് ബാങ്കും ഇലക്ഷൻ കമ്മീഷനും സംശയാസ്പദമായ രീതിയിൽ മുട്ടുമടക്കിയിരിക്കുന്നതായി തോന്നുന്നു. കേന്ദ്രവിവരാവകാശകമ്മീഷൻപ്രവർത്തനക്ഷമമല്ല. ഈ സമയങ്ങളിൽ ഒരു പ്രധാന പങ്ക് വഹിക്കാന് കഴിയുന്ന മറ്റ് അധികാരികളും സ്ഥാപനങ്ങളും നിശബ്ദമാണ്.**

കോടതിയലക്ഷ്യത്തിന് പ്രശാന്ത് ഭൂഷൺ കുറ്റക്കാരനാണെന്ന് കണ്ടെത്തിയതിലൂടെ, അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന്റെ നീണ്ട ചരിത്രത്തെ സുപ്രീം കോടതി ഉപേക്ഷിച്ചിരിക്കുന്നു" എന്ന് മീനാക്ഷി ഗാംഗുലി(ദക്ഷിണേഷ്യ ഡയറക്ടർ, ഹ്യൂമൻ റൈറ്റ്സ് വാച്ച്) പറയുന്നു. "സമാധാനപരമായി വിയോജിക്കാനുള്ള സ്വാതന്ത്ര്യം അതിവേഗം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഇൻഡ്യയിൽ, ഒരു സ്വതന്ത്ര സമൂഹത്തിൽ ജനാധിപത്യ സ്ഥാപനങ്ങളെ ഉത്തരവാദിത്തത്തോടെ നിലനിർത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച്, സുപ്രീം കോടതി തികച്ചും തെറ്റായ സന്ദേശം ആണ് നൽകുന്നത്."*(ഹ്യൂമൻ റൈറ്റ്സ് വാച്ച്, ന്യൂയോർക്ക്, 19-08-20)* "ഒന്നര വർഷം മുമ്പ് സുപ്രീംകോടതിയിൽനിന്ന് വിരമിച്ച ജസ്റ്റിസ് മദൻ ബി. ലോകുർ, ലോക്ക്ഡൗണിൽ കുടുങ്ങിയ കുടിയേറ്റ തൊഴിലാളികളുടെ ദയനീയമായ ദുരവസ്ഥ പരിഹരിക്കുന്നതിൻ ജുഡീഷ്യൽ ഇടപെടൽ ആവശ്യപ്പെടുന്ന പൊതു താല്പര്യ ഹർജി, സുപ്രീംകോടതി കൈകാര്യം ചെയ്ത രീതിയെ എതിർത്തുകൊണ്ട് സുപ്രീംകോടതിക്ക് ഒരു 'എഫ്' ഗ്രേഡ് സമ്മാനിച്ചു."*(ടൈംസ് ഓഫ് ഇന്ത്യ 01-06-20)* "2014ൽ ബിജെപി സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ ജനാധിപത്യ ധ്വംസനം ആരംഭിച്ചത്. ഇന്ദിരാഗാന്ധി സർക്കാർ മുൻകാലങ്ങളിൽ നടത്തിയ നഗ്നമായ ജനാധിപത്യ ധ്വംസനവുമായി ഇതിനെ താരതമ്യം ചെയ്യാമെങ്കിലും താരതമ്യങ്ങൾ അറപ്പുളവാക്കുന്നതാണ്. ഇന്ന് നാം സാക്ഷ്യം വഹിക്കുന്നത്, എക്സിക്യൂട്ടീവിന്റെ മേൽ അധികാര കേന്ദ്രീകരണം നടത്തിക്കൊണ്ട്, ഇൻഡ്യൻ ജനാധിപത്യ ഭരണകൂടത്തെ പ്രായോഗികമായി ഇല്ലായ്മ ചെയ്യാൻ തന്ത്രപരമായി ശ്രമിക്കുന്ന കർമ്മനിരതമായ ഒരു ശക്തിയെയാണ്."*(ജസ്റ്റിസ് എ.പി.ഷാ, ദ വയർ 18-09-20)*

"1987 നവംബർ 28ന് മുൻ ഹൈക്കോടതി ജഡ്ജിയായിരുന്ന പി.ശിവശങ്കർ, അദ്ദേഹം (നിയമ, നീതി, കമ്പനി കാര്യ) മന്ത്രിയായിരിക്കുമ്പോൾ, ഹൈദരാബാദിലെ ബാർ കൗൺസിലിൽ നടത്തിയ പ്രസംഗം പിന്നീട് സുപ്രീംകോടതിക്കെതിരായ അവഹേളനമായി നിരീക്ഷിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിന്റെ ചില നിരീക്ഷണങ്ങളിൽ ഇവ ഉൾപ്പെടുന്നു: വരേണ്യവർഗത്തിൽനിന്നുള്ള ഘടകങ്ങൾ ഉൾക്കൊള്ളുന്ന സുപ്രീംകോടതിക്ക്, ഉള്ളവനോട്, അതായത് സമീന്ദാറുകളോട് പ്രകടമായ സഹതാപമുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന്റെ ഗുണഭോക്താക്കളായ വ്യവസായികളുടെ പിന്തുണയോടുകൂടി ഈ രാജ്യത്തെ വരേണ്യ സംസ്കാരത്തിന്റെ പ്രതിനിധികളായ ധനിക ബാങ്കർമാർക്ക് ക്ലൂപ്പറിന്റെ കേസിൽ സുപ്രീം കോടതിയുടെ ഇടപെടൽ മൂലം ഉയർന്ന നഷ്ടപരിഹാരം ലഭിച്ചു. സാമൂഹ്യവിരുദ്ധർ, അതായത് ഫെറ നിയമലംഘകർ, സ്ത്രീകളെ തീകൊളുത്തി കൊന്നവർ, എല്ലാ രീതിയിലുമുള്ള പിന്തിരിപ്പന്മാരുടെ കൂട്ടം, അവരുടെ സ്വർഗ്ഗം സുപ്രീം കോടതിയിൽ കണ്ടെത്തി." *(ദ വയർ 19-08-20)*

## ആത്മപരിശോധന അനിവാര്യം

"നമ്മുടെ ജനാധിപത്യത്തിന് ഏറെ ഹാനികരമായത് ജുഡീഷ്യറിയുടെ മേലുള്ള സമ്മർദ്ദമാണ്. ഭരണഘടനക്കുവേണ്ടി, ഓരോ സ്ഥാപനവും ജനാധിപത്യത്തിൽ തങ്ങളുടെ സ്ഥാനങ്ങൾ ആവർത്തിച്ച് സ്ഥിരീകരിക്കേണ്ട സമയമാണിത്. നാം ഒരു സ്ഥാപനത്തെ മാത്രം കൂടുതൽ ആശ്രയിക്കുകയും മറ്റുള്ളവയെ അവഗണിക്കുകയും ചെയ്യുന്നുവോ അത് പ്രശ്നങ്ങൾ ഗുരുതരമാക്കുകയും നമുക്കുതന്നെ ഏറ്റവും കൂടുതൽ ഹാനി വരുത്തുകയുംചെയ്യും."*(ഡയ്‌ലി ഒ, 25-03-20)* "ഇത്തരുണത്തിൽ, സുപ്രീം കോടതിയുടെ ഒരു സ്വയം നിരീക്ഷണം പ്രത്യേകിച്ചും പ്രസക്തമായിരിക്കും. കോടതിയുടെ അന്തസ്സിലും നിയമത്തിന്റെ മഹിമയിലും വിശ്വാസച്ചോർച്ച ഉണ്ടായിട്ടുണ്ടെന്നും, അത് രാഷ്ട്രീയക്കാരോ മന്ത്രിമാരോ നടത്തിയ അപകീർത്തികരമായ പരാമർശങ്ങളാലല്ല, മറിച്ച് ആവശ്യക്കാർക്ക് വേഗത്തിലും ഗണ്യമായ അളവിലും നീതി നൽകുന്നതിനുള്ള കോടതികളുടെ കഴിവില്ലായ്മയാലാണെന്നും വ്യക്തമായും ന്യായമായും സമ്മതിക്കേണ്ടതുണ്ട്. കോടതികൾക്ക് കൈകാര്യം ചെയ്യാനുള്ള കഴിവില്ലായ്മ കാരണം പരിഹാരം ഇല്ലാത്ത തിന്മകൾകൊണ്ട് ഇന്ന് പലരും കഷ്ടപ്പെടുന്നു. നീതി വളരെ നാളായി നിശബ്ദമായി നിലവിളിക്കുന്നു. നടപടിക്രമപരമായ തർക്കംമൂലം നമ്മുടെ നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസം കുറഞ്ഞു വരുന്നു. ന്യായാധിപന്മാരും അഭിഭാഷകരും ചെയ്യേണ്ട ഒരു സ്വയംവിമർശനമാണിത്. നമ്മൾ ആത്മപരിശോധന നടത്തണം."*(ദ വയർ 19-08-20)* ■




വാളയാർ പെൺകുട്ടികളുടെ മാതാപിതാക്കൾ നടത്തുന്ന സമരത്തെ പിന്തുണച്ചുകൊണ്ട് എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി കെ.എം.ബീവി പ്രസംഗിക്കുന്നു.

UNITY Malayalam Monthly
2020 November
Vol.47 No.8 Price: Rs. 5.00

# പത്തുശതമാനം മുന്നാക്ക സംവരണം: ജനങ്ങൾക്കിടയിൽ ചേരിതിരിവ് സൃഷ്ടിക്കാനുള്ള രാഷ്ട്രീയ ഗൂഢാലോചന

**ക**ഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ഭരണഘടനാഭേദഗതിയിലൂടെ ബിജെപി സർക്കാർ കൊണ്ടുവന്ന പത്തുശതമാനം മുന്നാക്കസംവരണം സങ്കുചിത രാഷ്ട്രീയ ലക്ഷ്യങ്ങളോടെയുള്ളതും സംവരണത്തിന്റെ ഭരണഘടനാപരമായ ലക്ഷ്യത്തെ നിഷേധിക്കുന്നതുമാണ്. കേരളത്തിലാകട്ടെ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ വർഷം നടപ്പാക്കിയ ഈ പത്തുശതമാനം മുന്നാക്കസംവരണം ഇപ്പോൾ തൊഴിൽരംഗത്തും നടപ്പാക്കാൻ എൽഡിഎഫ് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

സംവരണവുമായി ബന്ധപ്പെട്ട് രാജ്യത്തു നിലനിൽക്കുന്ന അസ്വസ്ഥതകളെ വീണ്ടും വഷളാക്കുന്ന പുതിയ ഭേദഗതി കേരളത്തിൽ നടപ്പാക്കിക്കൊണ്ട് സർക്കാർ രാഷ്ട്രീയ മുതലെടുപ്പിനു കച്ചമുറുക്കുകയാണെന്ന് എസ്.യുസി. ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ പറഞ്ഞു. ആസന്നമായിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ ചില വിഭാഗങ്ങളെ തെറ്റിദ്ധരിപ്പിച്ച് വോട്ട് നേടാനുള്ള തന്ത്രം മാത്രമാണിത്.

ആകെയുള്ള നൂറു ശതമാനത്തിന്റെ പത്തു ശതമാനമാണ് മുന്നാക്ക സംവരണത്തിനു നീക്കിവയ്ക്കുന്നതെങ്കിൽ, അതു സംവരണ വിഭാഗങ്ങളുടെ നിലവിലുള്ള വിഹിതത്തെ നിശ്ചയമായും കുറയ്ക്കാനിടവരുത്തും. അതിനാൽ പത്തുശതമാനം മുന്നാക്ക സംവരണമെന്ന തീരുമാനം പിൻവലിക്കണം. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായ പിന്നാക്കാവസ്ഥയും ജാതീയമായ വിവേചനവും അടിച്ചമർത്തലും അനുഭവിച്ചിരുന്ന ജനവിഭാഗത്തെ മുഖ്യധാരയിലെത്തിക്കുക, അവരുടെ സാമൂഹ്യ പ്രാതിനിധ്യം ഉറപ്പാക്കുക എന്നതായിരുന്നു സംവരണത്തിന്റെ ലക്ഷ്യം. അതിനാലാണ് സാമ്പത്തികമായ പിന്നാക്കാവസ്ഥ, ഭരണഘടന വിഭാവനം ചെയ്ത സംവരണത്തിന്റെ മാനദണ്ഡമാകാതെ സാമൂഹ്യപിന്നാക്കാവസ്ഥ മാനദണ്ഡമായത്. ഒരു ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിയായോ തൊഴിൽദാന പദ്ധതിയായോ സംവരണത്തെ വിലയിരുത്തിയാൽ സാമ്പത്തിക പിന്നാക്കാവസ്ഥയെ അതിന്റെ മാനദണ്ഡമാക്കുക എളുപ്പമാകും. പുതിയ ഭരണഘടനാഭേദഗതി അവലംബിച്ചിട്ടുള്ളത് ഈ കാഴ്ചപ്പാട് ആണ്. അതിനാൽ അതു സംവരണ ലക്ഷ്യത്തെ നിരാകരിക്കുന്നു. അദ്ദേഹം പ്രസ്താവനയിൽ തുടർന്നു പറഞ്ഞു.

മുതലാളിത്ത സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കുന്ന തൊഴിലില്ലായ്മ, ദാരിദ്ര്യം, വിദ്യാഭ്യാസമില്ലായ്മ തുടങ്ങിയ നീറുന്ന ജീവിത പ്രശ്നങ്ങളുടെ അടിസ്ഥാന പരിഹാരം സംവരണമല്ല. മുതലാളിത്ത രാഷ്ട്രീയ ശക്തികൾ സംവരണം ഒരു പരിഹാരമായി അവതരിപ്പിക്കുന്നത് ജനങ്ങളെ തമ്മിലടിപ്പിക്കുക എന്ന നീചമായ ലക്ഷ്യത്തോടെയാണ്. മുതലാളിത്തത്തിന്റെ അടിസ്ഥാനപ്രതിസന്ധിക്കു പുറമെ നിയമനനിരോധനവും വിദ്യാഭ്യാസമേഖല ഉൾപ്പടെയുള്ളവയുടെ ലക്കുകെട്ട സ്വകാര്യവൽക്കരണവും തൊഴിലില്ലായ്മയെയും വിദ്യാഭ്യാസമില്ലായ്മയെയും സ്ഫോടനാത്മകമായ സ്ഥിതി യിലെത്തിക്കുമ്പോൾ, വളരെ ചുരുങ്ങി ക്കൊണ്ടിരിക്കുന്ന അവസരങ്ങളുടെ പേരിൽ തമ്മിലടിക്കുന്നത് മുതലാളിത്തത്തെ സഹായിക്കുക മാത്രമാണെന്ന് സാധാരണക്കാരായ എല്ലാ വിഭാഗം ജനങ്ങളും മനസ്സിലാക്കണം. സംവരണത്തിലൂടെ ലഭിക്കാനിടയുള്ള അവസരങ്ങളുടെ നൂറു മടങ്ങെങ്കിലും മുതലാ ളിത്തനയങ്ങളിലൂടെ ഇല്ലാതാക്കിയിട്ടുണ്ടെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. ഒരു നിമിഷംപോലും വൈകാതെ ഈ മുതലാളിത്ത നയങ്ങൾക്കെതിരെ പോരാടി അവയെ പരാജയപ്പെടുത്തി വൻതോതിലുള്ള അവസരങ്ങളുടെ സൃഷ്ടിക്കുവേണ്ടി സർക്കാരുകളിൽ ജനകീയ സമ്മർദ്ദം ചെലുത്തുക എന്നതാണ് അടിയന്തര രാഷ്ട്രീയ കടമ. തൊഴിലാളികളെ കൂട്ടത്തോടെ പിരിച്ചുവിടുന്ന, തൊഴിലാളികളുടെ എണ്ണം ഭീമമായി വെട്ടിക്കുറയ്ക്കുന്നതിനായി നിലവിലുള്ളവരെക്കൊണ്ട് 16 മണിക്കൂർ വരെ പണിയെടുപ്പിക്കുന്ന കോർപ്പറേറ്റുനയങ്ങൾക്കെതിരെയായിരിക്കണം, സ്വകാര്യവൽക്കരണത്തിന്റെയും നിയമനനിരോധനത്തിന്റെയും ഭരണകൂട നയങ്ങൾക്കെതിരെയായിരിക്കണം പോരാട്ടം. എല്ലാവർക്കും തൊഴിൽ, ഏവർക്കും വിദ്യാഭ്യാസമെന്ന ആവശ്യത്തിനായി ജനവികാരം ഒരുമിപ്പിക്കപ്പെടണം.

സാമൂഹ്യ പിന്നാക്കാവസ്ഥ ഉയർത്തുന്നതിലും സംവരണത്തിനു നിർവ്വഹിക്കാൻ കഴിയുന്ന പങ്ക് പരിമിതം മാത്രമാണ്. അതിനാലാണ് സംവരണത്തിന്റെ ഏഴു പതിറ്റാണ്ടു പിന്നിടുമ്പോഴും ദേശീയതലത്തിൽ സംവരണവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ ദയനീയമായ സ്ഥിതിയിൽ തുടരുന്നത്. സമൂഹത്തെ ആകെ സ്പർശിക്കുന്ന ഉദാത്തമായ ജനാധിപത്യവൽക്കരണത്തിലൂടെ മാത്രമേ എല്ലാ പൗരന്മാരും തുല്യപദവിയിലേക്ക് ഉയർത്തപ്പെടൂ. ഉൽകൃഷ്ടമായ ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ വിപുലമായ ജനാധിപത്യ അവകാശങ്ങൾക്കും ജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിനും വേണ്ടി സങ്കുചിതമായ എല്ലാ മനോഭാവങ്ങൾക്കും അതീതമായി ജനങ്ങൾ ഒരുമിക്കുമ്പോഴാണ് സമൂഹത്തിന്റെ സമഗ്രമായ ജനാധിപത്യവൽക്കരണത്തിനു വഴി തെളിയുക. അടിയുറച്ച ജനൈക്യത്തിലൂടെ മുതലാളിത്ത രാഷ്ട്രീയ ശക്തികളുടെ നീച ലക്ഷ്യങ്ങളെയും നയങ്ങളെയും പരാജയപ്പെടുത്താനായി പൊരുതുവാൻ നിർദ്ധനരും സാധാരണക്കാരുമായ ബഹുഭൂരിപക്ഷം ജനങ്ങളോടും അഭ്യർത്ഥിക്കുന്നു. ■

## വയനാട് വെടിവയ്പ്: യാഥാർത്ഥ്യം വെളിച്ചത്തുവരാൻ സത്യസന്ധമായ അന്വേഷണം നടത്തണം

**വ**യനാട് പടിഞ്ഞാറത്തറയ്ക്കു സമീപം വാളാരംകുന്നിൽ നവംബർ മൂന്നിന് രാവിലെ മാവോയിസ്റ്റ് എന്ന പേരിൽ ഒരാളെ വെടിവച്ചു കൊലപ്പെടുത്തിയ തണ്ടർബോൾട്ട് സേനയുടെ നടപടിയെ ശക്തമായി അപലപിക്കുന്നതായി എസ്‌യുസിഐ (കമ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടറി വി.വേണുഗോപാൽ ഒരു പ്രസ്താവനയിൽ അഭിപ്രായപ്പെട്ടു.

സംഭവത്തിന്റെ യാഥാർത്ഥ്യം പുറംലോകമറിയാൻ സത്യസന്ധമായ അന്വേഷണം നടത്തണം. മുൻ സംഭവങ്ങളുടെ വെളിച്ചത്തിൽ പോലീസ് അവതരിപ്പിക്കുന്ന ഏറ്റുമുട്ടൽ വ്യാഖ്യാനം അംഗീകരിക്കാൻ ഒരു കാരണവശാലും ആവില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവോയിസ്റ്റ് തീവ്രവാദികളെ നേരിടാനെന്ന പേരിൽ നടത്തിയ നാല് വെടിവയ്പുകളിലായി എട്ട് പേർ കൊലചെയ്യപ്പെട്ടു. ഈ വെടിവയ്പുകളെ സംബന്ധിച്ച് പോലീസ് നൽകിയിരുന്ന വിശദീകരണം വസ്തുതാവിരുദ്ധമാണെന്ന് പിന്നീട് പല തെളിവുകളും സ്ഥാപിക്കുകയു ണ്ടായി.

കഴിഞ്ഞ വർഷം വയനാട്ടിൽത്തന്നെ ലക്കിടിയിലെ റിസോർട്ടിൽ ജലീൽ എന്ന ചെറുപ്പക്കാരനെ വെടിവച്ചുകൊന്ന ഇതേ പോലീസ് സേന അന്നും പറഞ്ഞത് ഏറ്റുമുട്ടലിൽ മരണപ്പെട്ടുവെന്നാണ്. എന്നാൽ ഇപ്പോൾ പുറത്തുവന്നിട്ടുള്ള ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ പോലീസിന്റെ ഏറ്റുമുട്ടൽ കഥയെ പാടേ തള്ളിയിരിക്കുകയാണ്. ഇപ്പോൾ പടിഞ്ഞാറത്തറയിലെ വെടിവയ്പിനെ സംബന്ധിച്ചും ഏറ്റുമുട്ടൽ ന്യായം പോലീസ് ആവർത്തിക്കുകയാണ്. സംഭവസ്ഥലത്തേക്കു തിരിച്ച മാധ്യമപ്രവർത്തകരെ രണ്ടു കിലോമീറ്റർ അകലെ വച്ച് പോലീസ് തടയുകയുണ്ടായി. പോലീസിന്റെ വിശദീകരണം ഗുരുതരമായ സംശയത്തിന്റെ മറയ്ക്കുള്ളിലാണ്. ജനങ്ങൾക്ക് യാഥാർത്ഥ്യമറിയാൻ അവകാശമുണ്ടെന്നതിനാൽ സത്യം പുറത്തുവന്നേ മതിയാകൂ.

ഒരിടതു സർക്കാരിൽ നിന്നും ഒരു കാരണവശാലും ഉണ്ടാകാൻപാടില്ലാത്ത കാര്യങ്ങളാണ് കേരളത്തിലെ പോലീസ് സേനയിൽ നിന്നും ആവർത്തിക്കപ്പെടുന്നത്. അലനെയും താഹയെയും യുഎപിഎ ചുമത്തി തുറുങ്കിലടച്ച പോലീസിന്റെ വ്യാഖ്യാനങ്ങളെ അതേപടി ആവർത്തിച്ച് പോലീസിനെ പിന്തുണച്ച മുഖ്യമന്ത്രിയും കൂട്ടരും യഥാർത്ഥത്തിൽ മോദിയുടെ ഭരണകൂടഭീകരതയ്ക്കുന്യായംസൃഷ്ടിക്കുകയാണ്.

ബിജെപിയുടെ സംസ്ഥാന നേതൃത്വത്തിന്റെ ലജ്ജാകരമായ പിന്തുണ ഏറ്റുമുട്ടൽ കൊലപാതകങ്ങൾക്ക് ലഭിച്ചത് ഇക്കാരണത്താലാണ്. അലനും താഹയ്ക്കും ജാമ്യം നൽകിക്കൊണ്ട് കോടതി നടത്തിയ നിരീക്ഷണങ്ങൾ സംസ്ഥാനഭരണത്തെ നയിക്കുന്നവർ ഗൗനിക്കാൻ പോലും തയ്യാറായിട്ടില്ല എന്നാണ് അതിനുശേഷവും പോലീസിന്റെ ഭാഗത്തു നിന്നുള്ള നടപടികൾ വ്യക്തമാക്കുന്നത്. ജനാധിപത്യധ്വംസനങ്ങൾക്കെതിരെയും പൗരാവകാശവേട്ടയ്ക്കതിരെയുമുള്ള രാജ്യമെമ്പാടും നടക്കുന്ന പോരാട്ടത്തെ ദുർബ്ബലപ്പെടുത്തുന്ന നടപടികളിൽ നിന്നു സർക്കാർ പിന്തിരിയണമെന്ന് വി. വേണുഗോപാൽ ആവശ്യപ്പെട്ടു. ■



സഖാവ് എസ്. രാധാമണി ഇരവിപേരൂരിൽ പ്രസംഗിക്കുന്നു

## കെ റയിൽ പദ്ധതിക്കെതിരെ അനിശ്ചിതകാല സത്യാഗ്രഹം

**പ**രിസ്ഥിതിയെ തകർക്കുന്ന പതിനായിരങ്ങളെ കുടിയൊഴിപ്പിക്കുന്ന കെറയിൽ പദ്ധതിക്കെതിരെ കേരളത്തിൽ ഉയർന്നു വരുന്ന പ്രതിഷേധ സമരങ്ങളുടെ ഭാഗമായി സാംസ്കാരികപൈതൃക സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ തിരുവല്ല ഇരവിപേരൂരിൽ അനിശ്ചിത കാല സത്യാഗ്രഹസമരം ആരംഭിച്ചു. ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്തു. പ്രമുഖപരിസ്ഥിതി പ്രവർത്തകൻ സി.ആർ നീലകണ്ഠൻ മുഖ്യപ്രഭാഷണം നടത്തി. ആദ്യദിന സത്യാഗ്രഹികളായി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, കേരള കോൺഗ്രസ് സംസ്ഥാന നേതാവ് റോയി ചാണ്ടപ്പിള്ള, ബിജെപി ഇരവിപേരൂർ പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് കെ.എസ്.ശങ്കരപ്പിള്ള, സാംസ്കാരിക പൈതൃക സംരക്ഷണ സമിതി പ്രസിഡന്റ് വി.എം. ജോസഫ്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി എസ്.രാജീവൻ എന്നിവർ പങ്കെടുത്തു. മുൻ എംഎൽഎ ജോസഫ് എം. പുതുശേരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, യുഡിഎഫ് ചെയർമാൻ വിക്ടർ ടി.തോമസ്, എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി എസ്. രാധാമണി, എസ്എൻഡിപി യൂണിയൻ സെക്രട്ടറി അനിൽ എസ് ഉഴത്തിൽ, എം.കെ രഘുനാഥൻ നായർ, അനീഷ് വി. ചെറിയാൻ. അഡ്വ.എസ്.വിജയകുമാർ, സമിതി നേതാക്കളായ പി.എസ്.വിജയൻ പ്രമോദ് തിരുവല്ല, അരുൺ ബാബു അമ്പാടി, ഷിനു ചെറിയാൻ ഇരവിപേരൂർ തുടങ്ങിയവർ സംസാരിച്ചു. ■

Edited & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum – 695 035. Ph: 0471–2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).